KNANAYADEEPAM

# ക്നാനായദീപം

Vol: 34 / Issue: 10 October 2023 ₹:10/-





# 1st Death Anniversary

28-10-2023

## T.C. Chacko

(Chackochen)

Koithra, Kurichy

*"I have fought the good fight, I have finished the race, I have kept the faith"*

2 Timothy 4:7

# 3rd Death Anniversary

16-10-2023

## P.S. Abraham

(Kunjumon)

Puthenveetil, Chingavanam

*"I am the resurrection and the life. He who believes in me will live, even though he dies"*

John 11:25



Advt -G

# ക്നാനായ ദീപം

2023 ഒക്ടോബർ പുസ്തകം 34 ലക്കം 10

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

ക്നാനായ സമുദായം ചരിത്രവഴികളിലൂടെ 09
പ്രൊഫ. പി.കെ. സ്കറിയ കുന്നത്തിൽ

ആശ്വാസവും അഭിമാനവുമുള്ള വാർദ്ധക്യം 15
സുനിൽ ഡി. കുരുവിള

ചില സത്യങ്ങൾ അറിഞ്ഞിടുക 16
ജയ്നമ്മ മർക്കോസ് നടുവിലേപറമ്പിൽ

കാഴ്ച മറയ്ക്കുന്ന മതിലുകൾ 17
റ്റി.കെ. തോമസ് തൈക്കുറിഞ്ഞിയിൽ

ഭൂമിയുടെ ന്യായാധിപതിയേ... 18
അമ്മാൾരാജൻ പുളിമൂട്ടിൽ

അരങ്ങിനപ്പുറത്തെ അണിയറ... 19
റ്റി.എം. തോമസ് കൊച്ചുപുരയ്ക്കൽ

അടിമ പെൺകുട്ടി 20
ഷീജ ചാക്കോ കൈപ്പകശ്ശേരിൽ

മല്ലനെ തോൽപ്പിക്കാൻ... 21
സീമ ഷിന്റോ കന്നിയേൽ

ഏവൻഗേലിയോൻ ദീപം 22
അഖിൽ മനോജ് പുന്നുച്ചേരിൽ

എന്റെ രക്ഷകൻ 23
ഏലിക്കുട്ടി തോമസ് കുന്നേൽപ്പറമ്പിൽ

24 ഇരുവായ്ത്തലവാൾ
കൊച്ചുമോൻ പള്ളിക്കപ്പറമ്പിൽ

26 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്

39 മാതൃകാ കുടുംബജീവിതം
ഫാ. ഡോ. ജയിംസ് തോടത്തിൽ

41 ശ്രാദ്ധപ്പെരുന്നാൾ

41 നീ ഒന്നുമല്ല
പുളിങ്കുന്ന് ലൂക്കാ

42 പൂജ്യം
ഡോ. ഐബി ജോസ് കിഴക്കേടത്ത്, റാന്നി

45 കാൽപ്പാടുകൾ
എബി

46 മാട്രിമോണിയൽ


**SCAN & PAY**

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യുആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

**ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം**

**മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.**


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Jacob Thomas Mattackattu
(Acting Trustee)

T. O. Abraham Thottathil
(Samudaya Secretary)


Visit www.
knanayadeepam.in


**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com



**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176, 0481-2961213
Mob. 85475 84440
**9447563240**
E-mail:
**kna.deepam@gmail.com**



**ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക**




ക്നാനായ ദീപത്തിന്റെ മാന്യ വായനക്കാർക്ക് ക്രിസ്തുയേശുവിന്റെ നാമത്തിലുള്ള സ്നേഹവന്ദനങ്ങൾ.

കർത്താവിൽ പ്രിയരെ,

ലോകത്തിന് അനുരൂപരായി ദൈവശക്തിയും കൃപയും നഷ്ടമാക്കരുത്. എളിയ ജീവിതവും ഉന്നതമായ ലക്ഷ്യവും എന്ന ആശയത്തിന് ഇന്ന് ആരും വില കല്പിക്കുന്നില്ല. ഒരു കാലത്ത് ക്രിസ്തീയ പ്രവർത്തകരും ക്രിസ്ത്യാനികളും ത്യാഗത്തോടെ പ്രവർത്തിച്ചിരുന്നു. ഈ കാഴ്ചപ്പാട് മാറി സുഖലോലുപ ജീവിതത്തിലേക്ക് പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ദൈവികബന്ധത്തിൽ വചനാടിസ്ഥാനത്തിൽ ജീവിക്കാനും പ്രവർത്തിക്കാനും വിശ്വാസികൾക്കും അവരെ വഴി നടത്തുന്ന ഇടയന്മാർക്കും കഴിയണം.

വിദ്യാഭ്യാസ മേഖലയിൽ നടമാടുന്ന കലുഷിതമായ പ്രവൃത്തികൾ എത്ര യുവാക്കളുടെ ജീവനും ഭാവിക്കും ഭീഷണിയായി തീരുന്നത് ലോകത്തിലെ സാമൂഹ്യ വിരുദ്ധരുടെയും ഭീകരവാദികളുടെയും പ്രവർത്തനങ്ങളേയും സ്വഭാവങ്ങളേയും അനുകരിക്കുന്നതുകൊണ്ട് സംഭവിക്കുന്ന കാര്യങ്ങളാണ്. ഈ ലോകം പിശാചിന്റെ അധീനതയിലാണ് എന്ന് ഓർത്തു വേണം ഈ ലോകത്തിലെ ഓരോന്നിലും ബന്ധപ്പെടാനും പ്രവൃത്തിക്കാനും തുടങ്ങേണ്ടത്. സ്നേഹം കൂടി പെൺകുട്ടികളെ വശീകരിച്ച് നശിപ്പിക്കുകയോ വിൽക്കുകയോ ചെയ്യുന്ന ഇത്തരം ചതിക്കുഴികളെക്കുറിച്ചുള്ള തിരിച്ചറിവില്ലാതെ എത്രയോ പേർ നശിക്കുന്നുവെന്ന് വാർത്തകളിലൂടെ മനസ്സിലാക്കാൻ കഴിയുന്നുണ്ട്. ലോകപ്രകാരമുള്ള ചിന്താഗതിയിൽ ലഹരി ഒരു പ്രധാന നീരാളിയാണ്. കോടിക്കണക്കിന് രൂപ വിലവരുന്ന ലഹരി സാധനങ്ങൾ കസ്റ്റംസ്കാരും എക്സൈസും പിടികൂടുന്നു എന്നു കേൾക്കുമ്പോൾ ലഹരി മാഫിയ എത്ര ശക്തമെന്ന് ചിന്തിക്കേണ്ടതുണ്ട്.

ന്യൂജൻ (പുതിയ തലമുറക്കാർ) അവർക്ക് പുതുമ നിറഞ്ഞ കാര്യങ്ങൾ ചെയ്യാൻ കഴിയുന്നത് നല്ലൊരു കാര്യമാണ്. അത് സ്വന്തജീവനും നാശം വരുത്തുന്നതായാൽ അത് അനുകരിക്കുന്നത് അപകടമെന്ന് മനസ്സിലാക്കാനുള്ള വിവേചന ശക്തി ആവശ്യമാണ്. മാതാപിതാക്കളുടെയും ഗുരുജനങ്ങളുടെയും ദൈവിക ശുശ്രൂഷകരുടെയും വാക്കുകൾ ജീവിതത്തിന്റെ പ്രയത്നങ്ങളായി മുറുകെപ്പിടിച്ച് ജീവിക്കുന്നത് വിജയകരവും അനുഗ്രഹകരവുമായ ജീവിതത്തിൽ അനിവാര്യമാണ്. ന്യൂജെൻ ബൈക്കുകളിൽ പാച്ചിൽ നടത്തി കാലയവനികക്കുള്ളിൽ പോകുന്നതുകൊണ്ട് എന്തു പ്രയോജനം. അത് മിടുക്കും സാമർത്ഥ്യവുമല്ല, മൂഢ്യവും ബലഹീനതയുമാണെന്ന് മനസ്സിലാക്കുക. ജീവന്റെ വിലയും ജീവിതവും ഒരേ ആയുസ്സും കണക്കിലെടുത്താൽ ലോകത്തോട് അനുരൂപരാകാതെ ദൈവീക ബന്ധത്തിലുള്ള ഒരു ജീവിതം ആരംഭിക്കുവാൻ കഴിയും (റോമർ 12:2).

യിസ്രായേൽ മുഴുവനും പുരോഹിത വർഗ്ഗമായിരിപ്പാൻ ദൈവം ആഗ്രഹിച്ചു (പുറ.19:6). ഒരു ഗോത്രമെന്ന നിലയിൽ ലേവി ഗോത്രത്തെ പുരോഹിത ശുശ്രൂഷക്കുവേണ്ടി വേർതിരിച്ചത് സീനായിങ്കൽ വച്ചാണ് (സഖ്യ. 3:5-12). എന്നാൽ അതിനുമുമ്പും പുരോഹിതന്മാരുണ്ടായിരുന്നു (പുറ.19:22-24). ആദ്യജാതന്മാർ ശുശ്രൂഷ ചെയ്തുവന്നു. യിസ്രായേലിന് പൊതുവായുണ്ടായിരുന്ന പുരോഹിത ശുശ്രൂഷ ലേവി ഗോത്രത്തിനുമാത്രമായി നിജപ്പെടുത്തുവാൻ കാരണം എന്ത്? മോശ സീനായി പർവ്വതത്തിൽനിന്ന് ഇറങ്ങിവരുമ്പോൾ ജനം വിഗ്രഹാരാധികളായി കാളക്കുട്ടിയെ വാർത്തുണ്ടാക്കി ആരാധിക്കുന്നു. ദൈവത്തിന് അറപ്പും വെറുപ്പുമുള്ള പാപമാണ വിഗ്രഹാരാധന. വിഗ്രഹം ഉണ്ടാക്കരുത്. മേൽ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമയോ സാദൃശ്യമോ അരുത്. അവയെ നമസ്ക്കരിക്കരുത്; നിന്റെ ദൈവം തീക്ഷ്ണതയുള്ള ദൈവം ആകുന്നു എന്ന കല്പന (പുറ.20:4-5) എഴുതിയ കല്പലകകൾ മോശയുടെ കൈയ്യിൽ ഉണ്ടായിരുന്നു. കല്പന ലംഘനം കാണേണ്ടിവന്ന മോശ പാളയത്തിന്റെ വാതുക്കൽ നിന്നുകൊണ്ട് യഹോവയുടെ പക്ഷത്തുള്ളവൻ എന്റെ അടുക്കൽ വരട്ടെ എന്ന് ആഹ്വാനം ചെയ്തു. മോശയുടെ വാക്കുകേട്ട് ലേവി ഗോത്രം വിഗ്രഹാരാധികളെ സംഹരിപ്പാൻ മുമ്പോട്ടു വന്നു (പുറ.32:26-29). തന്നിമിത്തം ലേവി ഗോത്രത്തെ പൗരോഹിത്യത്തിലേക്ക് ദൈവം വേർതിരിച്ചു. മുഖം നോക്കാതെ പാപത്തോടു പോരാടിയതിനാൽ പൗരോഹിത്യം സ്ഥിരപ്പെട്ടു (സംഖ്യ. 25:113). യഹോവയ്ക്ക് ശുശ്രൂഷ ചെയ്കയും നിയമപെട്ടകം വഹിക്കുകയും ചെയ്തു. മത്താ. 26:6 ൽ മഹാപുരോഹിതൻ വസ്ത്രം കീറിയതു നിമിത്തം ലേവി പൗരോഹിത്യം അവസാനിച്ചിടത്ത് പുതിയ നിയമ പൗരോഹിത്യം ആരംഭിച്ചു. യേശു എന്നേയ്ക്കുമുള്ള മഹാപുരോഹിതനായി. ക്രിസ്തു മല്ക്കിസദേക്കിന്റെ ക്രമപ്രകാരമുള്ള മഹാപുരോഹിതനായി. ആ പൗരോഹിത്യം ഇന്ന് ദൈവംവിളിച്ച് വേർതിരിച്ച് നിയമിച്ച ശുശ്രൂഷകരായ പുരോഹിതന്മാർക്ക് ലഭിച്ചു. ദൈവത്തിന്റെ വേല ചെയ്യുവാൻ പരിശുദ്ധാത്മാവ് നിന്നെ വിളിക്കുന്നു എന്നു പറഞ്ഞുകൊണ്ട് പരിശുദ്ധാത്മാവിന്റെ ശക്തി നൽകുന്ന പുരോഹിതന്മാർ പരിശുദ്ധാത്മാവിന്റെ പ്രവൃത്തികൾ ചെയ്യണം. എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്ന് പറഞ്ഞു (അപ്പോ. 1:8). പരിശുദ്ധാത്മാവ് നിറഞ്ഞപ്പോൾ പത്രോസ് പ്രസംഗിച്ചു. 3000 പേർ മാനസാന്തരപ്പെട്ടു. സഭയോട് ചേർന്നു. ദൈവത്തിന്റെ സഭയിലെ ഇടയന്മാർ, ശുശ്രൂഷകന്മാർ, സുവിശേഷ വേലക്കാർ ഈ അനുഭവത്തിലേക്ക് തിരിച്ചു വരേണ്ടതാണ് ഇന്നിന്റെ ആവശ്യം.

പഠിപ്പില്ലാത്തവരും സാമാന്യരുമായ മനുഷ്യർ. എന്നാൽ പരിശുദ്ധാത്മാവ് നിറഞ്ഞവർ, ധൈര്യം ഉള്ളവർ, യേശുവിനോടുകൂടെ ആയിരുന്നവർ, വചനം മാത്രം പ്രസംഗിക്കുന്നവർ. ആയിരക്കണക്കിനാളുകൾ മാനസാന്തരപ്പെട്ടു. എന്നാൽ ഇന്ന് മനുഷ്യജ്ഞാനം, ലോകത്തിന്റെ ജ്ഞാനം, പ്രഭുക്കന്മാരുടെ ജ്ഞാനം, മനുഷ്യരോട് പഠിച്ചും മനുഷ്യരോട് പ്രാപിച്ചും വശീകരണവാക്കുകൾ, കെട്ടുകഥകൾ, ഹൈന്ദവ പുരാണത്തിലെ കിഴവിക്കഥകൾ മുതലായവ ലജ്ജകൂടാതെ സുവിശേഷം പ്രസംഗിക്കുന്ന വിശുദ്ധ പീഠത്തിൽനിന്നുകൊണ്ട് ആരാധനയുടെ മദ്ധ്യത്തിൽ വിളിച്ചുകൂവുന്ന

*(ശേഷം പേജ് 8-ൽ)*

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



പ്രിയരെ,

ക്നാനായ സമുദായത്തെ 52 വർഷം ശുശ്രൂഷിച്ച് ദൈവ സന്നിധിയിലേയ്ക്ക് വാങ്ങിപ്പോയ കിഴക്കിന്റെ വലിയമെത്രാപ്പോലീത്ത കൂബർ നീത്തി ഹാക്കീമോ പുണ്യശ്ലോകനായ ഏബ്രഹാം മോർ ക്ലീമ്മീസ് മെത്രാപ്പോലീത്തായുടെ 21–ാമത് ശ്രാദ്ധപ്പെരുന്നാൾ വളരെ ശ്രേഷ്ഠമായ രീതിയിൽ ആചരിക്കുവാൻ സാധിച്ചു. അഭി. പിതാവ് കബറടങ്ങിയിരിക്കുന്ന ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളിയുടെ നേതൃത്വത്തിൽ പുണ്യ പിതാവിനെ സ്മരിക്കുവാനും, പ്രാർത്ഥിക്കുവാനും ഇടയായി. ലോകത്തെമ്പാടുമുള്ള ക്നാനായ മക്കൾ ആയിരിക്കുന്ന ഇടത്ത് പുണ്യപിതാവിന് വേണ്ടി ധൂപ പ്രാർത്ഥന അർപ്പിക്കുവാനും സാധിച്ചു. ഇതിനെല്ലാം നേതൃത്വം നൽകിയ ചിങ്ങവനം ദയറാപള്ളി വികാരി, ട്രസ്റ്റി, സെക്രട്ടറി, കമ്മിറ്റി അംഗങ്ങൾ, ശ്രാദ്ധപ്പെരുന്നാൾ കമ്മിറ്റി കൺവീനർ, ഉൾപ്പെടെ വിശ്വാസ സമൂഹത്തെ മുക്തകണ്ഠം പ്രശംസിക്കട്ടെ. നമ്മെ നയിച്ച പിതാക്കൻമാരെ സ്മരിക്കുമ്പോൾ അവരുടെ നല്ല മാതൃകകൾ സ്വീകരിക്കുവാനും, അവ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കാനും നമുക്ക് സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഓസ്ട്രേലിയ-ന്യൂസിലാന്റ് ക്നാനായ സംഗമം സെപ്തംബർ 29, 30 ഒക്ടോബർ 1 എന്നീ തീയതികളിൽ ഓസ്ട്രേലിയായിലെ മെൽബണിൽ നടന്നതിൽ പങ്കാളിയാകാനും അതിന്റെ മുഖ്യ അതിഥിയാകാനും സാധിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. നമ്മുടെ അനേക വ്യക്തികളും കുടുംബങ്ങളും യു.കെ., യൂറോപ്പ്, ഓസ്ട്രേലിയ, ന്യൂസിലാന്റ് മുതലായ സ്ഥലങ്ങളിലേയ്ക്ക് കുടിയേറിക്കൊണ്ടിരിക്കുകയാണല്ലോ. അവർ എവിടെ ആയിരുന്നാലും ക്നാനായ തനിമ നിലനിർത്തുവാൻ ശ്രമിക്കുന്നു എന്നതാണ് ഇത്തരം കൂട്ടായ്മകളുടെ സാംഗത്യം. തലമുറകളെ, ക്നാനായ തനിമ ആഘോഷിക്കുന്ന, അതിൽ അഭിമാനിക്കുന്നവരായി മാറ്റേണ്ടത് വളരെ അത്യാവശ്യമാണ്. ഈ സംഗമം അതിനുള്ള മുഖാന്തിരമായിത്തീർന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. ഈ കൂട്ടായ്മയിൽ പങ്കെടുത്ത എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു. ഇതിന് നേതൃത്വം നൽകിയ മെൽബൺ ക്നാനായ ഇടവക വികാരി, ട്രസ്റ്റി, സെക്രട്ടറി, കമ്മിറ്റി അംഗങ്ങൾ, കൺവീനേഴ്സ്, സംഗമത്തിനു വേണ്ടി പ്രവർത്തിച്ച വനിതാസമാജം, യൂത്ത് അസ്സോസിയേഷൻ, അംഗങ്ങൾ, സൺഡേസ്കൂൾ പ്രവർത്തകർ, അസ്സോസിയേഷൻ അംഗങ്ങൾ എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു. ഇടവകകളിൽ നിന്നും കടന്നു വന്ന് ഈ സംഗമം അനുഗ്രഹമാക്കി ഇതിനു നേതൃത്വം നൽകിയ ബഹു. വൈദികർ, ഇടവക അംഗങ്ങൾ എല്ലാം ഇതിന്റെ വിജയത്തിനുവേണ്ടി പ്രവർത്തിച്ചുവല്ലോ. എല്ലാവരുടെയും പ്രവർത്തനത്തെ ശ്ലാഘിക്കുന്നു. ഇതിലൂടെ രൂപപ്പെട്ട ഐക്യവും, കൂട്ടായ്മയും എന്നും നിലനിൽക്കുവാൻ ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. തുടർന്നും കാലാകാലങ്ങളിൽ ഇത്തരം സംഗമങ്ങൾ നടത്തപ്പെടുവാനും ഇടയാകട്ടെയെന്ന് ആശംസിക്കുന്നു.

ഈ വർഷത്തെ കൂദോശ് ഈത്തോ ദിനം നവംബർ 5ന് ആണല്ലോ ആചരിക്കുന്നത്. സഭയുടെ വിശുദ്ധീകരണ ദിനത്തിൽ സഭാമക്കളായ നാം എല്ലാവരും വിശുദ്ധീകരിക്കപ്പെടുവാൻ ഇടയാകണം. വിശുദ്ധീകരിക്കപ്പെട്ട ഒരു കൂട്ടമായി ത്തീരുവാൻ ഈ ദിനത്തിന്റെ ആചരണം ഇയാകട്ടെ. അന്നേ ദിവസം സണ്ടേസ്കൂൾ ദിനവുമായി നാം ആചരിക്കുന്നുണ്ടല്ലോ. സണ്ടേസ്കൂളിനുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണം. സണ്ടേസ്കൂൾ അദ്ധ്യാപകരും, കുട്ടികളും ഉൾപ്പെടെ എല്ലാ പ്രവർത്തകരെയും ദൈവം അനുഗ്രഹിക്കുവാനും, അതിലൂടെ സണ്ടേസ്കൂൾ പ്രവർത്തനം ഏറ്റവും കാര്യക്ഷമമായി നടത്തുവാനും ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഒക്ടോബർ 2 ഗാന്ധി ജയന്തി ദിനമായിരുന്നുവല്ലോ. ഭാരതത്തിന് മാത്രമല്ല ലോകത്തിനാകമാനം ഒരു പുതിയ ദിശാബോധവും, മാതൃകയും അവശേഷിപ്പിച്ചതിൽ മഹാത്മാ ഗാന്ധിയുടെ പങ്ക് ശ്രേഷ്ഠമാണ്. ആ ലാളിത്വവും, പാവപ്പെട്ടവരോടുള്ള ഐക്യദാർഢ്യവുമെല്ലാം എന്നും മാതൃകയാണ്. വിദ്വേഷത്തിന്റെ മാർഗ്ഗമല്ല മഹാത്മാവ് കാണിച്ചു തരുന്നത്, സമാധാനത്തിന്റെ മാർഗ്ഗമായിരുന്നുവല്ലോ. അത് നമ്മെയും നയിക്കുവാൻ ഇടയാക്കട്ടെ. നമ്മുടെ ജീവിതയാത്രയിലും പലപ്പോഴും വ്യത്യസ്തങ്ങളായ സാഹചര്യങ്ങളിലൂടെ യാത്ര ചെയ്യുമ്പോൾ സമാധാനത്തിന്റെ മാർഗ്ഗം തെരെഞ്ഞെടുക്കുവാൻ നമുക്കിടയാകട്ടെ. ഗാന്ധിജിയുടെ ജീവിത സന്ദേശം നമ്മെ നയിക്കുവാൻ ഇടയാകട്ടെ.

ഒക്ടോബർ 16 ലോകഭക്ഷ്യദിനമായി ആചരിക്കുന്നുവല്ലോ. ഈ ദിനാചരണത്തിലൂടെ ഉദ്ദേശിക്കപ്പെടുന്നത് ഭക്ഷ്യ

*(ശേഷം പേജ് 8-ൽ)*

# സമുദായ വാർത്തകൾ



 റ്റി.ഒ. എബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ടവരെ,

ക്നാനായ അസ്സോസിയേഷൻ അഭി.സമുദായ മെത്രാപ്പോലീത്തായുടെ കല്പന അനുസരിച്ച് ഒക്ടോബർ 8-ാം തീയതി സമുദായത്തിലെ എല്ലാ ദൈവാലയങ്ങളിലും കൂടുന്നതിനെതിരെ ഈര പള്ളിയിലെ അസ്സോസിയേഷൻ അംഗമായ അനീഷ് കൈയ്യത്രയും, ചെങ്ങളം പള്ളിയിലെ ബിനോയി ഉതുപ്പാൻ എന്നയാളും കൂടി കോട്ടയം കോടതിയിൽ ഒരു കേസ് കൊടുത്തു.

വിദേശ ക്നാനായ സമുദായ അംഗങ്ങൾക്ക് വോട്ടവകാശം നിഷേധിച്ചുകൊണ്ട് കോട്ടയം കോടതിയിൽ ഒരു സൂട്ടും, ഒരു ഇഞ്ചക്ഷൻ പെറ്റീഷനും, ഒരു കമ്മീഷൻ പെറ്റീഷനും തുടങ്ങി കേസ് നമ്പർ OS 453/2023 നമ്പർ കേസ് ഒരു കേസ് അല്ല, നാല് കേസ് എന്ന് വേണമെങ്കിൽ പറയാം. ഒരു മെയിൻ കേസും മൂന്ന് IA യുമാണ് ഇത്. വർഷങ്ങൾ നടത്തിയാലും തീരുന്ന കേസുകൾ അല്ല. മെയിൻ കേസിൽ പറഞ്ഞിരിക്കുന്നത് കോടതി അനുവദിച്ചു തരേണ്ടത് 12 കാര്യങ്ങളാണ്.

IA No. 1 ൽ ആവശ്യപ്പെട്ടിരിക്കുന്നത് നാലു കാര്യങ്ങൾ

IA No. 2 ൽ 5 ആവശ്യങ്ങൾ ആണ്.

IA No. 3 ൽ 18 ആവശ്യങ്ങൾ ആണ്.

രണ്ടു വാദികളും, ക്നാനായ അസ്സോസിയേഷൻ, സമുദായ മെത്രാപ്പോലീത്ത, ട്രസ്റ്റി, സെക്രട്ടറി, വൈദിക ട്രസ്റ്റി, ഭദ്രാസന സെക്രട്ടറി, വികാരി ജനറാൾ തുടങ്ങിയവർ പ്രതികളുമായി കൊടുത്തിരിക്കുന്ന ഈ കേസ് കാര്യങ്ങൾ കാര്യകാരണ സഹിതം വാദികളുടെ വക്കീലന്മാരും പ്രതികളുടെ വക്കീലന്മാരും ഇത്രയും കേസ് നടത്തി ഇതിനൊരു വിധി വരണം എങ്കിൽ വർഷങ്ങൾ എടുക്കും. ലക്ഷക്കണക്കിന് രൂപാ സമുദായത്തിന് നഷ്ടമാകും. ഈ സമുദായത്തിന് സുപ്രീം കോടതി അംഗീകരിച്ച ഭരണഘടനയുണ്ട്. ആ ഭരണഘടനയിൽ ഇല്ലാത്ത കാര്യങ്ങളാണ് ഇവരുടെ ആവശ്യം. ഈ ആവശ്യങ്ങൾ കോടതി കമ്മീഷനെ നിയോഗിച്ച് ഓരോ ദൈവാലയത്തിലെയും അവരുടെ പൊതുയോഗ രജിസ്റ്റർ തൊട്ട് അവിടുന്ന് പിരിഞ്ഞു പോയവരുടെയും അവിടെ ഉണ്ടായിരുന്നവരുടെയും ഇനിയും എത്ര പേർ ആ ദൈവാലയത്തിൽ അവശേഷിക്കുന്നു, വിദേശ പള്ളികളിൽ അവർ ഉണ്ടോ, ഇപ്പോൾ അവർ കൂടി നടക്കുന്ന ദൈവാലയത്തിൽ അവരുടെ പേരുണ്ടോ, അതിവിടെയുണ്ടോ ഇങ്ങനെയുള്ള കാര്യങ്ങളാണ് ആവശ്യപ്പെട്ടിരിക്കുന്നത്. 2003 മുതൽ ഭരണഘടന അനുസരിച്ച് 2018 വരെയും യാതൊരു പ്രതിസന്ധിയും ഇല്ലാതെ സുഖമായി ക്നാനായ അസ്സോസിയേഷനിലേക്ക് ഇലക്ഷൻ നടന്നു. ഒരു കേസും അന്ന് ആരും ഈ കാര്യത്തിന് കൊടുത്തില്ല. 2023 ൽ അസ്സോസിയേഷൻ ഇലക്ഷൻ വന്നപ്പോൾ ഭരണഘടനയിൽപ്പോലും ഇല്ലാത്ത കുറെ ആവശ്യങ്ങളുമായി കോടതി കയറിയിരിക്കുന്നു. അസ്സോസിയേഷൻ ഒരിക്കലും നടത്താതെ ഇരിക്കുന്നതിനും സമുദായത്തിന്റെ പണം മുഴുവൻ വക്കീലന്മാർക്ക് കൊടുക്കുന്നതിനും ഒരു ഭാരിച്ച ജോലി സമുദായ നേതൃത്വത്തെക്കൊണ്ട് ചെയ്യിക്കുന്നതിനും വേണ്ടി ചിലർ കച്ചകെട്ടി ഇറങ്ങിയിരിക്കുകയാണ്.

ക്നാനായ ഭരണഘടന സംരക്ഷിക്കുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം ക്നാനായ കമ്മിറ്റിക്കാണ്. പ്രത്യേകിച്ച് സമുദായ സെക്രട്ടറിക്ക് അതിനെക്കുറിച്ച് മുൻ സെക്രട്ടറി ഏലിയാസ് സക്കറിയുടെ ഒരു പ്രസംഗം ഒരിക്കൽ നമ്മൾ ശ്രവിച്ചതാണ്. ഉണ്ണുമ്പോഴും ഉറങ്ങുമ്പോഴും ഭരണഘടന തലയിണയുടെ അടിയിൽ വച്ചിരിക്കണമെന്ന് ക്ലീമ്മീസ് തിരുമേനി അദ്ദേഹത്തെ ഉപദേശിച്ചു എന്നും മറ്റുമാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഉള്ളത്. ആയതിലേയ്ക്ക് ഞാനിപ്പോൾ കടക്കുന്നില്ല.

വിദേശ ക്നാനായക്കാരുടെ പണം സമുദായത്തിന് ആവശ്യമാണ്. മെത്രാന്മാർ ഉൾപ്പെടെ എല്ലാവരും വിദേശങ്ങളിൽ പോയി അവിടുന്ന് പണം പിരിച്ചെടുക്കും. എന്നാൽ അവർക്ക് ക്നാനായ സമുദായത്തിന്റെ ഒരു അസ്സോസിയേഷൻ മെമ്പർ ആകുവാൻ അവകാശം ഇല്ല. ഇതാണ് കേസ്.

ബഹറിനിലുള്ള ബാബു പട്ടുകാലായിൽ അതുപോലെ ഹാഡ് ഫോർഡ്പള്ളിയിൽ നിന്നും, ഹൂസ്റ്റൻ സെന്റ് ജയിംസ് പള്ളിയിൽ നിന്നും സേവേറിയോസ് ഹൗസിംഗ് പ്രോജക്ടിന് ഓരോ വീടുകൾ പണിതു തരുന്നതിനുള്ള ചെലവ് വഹിക്കാമെന്ന് അവർ വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. എന്നാൽ അവർക്ക് സമുദായ അംഗത്വം നിഷേധിക്കുന്നു. നമ്മൾ യഹൂദ നസ്രാണികളാണ്, യഹൂദന്മാരുടെ സ്വഭാവം നമുക്ക് ഉണ്ടാകും എന്നത് സ്വാഭാവികമാണ്. ലോകത്തിന്റെ എല്ലാ ഭാഗങ്ങളും യഹൂദന്മാർ ഉണ്ട്. അമേരിക്കയുടെ ശാസ്ത്രലോകം കൈകാര്യം ചെയ്യുന്നത് യഹൂദന്മാരാണ്. അതു

പോലെ റഷ്യ തുടങ്ങിയവ എല്ലാം. ലോകത്തിലെ ഏറ്റവും വലിയ ബുദ്ധിമാന്മാരാണ് യഹൂദന്മാർ, ലോകം നിയന്ത്രിക്കുന്നത് അവരാണ് എന്ന് വേണമെങ്കിൽ പറയാം. അവരുടെ പാരമ്പര്യം ഉള്ള യഹൂദ നസ്രാണികളായ ക്നാനായക്കാർ അവരുടെ ജീവിതം നല്ല രീതിയിൽ മെച്ചപ്പെടുത്തുന്നതിന് ആഗ്രഹിക്കുന്നവരാണ്. കൂടുതൽ ജീവിത സൗകര്യങ്ങൾക്കുവേണ്ടി അവർ ലോകത്തിലെ വിവിധ രാജ്യങ്ങളിൽ കുടിയേറുന്നതും സ്വാഭാവികം. അത് അവരുടെ പാരമ്പര്യത്തിന്റെ ഭാഗമാണ്. നമ്മൾ മലങ്കരയിലെത്തിയതും ആ പാരമ്പര്യത്തിന്റെ ഭാഗമായിട്ടാണ്. അങ്ങനെ ജീവിതം മെച്ചപ്പെടുത്തുന്നതിനു വേണ്ടി വിദേശത്ത് പോകുന്ന നമ്മുടെ സഹോദരങ്ങൾക്ക് നീതി നിഷേധിക്കുന്നതിനെ അംഗീകരിക്കുവാൻ സാധിക്കുകയില്ല. ഈ നീതി നിഷേധം ഉണ്ടാകാതെ ഇരിക്കുന്നതിന് വേണ്ടിയാണ് ക്നാനായ ഭരണഘടനയിൽ പ്രത്യേകമായി വകുപ്പ് 51.

നമ്മുടെ സമുദായത്തിലെ മെത്രാച്ചൻമാർ സമുദായത്തിന്റെ നിലനിൽപ്പിനെ ചോദ്യം ചെയ്യുന്ന അവസരം വരുമ്പോഴും പ്രതികരിക്കാതെ ഇരിക്കുന്നതിനെ അംഗീകരിക്കുവാൻ നിവൃത്തിയില്ല.

ലബനോനിൽ നടന്ന ആകമാന സുറിയാനി സഭയുടെ സിനഡിൽ നാൽപ്പതോളം മെത്രാൻമാർ കാപ്പ ധരിച്ചുകൊണ്ട് പട്ടംകൊട ശുശ്രൂഷയിൽ സംബന്ധിച്ച് ശുശ്രൂഷ നടത്തിയപ്പോൾ ക്നാനായ സമുദായത്തിലെ നാല് മെത്രാൻമാരെ കറുത്ത കുപ്പായം മാത്രം ഇട്ട് കാഴ്ചക്കാരാക്കി ഇരുത്തിയത് നമ്മൾ സോഷ്യൽ മീഡിയയിൽ കണ്ടതാണ്.

സിനഡിന്റെ ഗ്രൂപ്പ് ഫോട്ടോ എടുത്തപ്പോൾ അവരെ നിർത്തി ഫോട്ടോ എടുത്തു. നമ്മുടെ മെത്രാന്മാരെ മാറ്റി നിർത്തിയിട്ടുള്ള ആ ഫോട്ടോയാണ് സുറിയാനി സഭയുടെ ഔദ്യോഗിക സൈറ്റുകളിലും മറ്റും പ്രസിദ്ധീകരിച്ചത്.

സിനഡിലെ ചർച്ചയിൽ ക്നാനായക്കാർ യഹൂദ നസ്രാണികൾ ആണെന്നാണ് അവർ അവകാശപ്പെടുന്നത് എന്ന് ബാവാ പറഞ്ഞു.

കത്തോലിക്കരിൽ നിന്നും വിവാഹം കഴിച്ചാൽ ക്നാനായക്കാരെ മുടക്കുകയില്ല എന്നും എന്റെ കീഴിലുള്ള മലങ്കരയിലെ യാക്കോബായ സഭയിൽ നിന്നും വിവാഹം കഴിച്ചാൽ മുടക്കും എന്നും ബാവാ പറഞ്ഞു "ഐ വിൽ ലുക്ക് ഇൻ ടു ദി മാറ്റർ" എന്ന് ബാവ പറഞ്ഞു.

അതുപോലെ ബിലിവേഴ്സ് ചർച്ചിനെ ആകമാന സുറിയാനി സഭയുടെ ഭാഗമാക്കുന്നതിന് സിനഡിൽ നടന്ന ചർച്ചയിൽ നിന്ന് ക്നാനായ സമുദായത്തിലെ മെത്രാപ്പോലീത്തന്മാരെ മാറ്റി നിർത്തി ഈ കാര്യങ്ങളെല്ലാം സത്യമാണ്. ഇതുമായി ബന്ധപ്പെട്ട് ഉത്തരവാദിത്തപ്പെട്ട സിനഡിൽ സംബന്ധിച്ച മെത്രാപ്പോലീത്തന്മാരുടെ വോയിസ് തെളിവുകൾ ഉൾപ്പെടെ എന്റെ കൈവശം ഉണ്ട്. ആരെ വേണമെങ്കിലും അത് കേൾപ്പിക്കുവാൻ ഞാൻ തയ്യാറാണ്.

ക്നാനായ സമുദായത്തിന് ആകമാന സുറിയാനി സഭയിൽ നമ്മുടെ പൂർവ്വപിതാക്കന്മാരുടെ കാലം മുതൽ ഒരു അംഗീകാരം ഉണ്ടായിരുന്നു. ഇപ്പോൾ സമുദായത്തിലെ അധികാര തർക്കത്തിൽ പരിശുദ്ധ ബാവായെ ഉൾപ്പെടുത്തി അതില്ലാതെയാക്കിയത് ആരാണെന്ന് അസ്സോസിയേഷൻ അംഗങ്ങൾ ചിന്തിക്കുക.

പലപ്രാവശ്യം സമുദായത്തിലെ വിഷയങ്ങൾ തീർക്കുന്നതിനുവേണ്ടി ഞങ്ങൾ ശ്രമിച്ചു. എന്നാൽ സഹായമെത്രാന്മാർ അതിന് സഹകരിച്ചില്ല. അത് ഞങ്ങളുടെ കുഴപ്പമല്ല. ചിലർ ചോദിക്കുന്ന ഒരു ചോദ്യമുണ്ട് സഹായമെത്രാപ്പോലീത്തന്മാർക്ക് എന്തുകൊണ്ട് സമുദായത്തിൽനിന്ന് വിഹിതം ഒന്നും കൊടുക്കുന്നില്ല എന്ന്. ഒന്ന് മനസ്സിലാക്കണം, ക്നാനായ കമ്മിറ്റിയും വൈദിക കൗൺസിലുമായി സഹായ മെത്രാന്മാർ സഹകരിക്കുന്നില്ലാ എന്ന് മാത്രമല്ല അവരുടെ വിഹിതത്തിന്റെ എത്രയോ ഇരട്ടി മടങ്ങുകളാണ് സമുദായത്തിനെതിരെ കൊടുക്കുന്ന കേസുകൾക്കുവേണ്ടി സമുദായം പണം നഷ്ടമാക്കിക്കൊണ്ടിരിക്കുന്നത്. ഭരണഘടന അനുസരിച്ച് അവർ പ്രവർത്തിക്കുകയും സമുദായത്തിലെ വിഷയങ്ങൾ പരിഹരിക്കുന്നതിന് ചർച്ചകൾ നടത്തി പരിഹരിക്കാൻ തയ്യാറായാൽ യാതൊരു പ്രശ്നവുമില്ല. ഞങ്ങൾ സഹകരിക്കും. ക്നാനായ സമുദായ ഭരണഘടനയും, യാക്കോബായ സഭയിൽ ക്നാനായ സമുദായ മെത്രാപ്പോലീത്തായ്ക്ക് വിലക്ക് കല്പിച്ചപ്പോൾ അതിനെതിരെ ക്നാനായ അസ്സോസിയേഷൻ എടുത്ത തീരുമാനം ഉൾപ്പെടെയുള്ള ക്നാനായ അസ്സോസിയേഷന്റെ തീരുമാനങ്ങൾ സഹായം മെത്രാച്ചന്മാർ അംഗീകരിച്ചാൽ അവരെ കൈവെള്ളയിൽ കൊണ്ടു നടക്കും. ക്നാനായ സമുദായ അസ്സോസിയേഷൻ മെമ്പർമാർക്ക് തീരുമാനമെടുക്കുവാൻ ഒരു സുപ്രധാന അവസരമാണ് ഈ വരുന്ന ക്നാനായ അസ്സോസിയേഷൻ. അസ്സോസിയേഷൻ അംഗങ്ങൾ തീരുമാനിക്കട്ടെ. ഈ വരുന്ന അസ്സോസിയേഷൻ തെരഞ്ഞെടുപ്പിന് മുമ്പായി എത്രയോ കേസുകൾ ഇനിയും ഉണ്ടാകും എന്ന് ആർക്കും പ്രവചിക്കുവാൻ സാധ്യമല്ല. എന്തായാലും സമുദായമോ, സമുദായ മെത്രാപ്പോലീത്തായോ ഒരു കേസ് കൊടുക്കുകയില്ല എന്ന് ഞങ്ങൾ ഉറപ്പു തരുന്നു. ഭരണഘടന അനുസരിച്ച് മാത്രമേ പ്രവർത്തിക്കുവാൻ ഏതു കോടതിയും അനുവദിക്കുകയുള്ളു. ക്നാനായ ഭരണഘടന പ്രകാരം പുതിയ അസോസ്സിയേഷൻ മെമ്പർ ദൈവാലയങ്ങളിൽനിന്നും ഇലക്ട് ചെയ്ത് കനാനായ സമുദായത്തിൽ പുതിയ ഭരണസമിതി ഉണ്ടാകുന്നതിനുവേണ്ടി എല്ലാവരുടെയും ആത്മാർത്ഥമായ

സഹകരണം പ്രതീക്ഷിക്കുന്നു.

സമുദായത്തിലെ സമാധാനത്തിനുവേണ്ടി വൈദിക യോഗ തീരുമാനപ്രകാരം വൈദികയോഗ സെക്രട്ടറിയും ബഹുമാനപ്പെട്ട റോയി മുളമൂട്ടിൽ കോർ എപ്പിസ്കോപ്പ അച്ചനും വികാരി ജനറാൾ അച്ചനും ചേർന്ന് മൂന്ന് തിരുമേനിമാരുമായി ചർച്ച നടത്തി. അച്ചന്മാരുടെ മുന്നിൽ വച്ച് മീറ്റിംഗ് നടത്താൻ സാധിക്കില്ല എന്ന് പറഞ്ഞ് സഹായ മെത്രാച്ചന്മാർ ചർച്ചയ്ക്ക് വന്നെങ്കിലും സഹകരിച്ചില്ല. ആയതിനാൽ ഒരു തീരുമാനവും എടുക്കാതെ പിരിയുകയായിരുന്നു.

വീണ്ടും വീണ്ടും സമാധാനത്തിനുവേണ്ടി വിട്ടുവീഴ്ചയോടുകൂടി പ്രവർത്തിക്കുന്നതിന് വരുന്ന അസ്സോസിയേഷന് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

രണ്ടു കോടി രൂപ മുടക്കി ഓതറ നസ്രേത്ത് ഫാർമസി കോളേജിൽ നിർമ്മിച്ച സേവേറിയോസ് അക്കാഡമിക് ബ്ലോക്കിന്റെ ഉദ്ഘാടനം കഴിഞ്ഞ മാസം നടക്കുകയുണ്ടായി.

വിദ്യാഭ്യാസ മേഖലയിൽ ക്നാനായ സമുദായം ചെയ്യുന്ന സംഭാവനകൾ വലുതാണെന്ന് മന്ത്രി വീണാ ജോർജ്ജ് പറഞ്ഞു. മലങ്കര സുറിയാനി ക്നാനായ സമുദായത്തിന്റെ അഭിമാനസ്തംഭമായ ഓതറ നസ്രേത്ത് ഫാർമസി കേളേജിൽ പുതുതായി പണികഴിപ്പിച്ചിരിക്കുന്ന സേവേറിയോസ് അക്കാഡമിക്ക് ബ്ലോക്കിന്റെ ഉദ്ഘാടനം ഓൺലൈനിൽ കൂടി നിർവ്വഹിക്കുകയായിരുന്നു മന്ത്രി. പത്തനംതിട്ട ജില്ലാ കളക്ടർ ശ്രീമതി ദിവ്യ എസ് അയ്യർ ഭദ്രദീപം തെളിച്ചു.

ക്നാനായ സമുദായ മെത്രാപ്പോലീത്താ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി അദ്ധ്യക്ഷത വഹിച്ചു. കോളേജ് മാനേജർ ഫാ. ജയിൻ തോമസ് കുളത്തുങ്കൽ, സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, ട്രസ്റ്റി തോമസുകുട്ടി മറ്റക്കാട്, ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ബി. ശശിധരൻപിള്ള, വികാരി ജനറാൾ ഫാ. വി.എ. ഏബ്രഹാം ഇളയശ്ശേരി, ശ്രീ ആലിച്ചൻ ആറൊന്നിൽ, ശ്രീ ഏബ്രഹാം പുന്നൂസ്, ഗ്രാമപഞ്ചാത്ത് മെമ്പർ ശ്രീ.എം.എസ്. മോഹനൻ, കോളേജ് പ്രിൻസിപ്പൽ ശ്രീമതി എൽസി ഏബ്രഹാം, സെക്രട്ടറി സാജൻ ഏബ്രഹാം, എന്നിവർ പ്രസംഗിച്ചു.

ക്നാനായ സമുദായത്തിന് 2023 – 2028 ലേക്ക് പുതിയ ഭരണസമിതി ക്നാനായ സമുദായം ഉയരങ്ങളിൽനിന്നും ഉയരങ്ങളിലേക്ക് ഉയരുന്നതിനും, സമഗ്ര വികസനത്തിനും, സമാധാനത്തിനും, ഐക്യത്തിനും വേണ്ടി ഉണ്ടാകട്ടെ എന്ന് ആശംസിച്ചുകൊണ്ട് നിർത്തുന്നു.

ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റിക്കുവേണ്ടി സമുദായ സെക്രട്ടറി

**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**
സമുദായ സെക്രട്ടറി

## *എഡിറ്റോറിയൽ*

*(പേജ് 4 തുടർച്ച)*

പ്രവൃത്തികൾ, വിശുദ്ധ സ്ഥലത്ത് മനുഷ്യനിർമ്മിതമായ ഫോട്ടോകളും രൂപങ്ങളും ഉണ്ടാക്കിവച്ച് ദൈവത്തിൽനിന്ന് ജനത്തെ തിരിപ്പിക്കുന്ന പ്രവൃത്തികൾ. സത്യവചനത്തിൽ കൂട്ടു ചേർത്തും മായം ചേർത്തും ഉപായം പ്രയോഗിച്ചും നടക്കുന്നവർ നിമിത്തം പൗരോഹിത്യം ദൈവം എടുത്തുകളയുന്ന കാലം അടുത്തിരിക്കുന്നു.

പരിശുദ്ധാത്മാവിന്റെ നിറവിലും ശക്തിയിലും ആത്മഭാരത്തോടെ വചനം പ്രസംഗിക്കുന്നവർ വായ് തുറക്കുമ്പോൾ വചനം നൽകപ്പെടുന്നു (എഫേ. 6:19). അവർ ആരുടെയും വെള്ളിയോ പൊന്നോ വസ്ത്രമോ മോഹിച്ചില്ല (അ.പ്ര. 20:33 –35). ഞങ്ങൾ മനുഷ്യരെ അല്ല, ഹൃദയം ശോധന ചെയ്യുന്ന ദൈവത്തെ അത്രേ പ്രസാദിപ്പിക്കുന്നത്. ക്രിസ്തുവിന്റെ വേലക്കാരുടെ ചില സ്വഭാവങ്ങളാണ് അപ്പോസ്തോലൻ പ്രഖ്യാപിക്കുന്നത്.

പരിശുദ്ധാത്മാവിന്റെ സമ്പൂർണ്ണ നിയന്ത്രണത്തിൽ ഓരോ വിശ്വാസിയും ആയിരിക്കണം (എഫേ.1:22). അവന്റെ നിറവിൽനിന്ന് നമുക്ക് എല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു (യോഹ. 1:16). അങ്ങനെ ഒരു വിശുദ്ധ ജനമായി നമുക്ക് ജീവിക്കാം.

എന്ന്
**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

## *മെത്രാപ്പോലീത്തായുടെ സന്ദേശം*

*(പേജ് 5 തുടർച്ച)*

വസ്തുക്കളുടെ ശരിയായ ഉപയോഗത്തെക്കുറിച്ചു ബോധ്യമുണ്ടാക്കുക എന്നതാണ്. അതായത് ഭക്ഷണ പദാർത്ഥങ്ങൾ പാഴാക്കാതിരിക്കുക, ആവശ്യത്തിനുള്ളത് മാത്രം ഉപയോഗിക്കുക, ഒരിക്കലും അത് പാഴാക്കാതിരിക്കുവാനും ശ്രദ്ധിക്കണം. അതുപോലെ നമ്മുടെ ഭവനങ്ങളിൽ തന്നെ നമുക്കാവശ്യമായ വിഭവങ്ങൾ ഉല്പാദിപ്പിക്കുവാനുള്ള ശ്രമങ്ങൾ നടത്തേണ്ടതും നമ്മുടെ കടമയാണെന്ന ബോധ്യത്തോടെ പ്രവർത്തിക്കണം. നമ്മുടെ വീട്ടുവളപ്പിലും പച്ചക്കറികൾ വച്ചു പിടിപ്പിക്കുവാൻ നാം ഉത്സുകരാക്കേണ്ടതുണ്ട്.

മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷൻ തെരഞ്ഞെടുപ്പ് ഇടവകകളിൽ നടത്തപ്പെട്ടുവല്ലോ. ഇടവക പ്രതിനിധികളെ ചിങ്ങവനം മോർ അപ്രേം സെമിനാരിയിലേക്ക് സ്വാഗതം ചെയ്യുന്നു. അസോസ്സിയേഷന്റെ പ്രഥമ മീറ്റിംഗ് ഒക്ടോബർ 24ന് നാം ക്രമീകരിച്ചിരിക്കുകയാണല്ലോ. സമുദായത്തെ നയിക്കുവാനുള്ള ഭാരവാഹികളെ അന്ന് തെരഞ്ഞെടുക്കുമല്ലോ. സമുദായത്തെ കൂടുതൽ നന്മയിലേക്ക് നയിക്കുവാൻ പുതിയ ഭാരവാഹികൾക്ക് സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ദൈവാശ്രയത്തോടെ നമുക്ക് ഒരുമിച്ച് മുമ്പോട്ട് പോകുവാൻ ദൈവം സഹായിക്കട്ടെ.

കർത്തൃ ശുശ്രൂഷയിൽ നിങ്ങളുടെ
**സേവേറിയോസ് കുറിയാക്കോസ്**
**(സമുദായ മെത്രാപ്പോലീത്ത)**

# ക്നാനായ സമുദായം - ചരിത്രവഴികളിലൂടെ

പ്രൊഫ. പി. കെ. സ്കറിയ, കുന്നത്തിൽ

**3. വിശ്വാസ ഭിന്നത**

ക്നാനായക്കാർ ഉൾപ്പെട്ട മലങ്കര സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ വിശ്വാസ ഭിന്നത ആരംഭിച്ചത് 1498 ലെ പോർട്ടുഗീസ്കാരുടെ ഇൻഡ്യയിലേയ്ക്കുള്ള വരവിനുശേഷം മാത്രമാണ്. 1539-ൽ ഗോവയിലെ മെത്രാനായി നിയമിതനായ ജോൺ ഡി. ആൽബുക്കർക്കിന്റെ പ്രാഥമിക ശ്രമങ്ങളും തുടർന്ന് 1594-ൽ പോർട്ടുഗീസ് സർക്കാർ, ഇൻഡ്യയിൽ റോമൻ കത്തോലിക്കാ വിശ്വാസം പ്രചരിപ്പിക്കണമെന്ന കർശന നിർദ്ദേശത്തോടുകൂടി ഗോവയിലെ ആർച്ചുബിഷപ്പും പൊളിറ്റിക്കൽ അഡ്മിനിസ്ട്രേറ്ററുമായി നിയമിച്ച അലക്സിസ് ഡി മെനസ്സിസ്സിന്റെ കുടില ബുദ്ധിയും അദ്ദേഹം നിർബന്ധിച്ചു വിളിച്ചുചേർത്ത 'ഉദയംപേരൂർ സുന്നഹദോസും' (1599) ആണെന്ന് ചരിത്രം സാക്ഷിക്കുന്നു.

കേരളത്തിലെ ക്നാനായക്കാർ, നിർഭാഗ്യവശാൽ രണ്ടു സഭാ വിഭാഗങ്ങളായി വേർതിരിഞ്ഞുവെങ്കിലും ജാതിയവും വംശപരവുമായ നമ്മുടെ പ്രത്യേകതകൾ നമ്മെ ഒരുമിപ്പിക്കുന്നു.

**4. ക്നാനായ സമൂഹത്തിന്റെ വികാസ പരിണാമങ്ങൾ**

ക്നാനായ സമൂഹത്തിലെ ഇരു വിശ്വാസ വിഭാഗങ്ങളുടെയും വികാസ പരിണാമങ്ങളിൽ വളരെ ഏറെ സമാനതകൾ ഉണ്ട്. 19-ാം നൂറ്റാണ്ടുവരെ 'തെക്കുംഭാഗർ' എന്ന് പൊതുവായി അറിയപ്പെട്ടിരുന്ന നമ്മുടെ രണ്ടു വിശ്വാസ വിഭാഗങ്ങൾക്കും പ്രത്യേകമായ ഭദ്രാസനമോ രൂപതയോ ഉണ്ടായിരുന്നില്ല. ക്നാനായക്കാരുടേതായ ആരാധനാലയങ്ങൾ ചില സ്ഥലങ്ങളിൽ ഉണ്ടായിരുന്നു എങ്കിലും ഇരുവിഭാഗങ്ങളും സംഘടിതമായ സമുദായങ്ങൾ ആയിരുന്നില്ല.

**(a) മലങ്കര സുറിയാനി ക്നാനായ സമുദായം**

19-ാം നൂറ്റാണ്ടുവരെ സുറിയാനി ക്നാനായക്കാരുടെ ഇടയിൽ ജാതീയമായ പ്രത്യേകതകളുടെയും വിവാഹാദികാര്യങ്ങൾ മൂലം ഉരുത്തിരിഞ്ഞ കുടുംബ ബന്ധങ്ങളുടെയും അടിസ്ഥാനത്തിലുള്ള വൈകാരികമായ ഒരു യോജിപ്പും ബന്ധവും മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നുവേണം കരുതുവാൻ. ആ ബന്ധം പ്രത്യേക ആരാധനാലയങ്ങൾ സ്ഥാപിക്കുവാൻ പ്രേരക ശക്തിയാവുകയും ജാതീയമായ പ്രത്യേകതകളുടെ പേരിൽ ക്നാനായ പള്ളികൾ ഒരു പ്രത്യേക വിഭാഗമായി അറിയപ്പെടുകയും ചെയ്തു. എന്നാൽ വിശ്വാസപരമായും ആദ്ധ്യാത്മികപരമായും ഭരണപരമായും അന്ത്യോഖ്യാ പാത്രിയർക്കീസിനു കീഴിലുള്ള മലങ്കര സുറിയാനി യാക്കോബായ സഭയിൽപെട്ടവരായിരുന്നു ഇവിടുത്തെ ക്നാനായ യാക്കോബായക്കാർ. **അക്കാലത്ത് തങ്ങൾക്കു തനതായ പള്ളികൾ ഇല്ലാതിരുന്ന സ്ഥലങ്ങളിൽ ക്നാനായക്കാർ യാക്കോബായ പള്ളികളിൽ ഇടവക ചേർന്നു നടന്നിരുന്നു എന്നു മാത്രമല്ല യാക്കോബായക്കാർ ക്നാനായ പള്ളികളിലും ഇടവകക്കാരായി ഉണ്ടായിരുന്നു.** ഈ കാലയളവിൽ ആദ്ധ്യാത്മിക മേലദ്ധ്യക്ഷത യാക്കോബായ മെത്രാപ്പോലീത്താമാരിൽ നിക്ഷിപ്തമായിരുന്നു.

മലങ്കരയിലെ വിവിധ ഭദ്രാസനങ്ങളിൽ (തീർച്ചയായും വംശപരവും ജാതീയവുമായ പ്രത്യേകതകളോടെ) കഴിഞ്ഞിരുന്ന ക്നാനായ സുറിയാനിക്കാരെ സംഘടിപ്പിക്കുന്നതിനുള്ള നിരവധി ശ്രമങ്ങൾ 19-ാം നൂറ്റാണ്ടിൽ ഉണ്ടായിരുന്നുവെങ്കിലും 1882 ൽ (മകരം 8-ാം തീയതി) വെളിയനാട് മാർ സ്തേഫാനോസ് പള്ളിയിൽ ചേർന്ന വൈദികയോഗത്തോടുകൂടിയാണ് 'മലങ്കര യാക്കോബായ സുറിയാനി ക്നാനായ കമ്മിറ്റി' എന്ന മലങ്കരയിലെ സുറിയാനി ക്നാനായക്കാരുടെ പ്രാധിനിധ്യ സ്വഭാവമുള്ള പൊതുസംഘടന രൂപം കൊണ്ടത്. ജാതീയവും വിശ്വാസപരവും ഭരണപരവും ഭൗതികവുമായ കാര്യങ്ങളിൽ ഒരു ഏകീകൃത നടപടിക്രമം ഉണ്ടാക്കുന്നതിനും അതു നടപ്പിൽ വരുത്തുന്നതിനും 'ക്നാനായ കമ്മിറ്റി' ശ്രദ്ധ ചെലുത്തുകയും തീരുമാനങ്ങൾ ചെയ്തതിന്റെ ഫലമായി ക്നാനായക്കാരുടെ ഇടയിൽ കൂടുതൽ ഐക്യവും ഏകീകൃത ഭരണക്രമവും നിലവിൽ വന്നു.

'ക്നാനായ കമ്മിറ്റി' പരി. പാത്രിയർക്കീസ് ബാവായ്ക്ക് നൽകിയ അപേക്ഷയുടെ ഫലമായും 1910 മെയ് 8-ാം തീയതിയിലെ ക്നാനായ കമ്മിറ്റിയുടെയും ക്നാനായ പ്രമുഖരുടെയും ഏകകണ്ഠേനയുള്ള തെരഞ്ഞെടുപ്പ് അനുസരിച്ചും 1910 ഓഗസ്റ്റ് 28-ാം തീയതി പരി. അബ്ദെള്ള ദ്വിതീയൻ (അബ്ദേദാലോഹോ) പാത്രിയർക്കീസ് ബാവ വടകര പള്ളിയിൽ വച്ച് ഇടവഴിക്കൽ ഗീവർഗീസ് കശ്ശീശായെ മാർ സേവേറിയോസ് ഗീവർഗീസ് എന്ന നാമധേയത്തിൽ ക്നാനായ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തയായി സ്ഥാനാഭിഷേകം ചെയ്തു. അങ്ങനെ 1910 ഓഗസ്റ്റ് 28-ാം തീയതി സുറിയാനി ക്നാനായക്കാർക്ക് പ്രത്യേകമായി ഒരു ഭദ്രാസനം നിലവിൽ വന്നു.

1932-ൽ പരി. ഏലിയാസ് തൃതിയൻ പാത്രിയർക്കീസ് ബാവ തന്റെ 42-ാം നമ്പർ കല്പന വഴിയായി ക്നാനായ ഭദ്രാസനത്തെ വ്യക്തിപരമായ അധികാര സീമയോടുകൂടിയ (Personal jurisdition) ഒരു ഭദ്രാസനമായി സ്ഥിരപ്പെടുത്തി.

1998-ൽ നിലവിൽ വന്ന അന്ത്യോഖ്യായിലെ സിറിയൻ ഓർത്തഡോക്സ് (The Syrian Orthodox Church of Antioch) ഭരണഘടന അനുസരിച്ച് കേരളത്തിൽ ചിങ്ങവനം കേന്ദ്രമാക്കിയിട്ടുള്ള അതിഭദ്രാസനം ഇന്ത്യയിലും ഇന്ത്യയ്ക്കു വെളിയിലുമുള്ള എല്ലാ ക്നാനായ പള്ളികളും ഉൾപ്പെടുന്നതാണ്. 2007-ൽ ക്നാനായ സമുദായ മെത്രാപ്പോലീത്തായെ പരി. അന്ത്യോഖ്യാ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് സഖാപ്രഥമൻ ബാവാ ആർച്ചുബിഷപ്പായി ഉയർത്തി.

മലങ്കര സിറിയൻ ക്നാനായ അതിഭദ്രാസനത്തിൽ ഇപ്പോൾ സമുദായ മെത്രാപ്പോലീത്ത മാർ സേവേറിയോസ് കുറിയാക്കോസിനെ കൂടാതെ മാർ ഗ്രീഗോറിയോസ് കുറിയാക്കോസ്, മാർ ഈവാനിയോസ് കുറിയാക്കോസ്, മാർ സിൽവാനോസ് അയൂബ് എന്നി സഹായ (മേഖല) മെത്രാപ്പോലീത്താമാരും ഉണ്ട്.

**(b) ക്നാനായ കത്തോലിക്കാ സമൂഹം**

ക്നാനായ കത്തോലിക്കാ സമൂഹത്തെക്കുറിച്ചു പറയു

മ്പോൾ 1838 വരെ അവർ കൊടുങ്ങല്ലൂർ രൂപതയിൽ ഉൾപ്പെട്ടിരുന്നു. എന്നാൽ ആ വർഷം കൊടുങ്ങല്ലൂർ അതിരൂപത നിർത്തലാക്കിയപ്പോൾ ക്നാനായക്കാർ വരാപ്പുഴ 'പ്രൊപ്പഗാന്താ' യുടെ അധികാര സീമയിൽ ആയി. 1864-ൽ കൊടുങ്ങല്ലൂർ രൂപത വീണ്ടും സ്ഥാപിതമാകയും ക്നാനായ ഇടവകകൾ വീണ്ടും കൊടുങ്ങല്ലൂർ അതിരൂപതയിൽ ആവുകയും ചെയ്തു.

ഈ അവസരത്തിൽ ലത്തീൻകാരിൽ നിന്ന് വേറിട്ട് സുറിയാനി ക്രിസ്ത്യാനികൾക്ക് പ്രത്യേക രൂപത വേണമെന്ന ആവശ്യം ശക്തമാവുകയും വരാപ്പുഴ മെത്രാന്റെ കോഅഡ്ജ്യൂട്ടന്റിന്റെ (മർസിലാനോസ്ബരാർദി) സെക്രട്ടറി ആയിരുന്ന മാക്കീൽ മത്തായി കത്തനാർ സുറിയാനിക്കാർക്കു വേണ്ടി നാട്ടു മെത്രാന്മാരെ നിയമിക്കണമെന്നും ആ കൂട്ടത്തിൽ തെക്കുംഭാഗക്കാർക്ക് പ്രത്യേക രൂപതയും മെത്രാനും ലഭിക്കണമെന്നും റോമിലേയ്ക്ക് നിവേദനം അയച്ചു.

1887-ൽ ലയോ 13 മാർപാപ്പാ സീറോ മലബാർ റീത്തുകാരെ (സുറിയാനിക്കാർ) വരാപ്പുഴയിൽ നിന്ന് വിടർത്തി അവർക്കു മാത്രമായി. തൃശൂരും, കോട്ടയവും കേന്ദ്രങ്ങളാക്കി രണ്ടു വികാരിയാത്തുകൾ സ്ഥാപിക്കയും വടക്കുംഭാഗ പ്രതിനിധി ആയി നിധീരിക്കൽ മാണി കത്തനാരെയും തെക്കുംഭാഗത്തു നിന്ന് മാക്കിൽ മത്തായി കത്തനാരെയും വികാരി ജനറാൾമാരായി നിയമിക്കയും ചെയ്തു.

1896-ൽ തൃശൂർ, കോട്ടയം വികാരിയാത്തുകൾ പുനർവിഭജിച്ച് തൃശൂർ, എറണാകുളം, ചങ്ങനാശ്ശേരി എന്നീ മൂന്നു വികാരിയാത്തുകൾ സ്ഥാപിക്കയും അവയ്ക്കു മൂന്നിനും നാട്ടുക്രിസ്ത്യാനികളായ മോനാച്ചേരിൽ മാർ യോഹന്നാൻ, പഴയപറമ്പിൽ മാർ ളൂയിസ്, മാക്കിർ മാർ മത്തായി എന്നിവരെ വികാരി അപ്പോസ്തോലിക്കാമാരായി നിയമിക്കയും ചെയ്തു.

ചങ്ങനാശ്ശേരി വികാരിയാത്തിൽ വടക്കുംഭാഗരും തെക്കുംഭാഗരും ഉണ്ടായിരുന്നു. ഇരുവിഭാഗത്തിനും അവരുടെ പ്രത്യേക പള്ളികളും. തെക്കുംഭാഗപള്ളികളിൽ ക്നാനായ വൈദികർ മാത്രമായിരുന്നു വൈദികൻ. വടക്കുംഭാഗർ ഭൂരിപക്ഷമുള്ള ഒരു വികാരിയാത്തിൽ തെക്കുംഭാഗക്കാരനായ മാക്കിൽ പിതാവിനെ ഇടയനായി നിയമിച്ചതിൽ വടക്കുംഭാഗർക്ക് അതൃപ്തി ഉണ്ടായിരുന്നു. അതുപോലെ തന്നെ ഒരു പ്രത്യേക സമുദായവും ആ സമുദായത്തിനു മാത്രമായി ഇടവക പള്ളികളും ഉള്ളപ്പോൾ ഒരു പ്രത്യേക രൂപത ആവശ്യമാണെന്ന ചിന്ത മാക്കീൽ പിതാവിനും ഉണ്ടായിരുന്നു. മാക്കീൽ പിതാവിനു മാത്രമല്ല രണ്ടു വടക്കുംഭാഗ മെത്രാൻമാർക്കും ഈ ഉൾകാഴ്ച ഉണ്ടായിരുന്നതു കൊണ്ട് അവർ മൂന്നുപേരും കൂടിയാലോചിച്ച് കോട്ടയം വികാരിയാത്ത് പുനഃസ്ഥാപിച്ച് തെക്കുഭാഗ മെത്രാനായി മാക്കീലിനെ നിയമിക്കണമെന്ന നിവേദനം തയ്യാറാക്കുകയും അവർ മൂന്നുപേരും ഒപ്പുവയ്ക്കുകയും ചെയ്തു. 1911-ൽ മാക്കീൽ പിതാവ് റോമിൽ ചെന്ന് നിവേദനം പരി. പിതാവിനു സമർപ്പിക്കയും 10-ാം പീയൂസ് മാർപാപ്പാ ചങ്ങനാശ്ശേരി, എറണാകുളം എന്നീ വികാരിയാത്തുകളിൽപ്പെട്ടിരുന്ന തെക്കുംഭാഗർക്കായി കോട്ടയം വികാരിയാത്ത് 1911 ഏപ്രിൽ 29-ന് പുനഃസ്ഥാപിക്കയും ഓഗസ്റ്റ് 30-ാം തീയതി മാർ മത്തായി മാക്കീലിനെ പ്രഥമ വികാരിഅപ്പോസ്തോലിക്ക ആയി നിയമിക്കയും ചെയ്തു.

1923 ഡിസംബർ 23-ന് 11-ാം പീയൂസ് മാർപാപ്പ തിരുവെഴുത്തുവഴി കോട്ടയം വികാരിയാത്തിനെ രൂപത ആയി ഉയർത്തി. 1955 ഏപ്രിൽ 29-ന് 12-ാം പീയൂസ് മാർപാപ്പാ കോട്ടയം രൂപതാ മെത്രാന്റെ വ്യക്തിഗതമായ അധികാരം (Personal jurisdition) സീറോ മലബാർ റീത്തിന്റെ അതിർത്തി മുഴുവൻ വ്യാപകമാക്കി. 2006-ൽ ബനഡിക്ട് 16-ാമൻ മാർപാപ്പാ കോട്ടയം രൂപതയെ അതിരൂപതയാക്കി ഉയർത്തി.

കോട്ടയം അതിരൂപതയിൽ ഇപ്പോൾ ആർച്ചുബിഷപ്പ് മാർ മാത്യു മൂലക്കാട്ടിനൊപ്പം സഹായമെത്രാൻമാരായി മാർ തോമസ് പണ്ടാരശ്ശേരിയും ഗീവർഗീസ് മാർ അപ്രേം കുരിശുംമൂട്ടിലും പ്രവർത്തിച്ചുവരുന്നു.

●

# വിദ്യാഭ്യാസമേഖലയിൽ ക്നാനായ സമുദായം ചെയ്യുന്ന സംഭാവനകൾ വലുതാണ് മന്ത്രി വീണ ജോർജ്.

തിരുവല്ല മലങ്കര സുറിയാനി ക്നാനായ സമുദായത്തിന്റെ അഭിമാന സ്തംഭമായ ഓതറ നസ്രത്ത് ഫാർമസി കോളേജിൽ പുതുതായി പണികഴിപ്പിച്ചിരിക്കുന്ന സേവേറിയോസ് അക്കാദമിക്ക് ബ്ലോക്കിന്റെ ഉദ്ഘാടനം ഓൺലൈനിൽ കൂടി നിർവഹിക്കുകയായിരുന്നു മന്ത്രി. പത്തനംതിട്ട ജില്ലാ കളക്ടർ ശ്രീമതി ദിവ്യ എസ്. അയ്യർ ഭദ്രദീപം തെളിയിച്ചു.

ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി അദ്ധ്യക്ഷത വഹിച്ചു കോളേജ് മാനേജർ ഫാ. ജയിൻ തോമസ് കുളത്തുങ്കൽ, സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, ആക്ടിംഗ് ട്രസ്റ്റി തോമസ്കുട്ടി മറ്റക്കാട്, ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ബി. ശശിധരൻ പിള്ള, വികാരി ജനറാൾ ഫാദർ വി.എ. ഏബ്രഹാം ഇളയശ്ശേരിൽ, ശ്രീ. ആലിച്ചൻ ആറൊന്നിൽ, ശ്രീ. എബ്രഹാം പുന്നൂസ്, ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. എം. എസ്. മോഹനൻ, കോളേജ് പ്രിൻസിപ്പൽ ശ്രീമതി എൽസി എബ്രഹാം, സെക്രട്ടറി സാജൻ എബ്രഹാം എന്നിവർ പ്രസംഗിച്ചു

## വിവാഹിതരായി



Advt - O

റാന്നി സെന്റ് തോമസ് വലിയപള്ളി ഇടവകയിൽപെട്ട കടയ്ക്കൽ ബിജിയുടെയും ആശയുടെയും മകൾ **Aagi Maria Biji**-യും ചിങ്ങവനം ശാലേംപള്ളി ഇടവകയിൽ പുല്ലംപറമ്പിൽ ഏബ്രഹാമിന്റേയും ലിനിയുടെയും മകൻ **Alan P. Abraham**-ഉം തമ്മിലുള്ള വിവാഹം 21/08/2023-ൽ ചിങ്ങവനം സെന്റ് ജോൺസ് ദയറാ പള്ളിയിൽ നടത്തപ്പെട്ടു.

## വിവാഹിതരായി



Advt - R

നീലംപേരൂർ സെന്റ് ജോർജ് വലിയപള്ളി ഇടവകയിൽ ചേരാറ്റുകളത്തിൽ ഏബ്രഹാം (സണ്ണി) യുടേയും സിസിമോളുടേയും മകൻ **കെവിൻ ഏബ്രഹാമും**, ഇരവിപേരൂർ സെന്റ് മേരീസ്പള്ളി ഇടവകയിൽ തെങ്ങേലിമണ്ണിൽ ജേക്കബിന്റേയും ഷീജയുടേയും മകൾ **അമിത ജേക്കബും** തമ്മിലുള്ള വിവാഹം 21/08/2023-ൽ **അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി**യുടെ മുഖ്യകാർമ്മികത്വത്തിൽ നീലംപേരൂർ സെന്റ് ജോർജ്ജ് വലിയപള്ളിയിൽ നടത്തപ്പെട്ടു.



ലക്ഷദ്വീപിലേക്ക് ഉല്ലാസ യാത്ര....
Elavankalam Holidays
ലക്ഷദ്വീപിന്റെ ആവേശം
ആവോളം ആസ്വദിക്കുവാൻ
നിങ്ങൾക്കും സ്വാഗതം ....
Linto Elavankalam 949 555 7254
lintoelavankalam@gmail.com
Vyttila Junction, Kachappilly Road, Kochi


Advt -O



PROJECT BY
WAKE
KNANAYA
WEDDINGS.COM
ക്നാനായ
വെഡ്ഡിംഗ്സ്
ക്നാനായ സമുദായത്തിന്റെ സ്വന്തം
മാട്രിമോണി
www.knanayaweddings.com
എറണാകുളം
+91 70254 22022
ചിങ്ങവനം
+91 94461 46000
knanayaweddings@gmail.com


Advt -O





# സേവേറിയോസ് അക്കാഡമിക്ക് ബ്ലോക്ക് ഉദ്ഘാടനം



ഓതറ നസ്രേത്ത് ഫാർമസി കോളേജ് സേവേറിയോസ് അക്കാഡമിക്ക് ബ്ലോക്ക് ഉദ്ഘാടനം ജില്ലാ കളക്ടർ ശ്രീമതി ദിവ്യ എസ്. അയ്യർ ഭദ്രദീപം തെളിയിച്ച് നിർവഹിക്കുന്നു. ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി, കോളേജ് മാനേജർ ഫാ. ജയിൻ തോമസ് കുളത്തുങ്കൽ, സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, ആക്ടിംഗ് ട്രസ്റ്റി തോമസ്കുട്ടി മറ്റക്കാട്, ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ബി. ശശിധരൻ പിള്ള, വികാരി ജനറാൾ ഫാദർ വി.എ. ഏബ്രഹാം ഇളയശ്ശേരിൽ, ശ്രീ. ആലിച്ചൻ ആറൊന്നിൽ, ശ്രീ. എബ്രഹാം പുന്നൂസ്, ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. എം. എസ്. മോഹനൻ, കോളേജ് പ്രിൻസിപ്പൽ ശ്രീമതി എൽസി എബ്രഹാം, സെക്രട്ടറി സാജൻ എബ്രഹാം, റ്റി.കെ. കുര്യൻ തേക്കാട്ടിൽ, ജേക്കബ് ലൂക്കോസ് കോയിപ്പുറത്ത്, പി.എ. എബ്രഹാം കുഴികണ്ടത്തിൽ, രഞ്ജി ജോസഫ് കുറ്റിയിൽ, ബിനു കുരുവിള കല്ലേമണ്ണിൽ, ഉതുപ്പാൻ ജോസഫ് ചരുവുപറമ്പിൽ, സി.എ. പുന്നൂസ് ചിറത്തലയ്ക്കൽ എന്നിവർ സമീപം.

# ST. GREGORIOS KNANAYA CHURCH

## Kingdom of Bahrain

### MANAGING COMMITTEE 2023-24

**VICAR**



**FR. GEORGE SUNNY**
Chandanappallil

**TRUSTEE**



**SHONE PUNNOOSE MATHEW**
Malathusseril
St.Johns Dayarapally Chingavanam

**SECRETARY**



**STEPHEN JACOB**
Kandathil Parambil
St. Thomas Valiyapally Ranny

### COMMITTEE MEMBERS



**BIJOY K ABRAHAM**
Kannankara
St.Thomas Valiyapally Ranny



**BERLIT MATHEW**
Padinjaremuriyil
St.Kuriakose Aythala



**ABIN KURIAKOSE**
Plathodathil
St.Marys Eraviperoor



**GIJO THOMAS**
Naduvileparambil
St.Simons Vakathanam



**BIBIN BABY**
Pulinilkunnathil
St.Thomas Thonikkadavu



**ABRAHAM CHACKO**
Manjumankal
St.Thomas Valiyapally Ranny



**EMIL MUNNA PUNNOOSE**
Cherumadakala
St.Marys Kattode



**REJI THOMAS**
Thykoottathil
St.Marys Kallissery
(AUDITOR)

Advt -O



# ആശ്വാസവും അഭിമാനവുമുള്ള വാർദ്ധക്യം

സുനിൽ ഡി. കുരുവിള

"കെ.ജി.ജോർജ് വൃദ്ധസദനത്തിൽ ആയിരുന്നു. ഭാര്യയും മക്കളും നോക്കിയില്ല..."

സ്വന്തം ജീവിതത്തെ കാണാൻ കഴിയുന്നില്ലെങ്കിലും അയൽക്കാരന്റെ വീട്ടിലേയ്ക്ക് എപ്പോഴും ഒരു എത്തിനോട്ടം ഉണ്ട് മലയാളിയ്ക്ക്. കെ.ജി.ജോർജിനോട് എന്തൊരു സ്നേഹം! ഈ എത്തിനോട്ടം ഒരു രോഗമാണ്.... വലിയ ഫോണും ബ്രാൻഡഡ് ഡ്രസ്സും മുന്തിയ കാറും ഒക്കെ വന്നിട്ടും സംസ്ക്കാരം മാത്രം ഉയരുന്നില്ല.

ആ മനുഷ്യൻ വയസ്സാം കാലത്തു ഹാപ്പിയായിരുന്നു! മക്കളും കുടുംബവുമായി സ്നേഹത്തിൽ ആയിരുന്നു. എവിടെ ജീവിക്കണം എന്നും എങ്ങനെ ജീവിക്കണം എന്നും അവരവരാണ് തീരുമാനിക്കേണ്ടത്. സർക്കാരിന്റേയോ സന്നദ്ധ സംഘടനയുടെയോ സൗജന്യം പറ്റിയല്ല അദ്ദേഹം കഴിഞ്ഞിരുന്നത്. എല്ലാ ആധുനിക സൗകര്യങ്ങളുമുള്ള ഒരു എൽഡർ കെയർ ഫെസിലിറ്റിയിലാണ് അദ്ദേഹം ജീവിച്ചിരുന്നത്.

വീടുകളിൽ ഒറ്റയ്ക്ക് നരകിച്ചും ഒറ്റപ്പെട്ടും സുരക്ഷിതത്വമില്ലാതെയും ജീവിക്കുന്നതിനേക്കാളും എത്രയോ നല്ലത്. ഇത്തരം പല സ്ഥലങ്ങളും നേരിട്ടറിയാവുന്ന ഒരു വ്യക്തി എന്ന നിലയിൽ ഒരു കാര്യം പറയാം നമ്മുടെ നാട്ടിൽ ചെയ്യാവുന്ന ഏറ്റവും നല്ല സേവനമാണ് Elder care centre കൾ! സാമ്പത്തികമായി ബുദ്ധിമുട്ടില്ലാത്തവർക്കു ജീവിതത്തിന്റെ സായംകാലം ഒറ്റപ്പെടാതെയും സന്തോഷമില്ലാതെയും ജീവിക്കേണ്ടി വരില്ല.

അവിടെ താമസിക്കുന്നതിൽ ദുരഭിമാനമോ കുറച്ചിലോ തോന്നേണ്ട യാതൊരു കാര്യവുമില്ല. നല്ല കെയർ, നല്ല അന്തരീക്ഷം, കൂട്ടായ്മ, recreation, medical facilities... എല്ലാത്തിനും ഉപരി സുരക്ഷിതത്വം! മക്കൾക്ക് അവരുടെ ജീവിതം നോക്കാം. കാണണ്ടപ്പോൾ മാത്രം വന്നു കാണാം... കൂടെ താമസിക്കണമെങ്കിൽ കുറച്ചു ദിവസമാകാം!

വിദേശ രാജ്യങ്ങളിലേക്കുള്ള യുവതയുടെ അമിതമായ പ്രയാണം ഈ വിഷയം നമ്മൾ കൂടുതൽ ചർച്ച ചെയ്യാൻ പ്രേരിപ്പിക്കുന്നു! പ്രായമുള്ളവർ ഇവിടെ ഒറ്റയ്ക്കാകുന്നു എന്നുള്ളത് മാത്രമല്ല വിഷയം; ഇവിടെ ഊരും പേരും ഇല്ലാത്ത അന്യസംസ്ഥാന തൊഴിലാളികളാണ് അയൽക്കാരായിയുള്ളതു എന്നത് അരക്ഷിതാവസ്ഥ വർദ്ധിപ്പിക്കുന്നു.

നമ്മുടെ നാട്ടിൽ കുട്ടികൾക്ക് അവരുടെ ഭാവി കാണാൻ കഴിയാത്തതും അവസരങ്ങൾ കാണാൻ കഴിയാത്തതും അവരുടെ കുറ്റം കൊണ്ടല്ല. മറിച്ചു നമ്മൾ അവർക്കു നൽകിയ വിദ്യാഭ്യാസത്തിന്റെയും patenting ന്റെയും സാമൂഹിക കാഴ്ചപ്പാടിന്റെയും ഒക്കെ ഗുണമോ ദോഷമോ ആണ്. 'കൂടിയ' വിദ്യാഭ്യാസം നേടിയവർ കൂടിയ വരുമാനവും സാധ്യതകളും തേടി പോകുന്നു. വലിയ സ്കൂളുകളിൽ ഒക്കെ പഠിക്കുന്ന കുട്ടികളെ ഇവിടെത്തന്നെ നീ വിദേശിയാണ് എന്ന് ഓർമ്മിപ്പിച്ചാണ് വളർത്തുന്നത്. വേഷം ഭാഷ ഭക്ഷണം ജീവിത രീതി ഒക്കെ 'വിദേശി' യാകുമ്പോൾ അതിന്റെ ബാക്കി അന്വേഷിച്ചു അവർ പോകുന്നതിൽ കുറ്റം പറയാൻ കഴിയുമോ?

പണമില്ലാത്തവർ തൊഴിൽ ഇല്ലാത്തവർ ഒക്കെ പലായനം ചെയ്യുന്നത് ഇവിടെ അവർക്കു ജീവിക്കാൻ അവസരമില്ല എന്ന് തിരിച്ചറിഞ്ഞിട്ടാണ്. അഴിമതിയും സ്വജനപക്ഷപാതവും വർദ്ധിക്കുമ്പോൾ ആത്മാഭിമാനമുള്ളവർ നാട് വിടും! അണുകുടുംബങ്ങളുടെയും അമിത കുടുംബാസൂത്രണത്തിന്റെയും ഒക്കെ ബാക്കിപത്രം കൂടിയാണ് ഈ സമൂഹത്തിലെ ഇത്തരം സാഹചര്യം! മെറ്റീരിയലിസവും സ്വാർത്ഥതയും ഒക്കെ കൂടെക്കൂടി എന്നു കൂടി കരുതിക്കോളൂ. ഇനിയിപ്പം ഇതൊന്നും അത്രവേഗം reverse ചെയ്യാനും കഴിയില്ല. അല്ലെങ്കിൽ അതിനുള്ള നേതൃത്വം തന്നെ ഇവിടെയില്ല.

**പ്രായോഗികമായും പുരോഗമനമായും ചിന്തിക്കാം!**

മക്കൾക്ക് മാതാപിതാക്കളെ നോക്കാൻ കഴിവും മനസ്സും സാഹചര്യവുമുണ്ടെങ്കിൽ അത് വലിയ ഭാഗ്യം. മക്കളെ 'മിടുക്കരാകാൻ' പഠിപ്പിക്കുന്ന നമ്മൾക്ക് വയസ്സാൻകാലത്തു അവർ തണലേകും എന്ന് പ്രതീക്ഷിക്കാൻ വകയില്ല. ഉണ്ടായാൽ ഭാഗ്യം അത്ര തന്നെ! ഇനി അവർക്കു നോക്കാൻ പ്രയാസമുണ്ടെങ്കിൽ അതിനു ആക്ഷേപം ആവശ്യമുണ്ടോ? ഓരോരുത്തരുടെയും ജീവിതം 'generalise' ചെയ്തു ആനന്ദം കണ്ടെത്തുന്നത് വൈകല്യമാണ്! അല്പം മുൻപ് പോലും പ്രായം ചെന്ന അമ്മയെയും അപ്പനെയും കൊണ്ട് പ്രയാസപ്പെടുന്ന ഒരു മകളുടെ വിഷമം കേൾക്കുകയും ആ വിഷയത്തിൽ ഇടപെടുകയും ചെയ്തതേയുള്ളൂ. പൈസയുണ്ട് പക്ഷെ സമാധാനമില്ല. ഒറ്റമകളാണ്, സ്വന്തം കുടുംബത്തിന്റെയും സ്വന്തം മാതാപിതാക്കളുടെയും ഇടയിൽ കിടന്നു ചക്രശ്വാസം വലിക്കുന്നു! ദുരഭിമാനം 'സംരക്ഷിക്കാൻ' എല്ലാവരും നരകിക്കുന്നു! ഹോം നേഴ്സിന്റെയും ജോലിക്കാരുടെയും ഒക്ക 'ദയക്ക്' കാത്തു നിൽക്കുന്നതിലും എത്രയോ ഭേദമാണ് ഇത്തരം സംവിധാനങ്ങൾ. ഹോം നേഴ്സും ജോലിക്കാരും ഒക്കെ നന്നായി നോക്കണമെങ്കിൽ അവരെ കൃത്യമായി supervise ചെയ്യാനും ആളുണ്ടാകണം! ആരും മോശക്കാരല്ല, എല്ലാവരെയും മോശമായി കാണുന്നതും തെറ്റാണ്. പക്ഷെ സാഹചര്യം അനുകൂലമായാൽ തെറ്റു ചെയ്യാനും മറ്റും പ്രേരണയുണ്ടാകാം! മാറി വരുന്ന സാമൂഹിക സാഹചര്യത്തിൽ ഒറ്റയ്ക്കുള്ള താമസവും വലിയ ആപത്താണ്. ആളെ നിർത്തി നോക്കുന്നതും വലിയ റിസ്ക് ആണ്.

ഇന്ന് കേരളത്തിൽ പ്രായമാകുന്നത് തന്നെ പലർക്കും പേടിയാണ്. ആര് നോക്കും. കിടന്നുപോകുമോ. മറവി രോഗം വരുമോ. മക്കൾ ആരെങ്കിലും നാട്ടിൽ ഉണ്ടാകുമോ?

*(ശേഷം പേജ് 16-ൽ)*

കവിത

# ചില സത്യങ്ങൾ അറിഞ്ഞിടുക

ജയ്നമ്മ മർക്കോസ്, നടുവിലേപറമ്പിൽ, കുഴിമറ്റം

സർവ്വാധിപനാം കർത്തനേശു
സർവ്വശക്തനാം കർത്തനേശു
തൻപ്രിയ മക്കൾക്ക് വേലികെട്ടി
മാറോടു ചേർത്ത് സൂക്ഷിക്കുന്നു.
മെയ്മേൽ പച്ച കുത്തരുത്
നാളും നാഴികയും നോക്കരുത്
ഇത്യാദി കാര്യങ്ങൾ അറിഞ്ഞിടുവാൻ
ലേവ്യ '19' വായിച്ചീടു
ദൈവമക്കൾക്ക് ക്രമമുണ്ടുപോലും
ക്രമകെട്ട ജീവിതത്തിൽപെട്ടവരെ
സാത്താൻ വലയിൽപ്പെടുത്തി
അന്ധവിശ്വാസത്തിലാക്കിടുന്നു.
മിസ്രേമിൽനിന്നും ഇറക്കിയ മക്കളെ
ശുദ്ധമാം ജീവിതം നയിച്ചിടുവാൻ
കനാൻദേശപടിയ്ക്കൽവെച്ച്
ആരാധന പഠിപ്പിച്ചു ക്രമപ്പെടുത്തി
ജഡത്തിമ്പത്തിൽ മുഴുകുന്നോരേ
ലോകം നമുക്ക് യോഗ്യമല്ല
ഞൊടിയിട നേരത്തെ ഈ ലോകവാസം
വിട്ടു പിരിഞ്ഞു നാം പോയിടുമേ
ജഡിക ചിന്ത നാശത്തിലാക്കുന്നു
ആത്മീക ചിന്ത സ്വർഗ്ഗത്തിലാക്കുന്നു
ആത്മീക പക്വത കിട്ടിടുവാൻ
പരിശുദ്ധാത്മാവേ എന്നിൽ നിറയൂ
കരയുവിൻ നിങ്ങൾ കരയുവിൻ
തലമുറയെ ഓർത്തു കരയുവിൻ
ക്രമകെട്ട ജീവിതം നയിച്ചിടുന്ന
തലമുറയെ ഓർത്തു കരഞ്ഞീടുവീൻ
അടുക്കും ചിട്ടയും വെടിപ്പോടെയും
കർത്തനെ പാടിസ്തുതിച്ചീടുക
ആത്മദാഹത്തോടെ സ്തുതിച്ചീടുക
കർത്തൻ ഹൃത്തിൽ നിറഞ്ഞീടുമേ
മാമ്മോദീസായാൽ നമ്മിലുള്ള
ജ്ഞാനം, ആക്ടീവായിടുവാൻ
വെളിവ് (ജ്ഞാനം) നിറഞ്ഞോരീശോ പാടി
പ്രഭാതത്തിൽ തന്നെ സ്തുതിച്ചിടുക
തലതൊടുന്നോരേ ഓർത്തിടുക
സത്യകുമ്പസാരം നടത്തിക്കൊണ്ട്
ആ കൂദാശയിൽ പങ്കെടുത്തില്ലേൽ
നിന്നുടെ പാപം കുഞ്ഞിൽപകരും
ദൈവത്തിൽ നിന്നകലുന്നോരേ
കഷ്ടത്തിനുലയിൽ കടത്തീയീശൻ
കണ്ണുനീരാൽ അനുതപിക്കുമ്പോൾ
കണ്ണീർ തുടച്ചു ചേർത്തുപിടിക്കും
അതി പരിശുദ്ധമാം സ്വർഗ്ഗത്തിൽ
ഈശോ മാത്രമെ കയറീട്ടുള്ളു
വാങ്ങിപ്പോയവരുടെ ലഘുപാപം ക്ഷമിക്കാൻ
ആനിദേ ചൊല്ലി സ്വർഗ്ഗത്തിൽ കയറ്റൂ
നീതിമാനായ കർത്തനേശു
ഏതൊരു പാപത്തിനും ശിക്ഷ നൽകും
ഏറ്റുപറഞ്ഞാൽ പാപം ക്ഷമിക്കും
സ്വർഗ്ഗരാജ്യത്തിനവകാശിയാക്കും.

## *ആശ്വാസവും അഭിമാനവുമുള്ള വാർദ്ധക്യം*

*(പേജ് 15 തുടർച്ച)*

ഇവിടെയാണ് നല്ലനിലയിൽ പ്രവർത്തിക്കുന്ന assisted care home കൾ elder care centre കൾ ഒക്കെ പ്രസക്തമാകുന്നത്. ഒരു ബിസിനസ്സിനുപരി വലിയ ഒരു സേവനവും അതിലേറെ ഒരു mission കൂടിയാണ് ഇത്തരം കേന്ദ്രങ്ങൾ. ആധുനിക കേരളത്തിൽ ഇതിനുള്ള പ്രാധാന്യം ഏറെയാണ്.

വാർദ്ധക്യത്തിൽ നമ്മുടെ സമൂഹത്തിലെ അമ്മയപ്പന്മാർ നരകിക്കാതിരിക്കട്ടെ! കൂടുതൽ credible ആയ സംരംഭകർ ഈ രംഗത്തേക്ക് കടന്നു വരട്ടെ! ആശംസകൾ

*(Sunil D. Kuruvilla is an eminent Guidance expert & counsellor; and founder of Insight Mission, a centre committed to youth and social empowerment. He can be contacted @ +91 9847400712.*

*Email: sunil_kuruvilla@rediffmail.com*

*Web: www.insightmission.in*

*YouTube: sunil kuruvilla)*

## ക്നായിതോമ പ്രാർത്ഥന യോഗം

പൂവൻതുരുത്ത്: ക്നായി തോമ പ്രയർ ഫെല്ലോഷിപ്പിന്റെ പ്രാർത്ഥന യോഗം 29-10-23 ഞായർ 6.00 പിഎം. ന് പാക്കിൽ സെന്റ് തോമസ് യാക്കോബായ പള്ളിയുടെ പാരീഷ് ഹാളിൽ വച്ച് നടത്തുന്നു. റവ. ഫാ. മനു സ്കറിയ കോയിത്ര മുഖ്യ സന്ദേശം നൽകുന്നതാണ്. റവ. ഫാ. സി. സി. ഏലിയാസ് കട്ടയിൽ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകുന്നതാണ്.

## ശുഭചിന്തകൾ

**തളരാൻ തയ്യാറല്ല എങ്കിൽ ആർക്കും നമ്മെ തളർത്താനാവില്ല. അതുപോലെ, വളരാൻ മനസ്സില്ല എങ്കിൽ ആരു വിചാരിച്ചാലും വളർത്താനും കഴിയില്ല.**

**ഏത് കാര്യത്തിലും നമ്മുടെ നിലപാടും സമീപനവും ഗുണപരമായിരിക്കട്ടെ.**

# "കാഴ്ച മറയ്ക്കുന്ന മതിലുകൾ"

റ്റി.കെ. തോമസ് തൈക്കുറിഞ്ഞിയിൽ, തിരുവൻവണ്ടൂർ

**ലോ**കമെമ്പാടും ക്രൈസ്തവസമൂഹം ഏറെ പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന ഒരു കാലഘട്ടമാണ് ഇന്നത്തേത് ഓരോ ക്രിസ്ത്യാനിയും ഇത് തിരിച്ചറിയാതെ പോകരുത്. ചില രാഷ്ട്രീയ പാർട്ടികളുടെ അടിമകളായി മാറിയിരിക്കുന്ന ക്രൈസ്തവ സഹോദരങ്ങൾ, അറിഞ്ഞോ, അറിയാതെയോ, അവർ സ്വയം ചതിക്കുഴിയിൽപെട്ടു പോകുന്നു എന്ന് അറിയാതെ പോകുന്നു. സ്വന്തം നിലനിൽപ്പിനും, അവനവന്റെ കാര്യസാധ്യത്തിനും വേണ്ടി ഇത്തരക്കാർ ഒരു സമൂഹത്തെത്തന്നെ, രാഷ്ട്രീയക്കാർക്ക് അടിയറവു വയ്ക്കുന്ന കാഴ്ചയാണ് ഇന്നു കാണുന്നത്. ഇസ്ലാമിക തീവ്രവാദം ഇന്നും ഇന്നലയും തുടങ്ങിയ ഒരു പ്രതിഭാസമല്ലെന്നും, ഹിന്ദുത്വ തീവ്രവാദം ക്രൈസ്തവന് വല്ലാത്ത ഭീഷണി ഉയർത്തുന്നു എന്നും നാം കാണാതെ പോകരുത്. ഇസ്ലാമിക, ഹൈന്ദവ, തീവ്രവാദത്തിന്റെ ദോഷഫലങ്ങൾ ഏറെ ഏറ്റുവാങ്ങേണ്ടി വന്നവർ എന്നും ക്രിസ്ത്യാനികൾ തന്നെയാണ് എന്ന യാഥാർത്ഥ്യം നാം വിസ്മരിച്ചു കൂടാ. മതതീവ്രവാദങ്ങൾക്കെതിരെ ഒരു ചെറുത്തു നില്പിന് നാം ഇനി സജ്ജരായേ മതിയാകൂ എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. ലോകമെമ്പാടും വിശിഷ്യാ ഇന്ത്യാമഹാരാജ്യത്ത് നാം വസിക്കുന്ന കൊച്ചുകേരളത്തിൽപ്പോലും ക്രൈസ്തവർ ഏറെ വെല്ലുവിളികളെ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ക്രൈസ്തവനെതിരെയുള്ള അതിക്രമങ്ങൾ അനുദിനം വർദ്ധിച്ചു വരുന്നു. ക്രൈസ്തവ ദൈവാലയങ്ങൾ ആക്രമിക്കപ്പെടുന്നു. കന്യാസ്ത്രീകളും, വൈദികരും അക്രമങ്ങൾക്കും പീഡനങ്ങൾക്കും വിധേയരായിത്തീരുന്നു. ഭരണകൂടങ്ങൾ ഭരണസംവിധാനങ്ങളെ ഉപയോഗിച്ച് ക്രൈസ്തവനു വിരോധമായി ചെയ്യുന്ന പ്രവർത്തികൾ ദിനംപ്രതി വർദ്ധിച്ചു വരുന്നു. കക്കുകളി നാടകം ക്രൈസ്തവ സന്യാസ സമൂഹത്തെ ഏറെ മ്ലേച്ഛമായി ചിത്രീകരിച്ച് അരങ്ങു തകർക്കുന്നു. ഒരു സമൂഹത്തിലെ സന്യസ്ത സമൂഹത്തെ അപ്പാടെ അടച്ചാക്ഷേപിക്കുന്ന ഇത്തരം പ്രവണതകൾക്കെതിരെ ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളോ, നേതാക്കളോ, സാംസ്ക്കാരികനായകരോ നാളിതുവരെ പ്രതികരിച്ചതായി കാണുന്നില്ല. ഇസ്ലാമിക തീവ്രവാദ സംഘടനകൾ ബോധപൂർവ്വം നടത്തിയിട്ടുള്ളതും ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നതുമായ പ്രണയം നടിച്ചുകൊണ്ട്, ക്രൈസ്തവ പെൺകുട്ടികളെ വശീകരിച്ച്, മതം മാറ്റി, വിവാഹം കഴിച്ച് ഭീകര സംഘടനകൾക്ക്, കൈമാറ്റം ചെയ്ത് ഇസ്ലാമിക സാമ്രാജ്യം കെട്ടിപ്പടുക്കാനുള്ള തീവ്രശ്രമങ്ങളെ നാം കാണാതെ പോകുന്നു. സമീപകാലത്ത് "കേരളാ സ്റ്റോറി" എന്ന ഒരു മലയാള ചലചിത്രം പുറത്തിറങ്ങുകയുണ്ടായി. അതിൽ ചിത്രീകരിക്കുന്ന ചില രംഗങ്ങൾ. അതിലെ സംഭാഷണങ്ങൾ ഇവ ഒന്നും തന്നെ ഒരു മതവിഭാഗത്തിന്റെയും, വികാരം വ്രണപ്പെടുത്തി കാണുന്നില്ല. പ്രസ്തുത ചിത്രം ചില പച്ചയായ യാഥാർത്ഥ്യങ്ങളിലേയ്ക്ക് വിരൽ ചൂണ്ടുകമാത്രം ചെയ്യുന്നു എന്ന് നിഷ്പക്ഷനായ ഒരു പ്രേക്ഷകന് വിലയിരുത്താനാകുമ്പോൾ ആ ചിത്രത്തിനെതിരെ ഇന്നാട്ടിലെ പ്രബല രാഷ്ട്രീയ പാർട്ടികൾ ഒന്നിച്ച് പ്രതിഷേധവുമായി രംഗത്തെത്തുന്നതു കാണുമ്പോൾ നമ്മുടെ സംസ്ഥാനത്തെ രാഷ്ട്രീയ പാർട്ടികളുടെ വർഗ്ഗീയ പ്രീണനം എത്രമാത്രം എന്ന നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. പ്രത്യക്ഷമായും, പരോക്ഷമായും ക്രിസ്ത്യാനികളെ സമൂഹത്തിൽ ഒറ്റപ്പെടുത്താൻ മത്സരിക്കുന്ന രാഷ്ട്രീയക്കാർക്കെതിരെ, ഒരു ക്രൈസ്തവ കൂട്ടായ്മയുടെ അനിവാര്യതയെക്കുറിച്ച് നാം ചിന്തിച്ചേ തരമൊള്ളൂ.മതവികാരം തൊടുപുഴയിൽ ജോസഫ് മാസ്റ്ററുടെ കരങ്ങൾ വിച്ഛേദിച്ചപ്പോഴും, പാലാ ബിഷപ്പിന്റെയും, താമരശ്ശേരി ബിഷപ്പിന്റെയും പ്രസ്താവനക്കൾക്കെതിരെ അവർ ആക്രോശിച്ചപ്പോഴും അതിനെ പ്രതിരോധിക്കാൻ ഒരു ചെറുവിരൽപോലും അനക്കാൻ നമുക്ക് കഴിയാതെ പോയത് നമ്മിലുള്ള അനൈക്യമായിരുന്നു എന്നു നാം തിരിച്ചറിയണം. മതേതരത്വത്തിന്റെ ഊഷ്മളത അനുഭവിച്ചുകൊണ്ടിരുന്ന കേരളീയർ, ഇന്ന് രാഷ്ട്രീയ പാർട്ടികൾ പ്രത്യേക മതവിഭാഗത്തിനു വേണ്ടി നടത്തുന്ന പ്രീണനങ്ങളിൽ പൊറുതിമുട്ടി ആകെ അസ്വസ്ഥമായിരിക്കുന്നു.

> **"മതവികാരം തൊടുപുഴയിൽ ജോസഫ് മാസ്റ്ററുടെ കരങ്ങൾ വിച്ഛേദിച്ചപ്പോഴും, പാലാ ബിഷപ്പിന്റെയും, താമരശ്ശേരി ബിഷപ്പിന്റെയും പ്രസ്താവനക്കൾക്കെതിരെ അവർ ആക്രോശിച്ചപ്പോഴും അതിനെ പ്രതിരോധിക്കാൻ ഒരു ചെറുവിരൽപോലും അനക്കാൻ നമുക്ക് കഴിയാതെ പോയത് നമ്മിലുള്ള അനൈക്യമായിരുന്നു എന്നു നാം തിരിച്ചറിയണം."**

ക്രിസ്ത്യാനിയുടെ മുഖ്യശത്രു അവൻ തന്നെ ആയിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമുക്ക് ഒരുമ ഉണ്ടാകേണ്ട ആവശ്യകത നാം മനസ്സിലാക്കുകതന്നെ വേണം. ഓർത്തഡോക്സുകാരന് യാക്കോബാക്കാരനെ കണ്ടു കൂടാ. മാർത്തോമ്മാക്കാരന് സി.എസ്.ഐ. ക്കാരനെ കണ്ടു കൂടാ. ക്നാനായക്കാരന് പരസ്പരം കണ്ടുകൂടാ. ഈ എല്ലാ വിഭാഗക്കാരേയും പെന്തിക്കോസുകാരനു കണ്ടു കൂടാ. അങ്ങനെ ഒരേ അപ്പത്തിന്റെ അംശികളായവർ തമ്മിൽ പരസ്പര വൈരത്തിൽ കഴിയുമ്പോൾ, ക്രൈസ്തവരുടെ ഏകോപനം എന്ന സ്വപ്നം വിദൂരമെങ്കിൽ കൂടി നാം ഒന്നിച്ച് ഒരു വോട്ടു ബാങ്ക് ആയാൽ മാത്രമാകും നമുക്ക് നിലനിൽപ്പ് എന്ന സത്യം നാം തിരിച്ചറിയണം. ക്രൈസ്തവ സഭകൾ തമ്മിൽ വേർതിരിക്കുന്ന സ്വാർത്ഥതയുടെ മതിലുകളുടെ ഉയരം കുറക്കുകയും, ഒരേ ദൈവത്തെ വിശ്വസിക്കുകയും, ആരാധിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തിന്റെ കാഴ്ചപ്പാടുകൾ ഒന്ന് ഏകീകരിക്കുകയും ചെയ്യാനായാൽ മാത്രമെ നാം നേരിടുന്ന അവഗണനയ്ക്കു പരിഹാരമാകൂ. ●

# ഭൂമിയുടെ ന്യായാധിപതിയേ എഴുന്നേൽക്കണമേ (സങ്കീ. 94:27)

അമ്മാൾ രാജൻ, പുളിമൂട്ടിൽ, സീതത്തോട്

മുന്നറിയിപ്പുകളെ അവഗണിക്കുന്ന ഒരു സമൂഹത്തിലാണ് ഇന്നത്തെ ജീവിതം. എല്ലാം നിസ്സാരമായി കാണുന്നു. സാധാരണ ആരും വീഴുന്നത് വലിയ കല്ലിൽ തട്ടിയല്ല ചെറിയ കല്ലിൽ തട്ടിയാണു വീഴുന്നത്. കാരണം വലിയ കല്ലു കണ്ടാൽ നമ്മൾ ശ്രദ്ധിക്കും. ചെറിയ കല്ലുകൾ സൂക്ഷിക്കാറില്ല. മുന്തിരിവള്ളി നശിപ്പിക്കുന്ന കുറുക്കന്മാരെ ചെറുകുറുക്കന്മാരെ തന്നെ പിടിച്ചു തരുവീൻ (ഉത്ത.2:15). ആത്മീയ ജീവിതത്തിൽ ശ്രദ്ധിക്കേണ്ടത് ചെറുകുറുക്കന്മാരെയാണ്. ഏതു പാപവും ചെറുതായി അടുത്തു വന്ന് അത് മാരകപാപമായി മാറിക്കൊണ്ടിരിക്കുന്നു. നമ്മുടെ ശരീരത്തുണ്ടായിക്കൊണ്ടിരിക്കുന്ന ചെറിയ രോഗങ്ങൾ ഒടുവിൽ കാൻസർപോലെയുള്ള വലിയ രോഗങ്ങളായി മാറുന്നതുപോലെ ചെറിയ ചെറിയ പാപങ്ങൾ ആത്മാവിനെ കാർന്നുതിന്നുന്ന വലിയ രോഗങ്ങളായി മാറുന്നു എന്നു നാം അറിയുന്നില്ല. ഹിമാലയത്തിൽ ഹിമ കരടിയുണ്ട്. അതിനെ പിടിക്കുവാൻ ഒരു മാർഗ്ഗവുമില്ല. അതു ഭയങ്കര ആക്രമകാരിയാണ്, മനുഷ്യനെ കണ്ടാൽ കടിച്ചുകീറി കൊല്ലും. അതിനെ പിടിയ്ക്കാനായി വേട്ടക്കാർ ചെയ്യുന്നത് ഏതെങ്കിലും മൃഗത്തെ കൊന്ന് അതിന്റെ ചോര തുണിയിൽ മുക്കി ഇരുവശവും മൂർച്ചയുള്ള ഒരു വാളിൽ ചുറ്റി എവിടെയെങ്കിലും ഉറപ്പിച്ചു വയ്ക്കും. കരടിവന്നു ഈ തുണിയിൽ നക്കും. നക്കിനക്കി ഈ വാളിന്റെ വാൾ തലകൊണ്ടു ഇതിന്റെ നാക്കും മുറിയും; ഇത് അറിയത്തില്ല. ഒടുവിൽ ഇതിന്റെ രക്തം തന്നെയാണ് ഇതു നക്കിക്കൊണ്ടിരിക്കുന്നത് എന്ന് അതറിയുന്നില്ല. അതിന്റെ ശരീരത്തിലെ രക്തം മുഴുവൻ അതറിയാതെ തന്നെ കുടിച്ചുപോകുകയും അത് ചത്തു വീഴുകയും ചെയ്യും.



അതുപോലെതന്നെയാണ് ഇന്നു മനുഷ്യരെ കെണിയിൽ വീഴ്ത്താൻ സാത്താൻ പല മോഹന വാഗ്ദാനങ്ങളും മനുഷ്യന്റെ മുമ്പിൽ നിരത്തിവയ്ക്കും, ഏതിൽ വീണുപോകുമെന്നറിയാതെ മോഹന വാഗ്ദാനങ്ങളുടെ പിന്നാലെ പോകും. വീണു കഴിഞ്ഞാൽ പിന്നെ തിരിച്ചുവരവ് എളുപ്പമല്ല. വീഴുന്നതിനു മുൻപേ രക്ഷപെടുത്തണം. ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസ്യപ്പിക്ക അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല. (സദൃ.22:6).

ലോകപ്രകാരം ചിന്തിച്ചാൽ അടിയുറച്ചു നിൽക്കുന്ന ഒരു കോൺഗ്രസുകാരന്റെ വോട്ടു കമ്യൂണിസ്റ്റുകാരനു കൊടുക്കുമോ- പല വാഗ്ദാനങ്ങളും പറഞ്ഞ് വലിയ അറിവൊന്നുമില്ലാത്ത ഒരു കോൺഗ്രസുകാരനെ വേണമെങ്കിൽ കമ്മ്യൂണിസ്റ്റിനു വോട്ടു പിടിച്ചെടുക്കാം. രാഷ്ട്രീയക്കാരു കയറി ഇറങ്ങുന്നത് കിട്ടാൻ വഴി കുറവാണെന്നുള്ളടത്താണ്. കാരണം കാൻവാസു ചെയ്ത് നേടിയെടുക്കാൻ നോക്കും. ഇതുതന്നെയാണ് സാത്താന്റെ ഇടപെടീലും - ഒന്നു ശ്രമിച്ചാൽ തട്ടിയെടുക്കാം എന്നുള്ളടത്ത് തീർച്ചയായും കയറി ഇറങ്ങും. ചിലപ്പോൾ നമുക്ക് സുഖസൗകര്യങ്ങൾ തന്നായിരിക്കാം, ചിലപ്പോൾ ദുഃഖങ്ങൾ തന്നായിരിക്കാം. സുഖസൗകര്യങ്ങളൊക്കെ ആകുമ്പോൾ കൂട്ടുകാരും നാട്ടുകാരും കൂടെ കൂടും, പ്രാർത്ഥിക്കുവാനും ഒക്കെ സമയം കുറവായി പോകും. വലിയ ആൾക്കാരുമായി കമ്പനി കൂടി നടക്കും അവിടെ സാത്താന്റെ വിളയാട്ടം നടക്കും. പാവപ്പെട്ടവർ അവന്റെ പ്രയാസങ്ങളും ആവലാതിയും കാരണം പ്രാർത്ഥിക്കാൻ ഉദാസീനനാകും. ഇതിനൊക്കെ പിടിച്ചു നിൽക്കാൻ ദൈവത്തിന്റെ സംരക്ഷണം വേണം. തുച്ഛമായി നമുക്കുകിട്ടുന്ന ഈ ലോകജീവിതത്തേക്കാൾ അനശ്വരമായ സ്വർഗീയ ജീവിതത്തെ സ്വപ്നം കാണാൻ കഴിഞ്ഞാൽ ജീവിത പ്രതിസന്ധിയിൽ ഒരിക്കലും തളരേണ്ടി വരുകയില്ല. നമ്മൾ ഒരു മനുഷ്യനെ ഭാഗ്യവാൻ എന്നു പറയുന്നത് അവന്റെ പണവും പ്രതാപവും വലിയ ജോലിയും മറ്റു ബാഹ്യമായ കാര്യങ്ങൾ കണ്ടുകൊണ്ടാണ്. ഇവരിൽ എത്രപേർ സുഖമായി കിടന്നുറങ്ങുന്നുണ്ട്. ചില സങ്കടങ്ങളും പ്രയാസങ്ങളും കാലം നമുക്ക് നൽകുന്നത് നമ്മളെ തോൽപ്പിയ്ക്കാനല്ല മറിച്ച് ഒരിക്കലും ഒരിടത്തും തോൽക്കാതിരിക്കാൻ വേണ്ടിയാണ്, ജീവിതത്തെ അടുത്തറിയാൻ വേണ്ടിയാണ്. ദൈവത്തെ ഹൃദയത്തിൽ കുടിയിരുത്തുവാനുള്ള കൃപയ്ക്കാണ്. ദൈവത്തെ ഹൃദയത്തിൽ കുടിയിരുത്തിയിട്ടുണ്ടെങ്കിൽ ഒരു സാത്താന്റെ ശക്തിയ്ക്കും നമ്മേ തോൽപ്പിക്കാൻ കഴിയില്ല. ശുദ്ധമുള്ള ബാവ കുടിയിരിക്കുന്ന ഭവനങ്ങളാക്കി ഞങ്ങളെ തീർക്കണമെന്ന് പിതാക്കന്മാർ നമ്മേ പഠിപ്പിച്ചിരിക്കുന്ന സന്ധ്യാ പ്രാർത്ഥന ദൈവം നമ്മളിൽ ഇടം പിടിയ്ക്കാനാണ്. ആരെങ്കിലും നമ്മുടെ വീട്ടിൽ വരുന്നെന്നു കണ്ടാൽ എത്ര ഭംഗിയായി വീടൊക്കെ നമ്മൾ വൃത്തിയാക്കും. അങ്ങനെയെങ്കിൽ ഈ ലോകത്തിന്റെ മുഴുവൻ അധികാരി ആയവൻ എന്റെ ശരീരമാകുന്ന ഈ വീടിനുള്ളിൽ വരണമെങ്കിൽ ശരീരം എത്രമാത്രം ഒരുക്കിയിടണം. സാത്താനെ തോൽപ്പിക്കുവാൻ, നമ്മളോടെതിർക്കുന്ന സാത്താനെ യുദ്ധക്കളത്തിൽ തോല്പിക്കാൻ ദൈവത്തെ നമ്മളിൽ കുടിയിരുത്തിയില്ലെങ്കിൽ വരും തലമുറയ്ക്കും നമുക്കും നാശത്തിന്റെ തുടക്കമായി തന്നെ തീരും.

# അരങ്ങിനപ്പുറത്തെ അണിയറ യാഥാർത്ഥ്യങ്ങൾ

റ്റി.എം. തോമസ്, കൊച്ചുപുരയ്ക്കൽ തുണ്ടിയിൽ, കല്ലിശ്ശേരി

ചെങ്ങന്നൂരിനടുത്തുള്ള കല്ലിശ്ശേരിയിലുള്ള മരുപ്പച്ച വയോധിക ഭവനത്തിലെ ചില അന്തേവാസികളുടെ ദൃശ്യ ജീവിതത്തിനു പിന്നിൽ മറഞ്ഞു കിടന്നിരുന്ന യാഥാർത്ഥ്യ ങ്ങൾ.

1) രാമചന്ദ്രൻ നായർ 83 വയസ്

15-8-2008 ൽ ഉച്ചയ്ക്ക് ഏകദേശം മൂന്നുമണി കഴിഞ്ഞ സമയം മരുപ്പച്ച വൃദ്ധഭവനത്തിന്റെ മുമ്പിലായി ഒരു ഓട്ടോ റിക്ഷ വന്നു നിന്നു. അതിൽനിന്നും ഒരു ഹൈന്ദവ സന്യാസി ശ്രേഷ്ഠനു അനുയോജ്യമായ കാവി വസ്ത്രവും താടിമീശയും രുദ്രാക്ഷ മാലകളും ചന്ദനക്കുറികളുമൊക്കെ യായി ഒരാൾ ഇറങ്ങി വന്നു. പരസഹായത്താലാണ് ഓട്ടോ യിൽനിന്നു ടി യാൻ ഇറങ്ങിയത്. കോന്നിയിൽനിന്നും വരി കയാണെന്നും ചെങ്ങന്നൂരിലുള്ള സ്നേഹധാര എന്ന ഭവ നത്തിലേക്ക് പോകാൻ ഓട്ടോറിക്ഷ വിളിച്ചപ്പോൾ സ്വാമി യുടെ ആവശ്യങ്ങളും അവശതകളും കണ്ടപ്പോൾ ഓട്ടോ ക്കാരൻ പറഞ്ഞു സ്വാമി അങ്ങേയ്ക്ക് അനുയോജ്യമായതു മരുപ്പച്ച എന്ന സ്ഥാപനമാണെന്നു പറഞ്ഞു ഓട്ടോക്കാരൻ കൊണ്ടിറക്കിയതാണന്നു സ്വാമി പറഞ്ഞു. നടക്കാൻ ബുദ്ധി മുട്ടും എന്തൊക്കെയോ അസ്വസ്ഥതകളും കണ്ടിരുന്നു. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ആവ ശ്യപ്രകാരം കാവിവസ്ത്രവും താടിയും ജടയും രുദ്രാക്ഷ മാലകളും വെടിഞ്ഞു ഒരു സാധാരണ വയോധികനായി മാറി. ഭവനത്തിലെ ക്രിസ്ത്യൻ രീതിയിലുള്ള ആരാധ നയ്ക്ക് വലിയ താല്പര്യം കാണിച്ചിരുന്നില്ല, എന്നിരുന്നാലും സ്വാമിയുമായുള്ള സംസാരത്തിൽ ഒരു കാര്യം എനിക്കു വ്യക്തമായി. സ്വാമിക്ക് ബൈബിളിൽ അവഗാഹമായ അറിവുണ്ടെന്ന്. അപ്പോൾ ഞാൻ ധരിച്ചത് വൈദിക വൃത്തി യിലേക്കുപോകുന്ന ക്രിസ്ത്യൻ പാതിരിമാർ രാമായണം, ഭാഗവതം, ഖുറാൻ ആദിയായ എല്ലാ മത ഗ്രന്ഥങ്ങളും പഠി ക്കുന്നതുപോലെ സ്വാമിയും ബൈബിൾ പഠിച്ചതായിരിക്കും എന്നാണ്.

ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ കോന്നി യിൽനിന്നും ഒരു കാറിൽ നാലഞ്ചു മാന്യവ്യക്തികൾ വന്നു സ്വാമിയെ തിരക്കി. അവർ എല്ലാവരുംതന്നെ ഗവണ്മെന്റ് സർവ്വീസിൽനിന്നും ഗസറ്റഡ് റാങ്കിലും അല്ലാതെയുമൊക്കെ റിട്ടയർ ചെയ്തവരായിരുന്നു. അവരുമായി സ്വാമി രണ്ടുമൂന്നു മണിക്കൂറുകൾ ചിലവിടുകയും സ്വാമിയുടെ ഗ്രഹന ശേഖ രത്തിൽനിന്നു റഫർ ചെയ്തുകൊണ്ടു ഹൈന്ദവ മൂല്യങ്ങ ളെപ്പറ്റി ക്ലാസുകൾ എടുത്തുകൊണ്ടിരുന്നു. ഈ വ്യക്തികൾ ഇടയ്ക്കിടെ ഭവനത്തിൽ കടന്നുവന്നു സ്വാമിയുമായി ഏതാനും മണിക്കൂറുകൾ ചിലവിട്ടിരുന്നു.

അങ്ങനെ 26-02-2009 ൽ സ്വാമിദിവംഗതനായി. കോന്നി യിൽനിന്നും വന്നിരുന്ന വ്യക്തികളെ മരണ വിവരമറിയിച്ചു. അവരെല്ലാവരും കടന്നുവന്നുവെങ്കിലും മൃതശരീരം അവർക്ക് എവിടെയും കൊണ്ടുപോകാനില്ല. അതിനാൽ ഞങ്ങൾ തന്നെ സംസ്ക്കരിച്ചു കൊള്ളാൻ പറഞ്ഞു. സംസ്ക്കരിക്കയും ചെയ്തു.

കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ മലബാർ ഭാഗ ത്തുനിന്നും വന്ന ഒരു ഫോൺകോൾ ഞങ്ങളെ അത്ഭുതപ്പെ ടുത്തി രാമചന്ദ്രൻ നായർ എന്ന ഒരാൾ അവിടെ അന്തേവാ സിയായി ഉണ്ടോ എന്നാണു തിരക്കിയത്. മരണവിവരം പറ ഞ്ഞപ്പോൾ അവിടെനിന്നും ലഭിച്ച വിവരങ്ങൾ ഞങ്ങളെ അത്ഭുത പരതന്ത്രരാക്കി. വിളിക്കുന്നത് ടിയാന്റെ മകനാ ണെന്നും എന്റെ പേര് എൽദോസ് എന്നാണെന്നും ഞങ്ങൾ എൽസി, അന്തോണി, ഏലി എന്നീ 4 പേരാണെന്നും ഞങ്ങ ളുടെ അമ്മയും ഇവിടെയുണ്ടെന്നും പറഞ്ഞു. എന്തോ നിങ്ങൾക്ക് ആളു മാറി പോയതായിരിക്കാമെന്നു പറഞ്ഞ പ്പോൾ ഞങ്ങൾ അവിടെ വന്നു വിവരങ്ങൾ ധരിപ്പിക്കാമെന്നു പറഞ്ഞു ഫോൺ വച്ചു. രണ്ടു ദിവസങ്ങൾ കഴിഞ്ഞപ്പോൾ ആൺ മക്കൾ രണ്ടുപേർ ഇവിടെ വന്നു. അവർ പറഞ്ഞ യാഥാർത്ഥ്യങ്ങൾ അത്ഭുതത്തോടുകൂടി മാത്രമേ കേൾക്കാൻ സാധിച്ചുള്ളു.

കോന്നിയിൽ നിന്നും അച്ചൻ വളരെ ചെറുപ്പത്തിൽ മല ബാറിൽ എത്തുകയും അവിടെ ഒരു യാക്കോബായ പള്ളി യിലെ അച്ചനുമായി പരിചയപ്പെട്ടു ക്രിസ്തുമതം സ്വീകരിച്ചു അദ്ദേഹത്തിന്റെ താൽപര്യ പ്രകാരം അച്ചൻ അദ്ദേഹത്തെ ഏതോ ബൈബിൾ കോളേജിൽ വിട്ടു ഒരു സുവിശേഷക നായി മാറി മലബാറിലുള്ള പള്ളികളുടെ സുവിശേഷകനായി പ്രവർത്തിച്ചു വന്നിരുന്നു. ഏതോ ഒരു പള്ളി ട്രസ്റ്റിയുടെ മകളെ വിവാഹം കഴിച്ച് 40 ൽ പരം വർഷങ്ങൾ സുവിശേഷ വേലയിൽ തുടർന്നിരുന്നു. ഈ കാലയളവിൽ 4 മക്കളും ജനി ച്ചിരുന്നു.

പിന്നെ എപ്പോഴോ ഞാൻ ഹൈന്ദവ മാർഗ്ഗത്തിലേക്കു തിരി കെ പോകയാണെന്നും പറഞ്ഞു എവിടെക്കോ പോയി. ആ പോക്കിൽ എവിടെയോ പോയി ഹൈന്ദവ വേദങ്ങൾ പഠിച്ചു ജന്മ നാടായ കോന്നിയിൽ എത്തി വേദപഠന ക്ലാസുകൾ ആരം ഭിക്കയായിരുന്നു എന്നു കരുതുന്നു. ശാരീരിക അസ്വസ്തത കളാൽ സ്വയം ജീവിക്കാൻ പറ്റാത്ത സാഹചര്യമായപ്പോൾ അനാഥ മന്ദിരം തേടി പോകുകയായിരുന്നു.

അവിശ്വസനീയമായ കുറേ യാഥാർത്ഥ്യങ്ങൾ എന്നല്ലാതെ എന്താണ് പറയുക

*(തുടരും)*

# അടിമ പെൺകുട്ടി

ഷീജ ചാക്കോ, കൈപ്പകശ്ശേരിൽ, ഇരവിപേരൂർ

നമുക്ക് ലഭിച്ചിരിക്കുന്ന വിശ്വാസം മറ്റുള്ളവരിലേക്ക് കൈമാറുന്നത് എത്ര ശ്രേഷ്ഠമാണ്, അനുഗ്രഹമാണ്. നമ്മളിൽ ഓരോരുത്തരിൽ നിന്നും ദൈവം ഇത് ആഗ്രഹിക്കുന്നു. 2 രാജാക്കന്മാർ 5-ാം അദ്ധ്യായത്തിൽ ഒട്ടും പ്രശസ്തി ആർജിക്കാത്ത ഒരു കഥാപാത്രത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. അത് വേറെ ആരും തന്നെ അല്ല, "നയമാന്റെ വീട്ടിലെ അടിമ പെൺകുട്ടി". അപ്രതീക്ഷമായ ഒരു ദിവസം ആരാമ്യർ കടന്നു വരികയും യിസ്രായേൽ ജനത്തെ ഉപദ്രവിക്കുകയും ചെയ്യുന്നു. ഒരു കൊച്ചു പെൺകുട്ടിയെ അടിമയാക്കി യിസ്രായേൽ ദേശത്തുനിന്നും പിടിച്ചു കൊണ്ടു പോവുക എന്നത് എത്ര ദുഃഖകരമാണ്, ഭയാനകമാണ്. അതും തന്റെ കുടുംബത്തിൽ നിന്നും അടർത്തിമാറ്റി ഒരു അടിമയാക്കി കൊണ്ടുപോവുക എന്നത് എത്ര വേദനാ ജനകമാണ്. അവൾ എന്തുമാത്രം കരഞ്ഞിട്ടുണ്ടാവണം. എന്നാൽ ദൈവം അവളുടെ കണ്ണുനീരിനെ തന്റെ തുരുത്തിയിൽ ആക്കി വെച്ചു, യഹോവയുടെ കൃപ അവളുടെ മേൽ വന്നു.

നയമാന്റെ വീട്ടിൽ എത്തിച്ചേരുക എന്നത് ദൈവത്തിന്റെ വലിയ ഒരു പദ്ധതി ആയിരുന്നു. അങ്ങനെ അവൾ നയമാന്റെ ഭാര്യക്ക് അടിമയായി വളരെ വിശ്വസ്തതയോടും, സ്നേഹത്തോടും ശുശ്രൂഷ ചെയ്തു. തന്റെ യജമാനത്തിക്കും അവളോട് സ്നേഹവും കരുണയും തോന്നുവാൻ ദൈവം ഇടയാക്കി.

കുഷ്ഠരോഗിയായ തന്റെ യജമാനന് സൗഖ്യം ലഭിക്കണമെന്ന് അവൾ ആഗ്രഹിച്ചു. തന്റെ യജമാനത്തിയോട്, യജമാനൻ ശമര്യായിലെ പ്രവാചകന്റെ അടുക്കൽ ഒന്നു ചെന്നെങ്കിൽ യജമാനന് സൗഖ്യം ലഭിക്കുമായിരുന്നു. അങ്ങനെ നയമാൻ രാജാവിനെ വിവരം അറിയിക്കുകയും, പ്രവാചകന്റെ അടുക്കലേക്ക് പോവുകയും ചെയ്യുന്നു.

ആരായിരുന്നു ആ പ്രവാചകൻ? വേറെ ആരും തന്നെ അല്ല നമ്മുടെ "എലീശാ പ്രവാചകൻ". അങ്ങനെ നയമാൻ പ്രവാചകനെ കാണുന്നു, പിന്നെ എന്തൊക്കെ സംഭവിച്ചു എന്നത് നമുക്ക് ഏവർക്കും അറിയാവുന്നതാണ് നയമാന് സൗഖ്യം ലഭിക്കുന്നു, അങ്ങനെ നയമാനും, കുടുംബവും യഹോവയെ ആരാധിക്കാൻ തുടങ്ങി.

ഒരു അടിമ പെൺകുട്ടി തന്റെ യഹോവയുടെ നാമം അന്യദേശത്ത് പറയാൻ തയ്യാറായപ്പോൾ ദൈവനാമം മഹത്വപ്പെടാൻ ഇടയായി. നമുക്കും ഇതിന് സാധിക്കണം. ഒരു അടിമ പെൺകുട്ടിമൂലം നയമാന്റെ ശരീരത്തിനു മാത്രമല്ല, ആത്മാവിലും അവൻ സ്വതന്ത്രനായി.

അവളിലെ വെളിച്ചം പറയിൻ കീഴിൽ ഒതുക്കി നിർത്താതെ, മലമേൽ ശോഭിക്കുന്ന പട്ടണംപോലെ ഉയർന്നു പ്രകാശിച്ചു.

തന്റെ യജമാനന് സൗഖ്യം ലഭിച്ചപ്പോൾ അവൾ എത്രമാത്രം സന്തോഷിച്ചിട്ടുണ്ടാവും. അടിമയായി ജീവിച്ചപ്പോഴും തന്റെ 'വിശ്വാസത്തിൽ' ഉറച്ചുനിന്നു. തികച്ചും വിഗ്രഹാരാധികളുടെ നടുവിൽ ദൈവത്തോട് പറ്റിനിന്ന് ഉത്തമസാക്ഷിയായി അവൾ ജീവിച്ചു. തന്റെ യജമാനത്തിയോട് കാണിച്ച "വിശ്വസ്തത, അതു കൊണ്ടാണല്ലോ അടിമ പെൺകുട്ടിയുടെ വാക്കിന് അവർ വില കൊടുത്തത്. ആരോടും തന്റെ ദൈവത്തെപ്പറ്റി പറയാൻ അവൾ കാണിച്ച "ധൈര്യം" എത്ര പ്രശംസിച്ചാലും പോരാ.

അവൾ അടിമയായി അവിടെ വന്നില്ലായിരുന്നു എങ്കിൽ നയമാനും കുടുംബവും കുഷ്ഠരോഗികൾ മാത്രമല്ല നിത്യനരകത്തിന് ഓഹരിക്കാരായി തീരുകയും ചെയ്യുമായിരുന്നു. തീർച്ചയായും അവൾ തന്റെ ബന്ധനത്തിനു ദൈവത്തിനു നന്ദി പറഞ്ഞിട്ടുണ്ടാവും. പൗലോസ്ശ്ലീഹായെപോലെ സുവിശേഷത്തിന്റെ അഭിവൃദ്ധിക്ക് അവൾ കാരണമായി.

പിന്നീട് നയമാന്റെ വീട്ടിലെ അടിമയായി തുടരേണ്ടിവന്നു കാണില്ല. ഫറവോൻ യോസേഫിനെ ആദരിച്ചതുപോലെ നയമാൻ ഈ പെൺകുട്ടിയെ തന്റെ കുടുംബത്തിലും ഉയർത്തി കാണുകയില്ലെ? സ്വർഗ്ഗത്തിൽ അവൾ എത്രമാത്രം ബഹുമാനിക്കപ്പെട്ടു കാണും?



വളരെ ചുരുക്കം വാക്കുകളിൽ മാത്രമാണ് ഈ പെൺകുട്ടിയെക്കുറിച്ച് ബൈബിളിൽ പറയുന്നത്. അവളുടെ കഴിവും സാദ്ധ്യതയും പരിമിതമായിരുന്നു. എങ്കിലും തക്ക സമയത്ത് തന്റെ വിശ്വാസം ബുദ്ധിപൂർവ്വം ഉപയോഗിച്ചതായി കാണാൻ സാധിക്കുന്നു ഇതുപോലെ നമ്മുടെ വിശ്വാസം പരിശുദ്ധാത്മാവിനാൽ മറ്റുള്ളവർക്ക് പകരുവാൻ നമുക്ക് ഓരോരുത്തർക്കും ഇടയാകട്ടെ.

# മല്ലനെ തോൽപ്പിക്കാൻ ബാലന് കഴിഞ്ഞതെങ്ങനെ?

സീമ ഷിന്റോ, കന്നിയേൽ, റാന്നി

യിസ്രയേലിനെതിരെ വന്ന ഫെലിസ്ത്യ മല്ലനായ ഗോലിയാത്തിന്റെ കഥ നമുക്കേവർക്കുമറിയാം. ഗോലിയാത്ത് ജീവനുള്ള ദൈവത്തിന്റെ സൈന്യത്തെ നിന്ദിക്കുന്നതു കണ്ട് ദാവീദ് എന്ന യുവാവ് മല്ലനെ തോൽപ്പിക്കാനായി മുന്നോട്ടു വരുന്നു. ദാവീദ് യുവാവാണെന്നും ഒരു ഫെലിസ്ത്യ മല്ലനെ തോൽപ്പിക്കാനുള്ള കഴിവ് ഇല്ല എന്നും രാജാവായ ശൗൽ ഓർമ്മിപ്പിക്കുന്നു. എന്നാൽ ദാവീദ് താൻ വിജയം നേടും എന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് മല്ലനെ നേരിടാൻ തയ്യാറാകുന്നു. ശൗൽ തന്റെ പടയങ്കി ദാവീദിനെ ധരിപ്പിച്ച് അവന്റെ ശിരസ്സിൽ താമ്രശിരസ്ത്രം വച്ച് സ്വന്തം കവചവും അവനെ ധരിപ്പിച്ചു. എന്നാൽ അതുകൊണ്ടു നടക്കാൻ ശീലമില്ലാത്തതിനാൽ ദാവീദ് അതെല്ലാം ഉപേക്ഷിച്ച് തന്റെ വടി എടുത്ത് തോട്ടിൽനിന്നും മിനുസമുള്ള അഞ്ച് കല്ലും തിരഞ്ഞെടുത്ത് തന്റെ സഞ്ചിയിലിട്ട് ഫെലിസ്ത്യ മല്ലനെ വകവരുത്താൻ പുറപ്പെടുന്നു.



ഫെലിസ്ത്യൻ ദാവീദിനെ കണ്ടതു മുതൽ കളിയാക്കുവാനും പരിഹസിക്കുവാനും തുടങ്ങി. എന്നാൽ വിജയം ദാവീദിന്റെതായിരുന്നു. ഫെലിസ്ത്യ മല്ലനായ ഗോലിയാത്തിനെ ദാവീദ് തോൽപ്പിച്ചത് ഒരേ ഒരു വാചകത്തിന്റെ ബലത്തിലാണ്. മല്ലൻ ചിരിച്ചുകൊണ്ട് കളിയാക്കിയപ്പോൾ ദാവീദ് പറഞ്ഞ ഒറ്റ ഉത്തരത്തിലാണ് വിജയം ദാവീദിനെ തേടിയെത്തിയത്. ദാവീദ് ഫെലിസ്ത്യനോട് പറഞ്ഞത് “നീ വാളും, കുന്തവും, വേലുമായി എന്റെ നേരെ വരുന്നു. ഞാനോ നീ നിന്ദിച്ചിട്ടുള്ള യിസ്രയേൽ നിരകളുടെ ദൈവമായ സൈന്യങ്ങളുടെ, യഹോവയുടെ നാമത്തിൽ നിന്റെ നേരെ വരുന്നു.” “You come to me with sword, spear and javelin, but I come to you in the name of the Lord Almighty - the God of the armies of Israel whom you have defied."

ഫെലിസ്ത്യൻ ദാവീദിനോട് എതിർപ്പാൻ നേരിട്ടടുത്തപ്പോൾ ദാവീദ് സഞ്ചിയിൽ കയ്യിട്ട് ഒരു കല്ലെടുത്ത് കവിണയിൽ വച്ച് വീശി ഫെലിസ്ത്യന്റെ നെറ്റിക്കെറിഞ്ഞു. കല്ല് അവന്റെ നെറ്റിയിൽകൊണ്ട് അവൻ കവിണുവീണു. “യുദ്ധം യഹോവയ്ക്കുള്ളതാണ്”. നമ്മുടെ ജീവിതത്തിലും യുദ്ധങ്ങളുണ്ട്. എന്നാൽ സീയോനു വേണ്ടി യുദ്ധം ചെയ്യാൻ സെഹിയോൻ പർവ്വതത്തിൽ ഇറങ്ങി വരുന്ന ദൈവത്തിന്റെ കൈകളിലേക്ക് നമ്മുടെ പ്രതിസന്ധികളെ കൊടുക്കുക. അവിടുന്ന് നമുക്ക് വേണ്ടി യുദ്ധം ചെയ്യും. ദാവീദിനെപ്പോലെ നമുക്കും ജീവിക്കാം. വാളിലോ, പരിചയിലോ, മനുഷ്യബലത്തിലോ ആശ്രയിക്കരുത്. മനുഷ്യനിലുള്ള ആശ്രയം വ്യർത്ഥമാണ്. ദൈവത്താൽ നാം വീര്യം പ്രവർത്തിക്കും. അവിടുന്ന് ബലഹീനരെ ബലവാന്മാരാക്കുന്നു, നമ്മുടെ കുറവുകളെ നിറവുകളാക്കുന്നു. വീണവരെ താങ്ങുന്നു, കുനിഞ്ഞിരിക്കുന്നവരെ എഴുന്നേൽപ്പിക്കുന്നു, നിഷ്ക്കളങ്കരെ നേരെയുള്ള മാർഗ്ഗത്തിൽ നടത്തുന്നു.

പ്രതിസന്ധികളിൽ പ്രത്യാശയോടെ മുന്നേറാനുള്ള കരുത്ത് ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസത്താൽ നമുക്ക് നേടിയെടുക്കാവുന്നതാണ്. ജീവിതത്തിലെ യുദ്ധങ്ങളും, പ്രയാസങ്ങളും, വേദനകളുമെല്ലാം അവിടുന്ന് അറിയുന്നു. എല്ലാം അവിടുത്തെ കരങ്ങളിലേക്ക് ഏൽപ്പിച്ചു കൊടുക്കുക.

‘He will make everything beautiful in his time.” ദൈവമുണ്ട് കൂടെ, വിശ്വസിക്കാം... മുന്നേറാം...




അഖിൽ മനോജ്, പുന്നൂച്ചേരിൽ

## സ്ലീബാ പെരുന്നാളിനുശേഷം ആറാം ഞായർ (വി. ലൂക്കോസ് 18: 18 – 27) 22 – 10 – 2023

നിത്യജീവൻ തനിക്ക് ലഭിക്കുമോ എന്ന് അറിയുന്നതിന് യേശുവിന്റെ അടുക്കലേയ്ക്ക് വരുന്ന ഒരു യഹൂദപ്രമാണിയ്ക്ക് യേശു നൽകുന്ന ഉപദേശങ്ങളാണ് ഈ വേദഭാഗത്ത് പ്രതിപാദിച്ചിരിക്കുന്നത്. ആത്മീയ വളർച്ചയിൽ ഉത്സാഹം ഉള്ളവനായിരുന്ന ധനികനായ യഹൂദ പ്രമാണിയിൽ നമുക്ക് ശ്രേഷ്ഠ ഗുണങ്ങൾ ദർശിക്കുവാനായി സാധിക്കും.

**1. യേശുവിനെ നല്ല ഗുരുവായി അംഗീകരിച്ച് ആദരിക്കുന്നവൻ**

മർക്കോസിന്റെ സുവിശേഷത്തിൽ ഈ സംഭവം പറയുന്നിടത്ത് യഹൂദപ്രമാണി യേശുവിന്റെ അടുക്കൽ വന്ന് മുട്ടുകുത്തി ആദരിക്കുന്നതായി കാണുന്നു (മർക്കോസ്10:17). ഇത് തികച്ചും അനുമോദനീയമാണ്. ഒന്നാം നൂറ്റാണ്ടിലെ പല യഹൂദന്മാരും യേശുവിനെ ഗുരുവായി അംഗീകരിച്ചിരുന്നില്ല. എന്നാൽ ഇവൻ യേശുവിനെ നല്ലവനായ ഗുരുവായി കാണുന്നു. ഗുരു എന്ന വാക്കിന്റെ അർത്ഥം ഇരുട്ടിനെ അകറ്റുന്നവൻ എന്നാണ്; മറ്റുള്ളവരിലെ ഇരുട്ട് അകറ്റി പ്രകാശം പരത്തുന്നവനാണ് ഗുരു. യേശു ലോകത്തിന്റെ പ്രകാശമാകുന്നു. ഇത് ഈ യഹൂദപ്രമാണി അംഗീകരിക്കുന്നത് അവനിലെ നന്മയെയാണ് കാട്ടുന്നത്.

**2. ന്യായപ്രമാണം അനുസരിച്ച് ജീവിക്കുന്നവൻ**

ആത്മീയ കാര്യങ്ങൾക്ക് ചെലവഴിക്കുവാൻ സമയമില്ലാതെ, നമ്മിൽ പലരെയും പോലെയല്ല ഈ യഹൂദപ്രമാണി. അവൻ പ്രമാണങ്ങൾ അനുസരിച്ച് ജീവിക്കുന്നവനാണ്. നിത്യജീവനെ അവകാശിക്കേണ്ടതിന് എന്തുചെയ്യണം എന്ന ചോദിച്ച അവനോട് യേശു കല്പനകളെക്കുറിച്ച് പറഞ്ഞപ്പോൾ ഇവയെല്ലാം ചെറുപ്പം മുതലേ അനുസരിച്ച് ജീവിക്കുന്നു എന്ന് അവൻ പറയുന്നു. ഇതിനാൽ അവൻ പ്രമാണങ്ങൾ അനുസരിച്ച് ജീവിക്കുന്നവൻ ആണ് എന്ന് തെളിയുന്നു. കല്പനകൾ പാലിച്ച് ജീവിച്ച യഹൂദപ്രമാണിയ്ക്ക് യേശുവിന്റെ അടുക്കൽ വരുവാനും ദർശിക്കുവാനും സാധിച്ചു. ഇന്ന് നമ്മിൽ പലർക്കും ദൈവസാന്നിധ്യമുള്ള ദൈവാലയത്തിൽ വന്ന് ദൈവത്തെ ദർശിച്ചുകൊണ്ട് ആരാധിക്കുവാൻ സമയം കിട്ടാത്തത് കല്പനകൾ പാലിക്കാതെ ജീവിക്കുന്നത് കൊണ്ടായിരിക്കാം. ഇന്ന് പലർക്കും തങ്ങളുടെ ആത്മീയ വളർച്ചയെക്കാളുപരി ഭൗതിക വളർച്ചയിലാണ് ഇഷ്ടം. റോഡ് നിയമങ്ങൾ ലംഘിച്ച് വാഹനം ഓടിച്ചാലും, ഹെൽമെറ്റ് വയ്ക്കാതെ ഇരുചക്രവാഹനം ഓടിച്ചാലും, സീറ്റ് ബെൽറ്റ് ധരിക്കാതെ കാർ ഓടിച്ചാലും ശിക്ഷ ലഭിക്കും എന്ന് നമുക്കറിയാം. ആത്മീയ നിയമങ്ങൾ ലംഘിച്ചാൽ ഇപ്പോൾ അല്ലെങ്കിൽ പിന്നീട് ശിക്ഷ കിട്ടും എന്നത് എപ്പോഴും നാം ഓർക്കേണ്ട സംഗതിയാണ്.

## സ്ലീബാ പെരുന്നാളിനുശേഷം ഏഴാം ഞായർ (വി. മത്തായി 5:21 – 26) 29 – 10 – 2023

കർത്താവിന്റെ ഗിരിപ്രഭാഷണം വി.മത്തായിയുടെ സുവിശേഷത്തിൽ മാത്രമേ ക്രമീകൃതമായ വിധം രേഖപ്പെടുത്തിയിട്ടുള്ളൂ. ഗിരിപ്രഭാഷണത്തിൽ ഉൾപ്പെട്ട ഇന്നത്തെ വേദഭാഗം ആരംഭിക്കുന്നത് കൊല ചെയ്യരുത് എന്ന ആറാം കല്പനയെപ്പറ്റി പറഞ്ഞുകൊണ്ടാണ്. 10 കല്പനയിൽ ആദ്യ 5 എണ്ണം മനുഷ്യനും ദൈവവുമായുള്ള ബന്ധം ശരിയായി കൊണ്ടുപോകുന്നതിന് അനുവർത്തിക്കേണ്ടവയും 6 മുതൽ 10 വരെയുള്ള 5 എണ്ണം മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധം ശരിയായി കൊണ്ടുപോകുന്നതിന് പാലിക്കേണ്ടവയുമാണ്.

**1. യേശുവിന്റെ പഠിപ്പിക്കൽ ആധികാരികമായിരുന്നു.**

യേശുക്രിസ്തുവിന്റെ പഠിപ്പിക്കലിന്റെ ആധികാരികതയെ ചൂണ്ടിക്കാണിക്കുന്നവയാണ് ഞാനോ നിങ്ങളോടു പറയുന്നു എന്ന പ്രസ്താവന. പ്രവാചകന്മാർ ഉപദേശം നൽകുമ്പോൾ, യഹോവ ഇപ്രകാരം അരുളി ചെയ്യുന്നു എന്നേ പറയാറുള്ളൂ. ഇതിന്റെ അർത്ഥം അവർ പറയുന്നത് അവരുടെ അഭിപ്രായമല്ല എന്നാണ്. ദൈവത്തിന്റെ പ്രതിപുരുഷന്മാർക്ക് ഇങ്ങനെ പറയുവാനേ പറ്റുകയുള്ളൂ. എന്നാൽ ദൈവപുത്രന് മാത്രമേ മുകളിൽ പറഞ്ഞപ്രകാരം അധികാരത്തോടെ പറയുവാൻ സാധിക്കുകയുള്ളൂ. പ്രവാചക ശ്രേഷ്ഠനായ മോശ വഴിയും മറ്റും തന്നിട്ടുള്ള നിയമത്തെ മാറ്റുവാനോ അതോടൊപ്പം കൂട്ടിച്ചേർത്തു പറയുവാനുള്ള അധികാരം ദൈവപുത്രനായ യേശുവിന് ഉണ്ട്. പിതാക്കന്മാർ ഈ അധികാരത്തിന് സാരാംശത്തിലുള്ള അധികാരം എന്നാണ് പറയുന്നത്.

കൊല ചെയ്യരുത് എന്നത് ദൈവകല്പനയാണ്. കൊലപാതകം രണ്ടു തരം ഉണ്ട് (1) സ്വയം കൊലചെയ്യുന്നത്. സ്വയം ഇല്ലാതാക്കുവാൻ നടത്തുന്ന എല്ലാ പ്രവർത്തനവും കൊലപാതകമാണ്. (2) മറ്റുള്ളവരെ കൊല ചെയ്യുകയോ അതിനു പ്രേരിപ്പിക്കുകയോ ചെയ്യുന്നത്. യേശു ഈ കല്പനയെ മാറ്റുന്നില്ല പിന്നെയോ കഠിനപ്പെടുത്തിക്കൊണ്ട് ആചരിക്കുവാനായി നൽകുന്നു.

**2. കോപം മരണകരമായ പാപമാണ്.**

കോപം ഒരു വികാരമാണ്. മറ്റ് വികാര വിചാരങ്ങളെപ്പോലെയാണ് കോപവും. നാലാം സങ്കീർത്തനത്തിൽ പറയുന്നു കോപിച്ചാലും പാപം ചെയ്യരുത്. നാം ആരോട് കോപിക്കുന്നുവോ അത് അവരുടെ തിന്മയിൽ നിന്നും നന്മയിലേയ്ക്കുള്ള മാറ്റത്തിന് ആയിട്ടാണ് എങ്കിൽ അത് പാപമല്ല. യേശു അപ്രകാരം ദൈവാലയത്തിൽ വിൽക്കുന്നവരോടും വാങ്ങുന്നവരോടും കോപിക്കുന്നതായി കാണുന്നു. മറ്റുള്ളവരുടെ നാശത്തിന് ഹേതുവാകുന്ന കോപം പൈശാചികമാണ്. കായേൽ ഹാബേലിനോട് കോപിച്ച് അവനെ കൊല്ലുന്നതായി നാം കാണുന്നു. ആകയാൽ കോപം മരണകാരണമായ പാപമാണ്. അത് നമ്മെ ആത്മീയ മരണത്തിലേയ്ക്ക് നയിക്കും. സഹോദരനോട് കോപിക്കുന്നവൻ ന്യായവിധിക്ക്

യോഗ്യനാകുമെന്ന് 22-ാം വാക്യത്തിൽ പറയുന്നു. മരണകാരണമായ ഏഴ് പാപങ്ങൾ ഉള്ളതായി പിതാക്കന്മാർ പഠിപ്പിക്കുന്നുണ്ട്. കോപം, നിഗളം, അത്യാഗ്രഹം, മോഹം, അതിഭക്ഷണം, അസൂയ, അലസത എന്നിവയാണവ. കോപവും ക്രോധവും നമ്മിൽ ഇല്ലാതായാലേ ദൈവവുമായുള്ള ബന്ധം ശരിയായി കൊണ്ടു പോകുവാൻ നമുക്ക് സാധിക്കുകയുള്ളൂ. കോപത്തെ ശമിപ്പിക്കുവാൻ മനസ്സിനെ ഏകാഗ്രമാക്കുക.

## കൂദോശ് ഈത്തോ ഞായർ
## (വി. മർക്കോസ് 8:27 – 33 ) 05 – 11 – 2023

കൂദോശ് ഈത്തോ ഞായർ സഭയുടെ ശുദ്ധീകരണത്തിന്റെ ദിവസമാണ്. സഭയുടെ ശുദ്ധീകരണം എന്നാൽ സഭാമക്കളായ നമ്മളുടെ ഓരോരുത്തരുടെയും ശുദ്ധീകരണമാണ്.

നിങ്ങളെന്നെ ആരെന്ന് പറയുന്നു എന്ന ക്രിസ്തുവിന്റെ ചേദ്യത്തോടുകൂടിയാണ് ഈ വേദഭാഗം ആരംഭിക്കുന്നത്. ശ്ലീഹന്മാരുടെ പ്രതിനിധിയായി നിന്നു കൊണ്ട് നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു എന്ന് പത്രോസ് ശ്ലീഹാ ക്രിസ്തുവിന് മറുപടി കൊടുക്കുന്നു. വി. വേദപുസ്തകം പരിശോധിക്കുമ്പോൾ (വി.യോഹ.1 :34) യേശുവിന്റെ പരസ്യശുശ്രൂഷയുടെ ആരംഭഘട്ടത്തിൽ യോഹന്നാൻ സ്നാപകൻ യേശു ദൈവപുത്രൻ ആണെന്ന് സാക്ഷ്യം പറയുന്നുണ്ട്. യേശുവിനെ അനുഗമിച്ച നഥാനിയേലും യേശുവിനെ ദൈവപുത്രനും, ഇസ്രായേലിന്റെ വരുവാനുള്ള രാജാവ് ആകുന്നു എന്ന് സാക്ഷിക്കുന്നുണ്ട്. ക്രിസ്തു എനിക്ക് ആരെന്ന ചോദ്യം നമ്മുടെ ജീവിതത്തിലും ഉണ്ടാകാം. അപ്പോൾ പതറാതെ യേശു ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു എന്ന് പൂർണ്ണ ബോധ്യം നമുക്കുണ്ടാകണം. ഉയർത്തെഴുന്നേറ്റു വന്ന ക്രിസ്തുവിനെ ദർശിച്ച തോമാശ്ലീഹാ എന്റെ കർത്താവും എന്റെ ദൈവവുമേ എന്ന് ഉറച്ച് ഏറ്റു പറഞ്ഞതുപോലെ നമ്മുടെ ജീവിതത്തിലും ക്രിസ്തു ആരെന്ന ചോദ്യത്തിന് ഇങ്ങനെ മറുപടി പറയുവാനായി സാധിക്കണം. പത്രോസ് ഏറ്റു പറഞ്ഞ വാക്കുകൾ ശിരസാ വഹിച്ചു കൊണ്ട് സ്വർഗ്ഗത്തെ നോക്കി യാത്ര ചെയ്യുന്ന സമൂഹമാണ് സഭ. പ്രാർത്ഥന, നോമ്പ് അനുഷ്ഠാനം, ഉപവാസം, പശ്ചാത്താപം, സ്വയം പരിശോധന എന്നിവയിലൂടെ കടന്നുപോകുന്ന ഈ സഭയെ നശിപ്പിക്കുവാൻ ഒരു ദുഷ്ടാത്മ ശക്തിക്കും കഴിയുകയില്ല. കൂദേശ് ഈത്തോ ദിനത്തിൽ ശുദ്ധീകരണത്തിന്റെ അനുഭവത്തിലേക്ക് വരുന്ന സഭാംഗങ്ങൾ നല്ല ജീവിതത്തിന് ആരംഭം ഇട്ടിരിക്കുന്നതിനാൽ വർഷത്തിൽ ഉടനീളം ദൈവ കൃപയിലൂടെ ജീവിച്ച് നല്ല ഫലം പുറപ്പടുവിക്കുന്നവരാകും.

## ഹൂദോസ് ഈത്തോ ഞായർ
## (വി. യോഹന്നാൻ 10:22 – 38) 12 – 11 – 2023

ഹൂദോസ് ഈത്തോ ഞായർ അഥവാ സഭയുടെ പ്രതിഷ്ഠ പെരുന്നാൾ എന്ന് ഈ ഞായറാഴ്ച അറിയപ്പെടുന്നു. അന്ധകാരത്തിന്മേൽ പ്രകാശം വിജയം നേടിയതിനെയാണ് പ്രതിഷ്ഠ പെരുന്നാൾ അനുസ്മരിക്കുന്നത്. അന്ധകാരം പ്രകാശത്തിന് വഴിമാറിത്തന്നു എന്ന് വിളിച്ചറിക്കുവാൻ ഈ പെരുന്നാളിൽ യഹൂദന്മാർ എവിടെയും ദീപങ്ങൾ കത്തിച്ചുവെക്കുന്നത് പതിവാണ്.

ഇന്നത്തെ വേദഭാഗത്ത് യേശുവിനെ ക്രിസ്തുവായിട്ട് അംഗീകരിക്കാത്ത യഹൂദരെയാണ് കാണുന്നത്. യേശു ദൈവാലയത്തിൽ നിൽക്കുമ്പോൾ തന്റെ ചുറ്റും കൂടിയ യഹൂദന്മാരെ താൻ നല്ല ഇടയനായ ക്രിസ്തുവെന്ന് വിശ്വസിപ്പിക്കുന്നതിനുള്ള ശ്രമം നടത്തുന്നു. എങ്കിലും അവർ യേശുവിനെ നല്ല ഇടയനായി അംഗീകരിക്കുന്നില്ല. അപ്പോൾ യേശു അവരോട് പറയുന്നു അവർ തന്റെ ആട്ടിൻ കൂട്ടത്തിലുള്ളവരല്ലാത്തതിനാൽ തന്നിൽ വിശ്വസിക്കുന്നില്ല എന്ന് വി. യോഹ 6:44 ൽ പറയുന്നു. യേശുവിന്റെ ആട്ടിൻ കൂട്ടത്തിൽ ഉൾപ്പെടണമെങ്കിൽ പിതാവിനാൽ ആകർഷിക്കപ്പെടണം. പിതാവിനാൽ ആകർഷിക്കപ്പെടുമ്പോൾ കാന്തം പച്ചിരുമ്പിനെ രൂപാന്തരപ്പെടുത്തുന്നപോലെ നമ്മിലും രൂപാന്തരം ഉണ്ടാകും. പിതാവിനാൽ ആകർഷിക്കപ്പെടുമ്പോഴാണ് തേജസ്ക്കരണത്തിന്റെ അനുഭവത്തിലുള്ള വളർച്ചയുടെ പാതയിൽ എത്തിച്ചേരുന്നത്. ഇതാണ് രക്ഷ. മാമോദീസ വഴിയാണ് ഈ രക്ഷയിലേയ്ക്ക് നാം എത്തിച്ചേരുന്നത്.

രക്ഷയുടെ അനുഭവത്തിൽ വരുന്നവർ നഷ്ടപ്പെട്ടു പോകാതിരിപ്പാൻ രക്ഷിക്കുന്നവനായ ദൈവം ബലമുള്ള കരം കൊണ്ട് താങ്ങി നിർത്തും. ശുദ്ധീകരിച്ച് പ്രതിഷ്ഠിക്കുന്ന ആട്ടിൻകൂട്ടത്തെ കരുതുന്ന ദൈവമാണ് നമുക്കുള്ളത്. അതുകൊണ്ട് യേശുവിൽ വിശ്വസിച്ച് അവന്റെ ആട്ടിൻ കൂട്ടത്തിൽ ഉൾച്ചേരണം.

കവിത

# എന്റെ രക്ഷകൻ

**ഏലിക്കുട്ടി തോമസ് കുന്നേൽപ്പറമ്പിൽ, ചിങ്ങവനം**

നിശതൻ നിശബ്ദതയിൽ ഞാനൊരു
കുളിർകാറ്റായ് വീശിയുലഞ്ഞു
നിലാവിൻ മടിത്തട്ടിൽ ഞാനൊരു
കൈകുഞ്ഞായി അലഞ്ഞു തളർന്നു
എവിടെയെൻ വിമോചകൻ
എവിടെയെൻ അഭയസ്ഥാനം
കാണുവാൻ കഴിയാതെ പാരിൽ
ഞാൻ വീണ്ടും കരഞ്ഞു തളർന്നു
വീണ്ടും വരുമൊരു പുലരിയെനിക്ക്
അന്നു ഞാൻ പുഞ്ചിരി ആകും മെല്ലെ
മനതാരിൻ വീണ്ടുമാരോ
പുതിയ വീണാനാദമുതിർക്കുന്നു.
എന്റെ യേശു ആണ് എന്റെ രക്ഷകനെന്ന്
പൂർണ്ണമായ് ഞാൻ അറിയുന്നു
ഒരു ശിരസ്സിൽ മുമ്പിൽ ഞാൻ എന്നും വണങ്ങുന്നു.
അതെനിക്ക് എത്ര ആനന്ദം തന്നു
എത്ര സന്തോഷം തന്നു
ഈ മണ്ണിൽ ഞാൻ ഇന്നും ജീവിക്കുന്നു.

# ഇരുവായ്ത്തലവാൾ II

കൊച്ചുമോൻ പള്ളിക്കപറമ്പിൽ, ചിങ്ങവനം

വചനങ്ങളിൽ ചിലതിനു ഇരുവായ്ത്തലയുള്ളതായി എബ്രാ. 4:12-ൽ കാണുന്നു. അതിൻ പ്രകാരം യേശുവിന്റെ മാതാവായ മറിയം കന്യകയൊ, സ്ത്രീയേ എന്നുള്ള ദൈവീക രഹസ്യമെന്താണന്നതാണ് നമ്മുടെ ചിന്താവിഷയം.

മലയാളഭാഷയിൽ സ്ത്രീയെന്നും, വനിതയെന്നും രണ്ടു പദങ്ങൾ ഉള്ളതുപോലെ ഹീബ്രു ഭാഷയിൽ അൽമയും, കന്യകയും എന്ന രണ്ടു പദങ്ങൾ സ്ത്രീയ്ക്കുണ്ടെങ്കിലും 'മറിയാം' ഇതിൽ ഏതു പദത്തിലാണ് ഉൾപ്പെടുത്തേണ്ട തെന്ന വിഷയത്തിൽ വേദശാസ്ത്രം എന്താണ് പറയുന്നത്. പ്രവചനപട്ടികകളിൽ ഏറ്റവും ഒന്നാമത്തെ പ്രവചന മാണല്ലോ ഉല്പ. 3:15 സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കുമെന്ന ഭാഗത്ത് സ്ത്രീയെന്നാണ്. അതുപോലെ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽനിന്നും ജനിച്ചവനായി അയച്ചു. (ഗലാ 4:4). എന്നാൽ ദൈവം ഒരു സിംഹാസനത്തിൽ ഇരിക്കുന്നതും പരി ശുദ്ധൻ എന്ന് മാലാഖമാർ സ്തുതിക്കുന്നതും ദർശിച്ചത് (യെശ. 6:1) കണ്ടവനായവൻ കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കുമെന്നുള്ള യേശുവിനെപ്പറ്റിയുള്ള പ്രവചനം യെശ. 7:14 സ്ത്രീയെന്നുള്ള പദം പ്രയോഗിക്കാഞ്ഞതിനും കാരണം എന്താണ്. കന്യകയും, സ്ത്രീയും തമ്മിലുള്ള പദങ്ങളിൽ രണ്ടു വായ്ത്തലയിൽ ഏതാണ് ശരിയെന്നു പരിശോധിക്കാൻ വചനപ്രകാരം തന്നെ സംശയ നിവാരണം നടത്താം.

**വെളി.** 14:4- ''അവർ കന്യകമാരാകയാൽ സ്ത്രീകളോടുകൂടെ മാലിന്യപ്പെടാത്തവർ. കുഞ്ഞാട് പോകുന്നേടത്തൊക്കെയും അവർ അവനെ അനുഗമിക്കുന്നു". ഈ വചന പ്രകാരം സ്ത്രീകളോടുകൂടെ എന്നിടത്തു പുരുഷന്മാരോടും ഒപ്പമെന്നു ചേർത്തുവേണം വായിക്കുവാൻ. കാരണം, ന്യായപ്രമാണകാലത്ത് ദൈവഉടമ്പടിയിൽ പുരുഷ പ്രജയെല്ലാം പരിച്ഛേദനയ്ക്കു വിധേയരായിരുന്ന സ്ഥാനത്ത് പുതിയ നിയമ ഉടമ്പടിയിൽ പുരുഷനും സ്ത്രീയും ഒരുപോലെ പങ്കാളികളാണ്. അതിനാലാണ് കർത്താവിൽ പുരുഷനെ കൂടാതെ സ്ത്രീയില്ലെന്നും സ്ത്രീയെ കൂടാതെ പുരുഷനും ഇല്ലെന്ന് 1. കൊരി 11:11 -ൽ പൌലോസ് വെളിപ്പെടുത്തിയിരിക്കുന്നത്. ഞാൻ വിശുദ്ധനായിരിക്കുന്ന പ്രകാരം നിങ്ങളും വിശുദ്ധരായിരിപ്പീനെന്നതാണ് ദൈവഹിതം. ദൈവവരപ്രസാദത്തിനു ശുദ്ധീകരണം ആവശ്യമാണ്. അതിനാൽ നാം സ്വർഗ്ഗരാജ്യം നിമിത്തം ഷണ്ഡന്മാരായി ജീവിക്കണം. രണ്ടുതരം ഷണ്ഡന്മാരെപ്പറ്റി വചനം പറയുന്നുണ്ട്. മനുഷ്യരാൽ ഷണ്ഡന്മാരാക്കപ്പെട്ട ഷണ്ഡന്മാരും. ദൈവരാജ്യം നിമിത്തം ഷണ്ഡന്മാരാക്കിയവരും. ഇതിൽ മനുഷ്യരാൽ ഷണ്ഡന്മാരാക്കപ്പെട്ടവരെയാണ് അപ്പോ. 8:30-ൽ പരാമർശിച്ചിരിക്കുന്നത്. ചില രാജ്യങ്ങളിൽ ഭരണകർത്താക്കൾ വിധവമാർ, അവരുടെ കന്യകാത്വത്തിനും, ജീവനും സുരക്ഷാഭടന്മാരെ ഏർപ്പാടാക്കുമ്പോൾ അവരുടെ ലൈംഗികശേഷി ശസ്ത്രക്രിയ നടത്തിയശേഷമെ നിയമിക്കപ്പെടുക എന്നപോലെയുള്ള ഒരു ഷണ്ഡനായിരുന്നു എത്യോപ്യൻ രാജ്ഞിയുടെ മനുഷ്യരാൽ ഷണ്ഡന്മാരാക്കപ്പെട്ടവർ.



രണ്ടാമത്തെ ഷണ്ഡഗണത്തിൽ സ്വർഗ്ഗരാജ്യം നിമിത്തം സ്വയം ഷണ്ഡന്മാരായവർക്ക് പാപവീഴ്ചക്കുള്ള അവസരം ഉണ്ടായാൽപോലും തങ്ങളുടെ ഭോഗസുഖം ഉപേക്ഷിക്കുന്നവരാണ്. അതിനുദാഹരണമാണ് മിസ്രയിമിലെ പൊത്തിഫെറിന്റെ ഭാര്യക്ക് യൗസേഫിനോടു തോന്നിയ ലൈംഗീക ആസക്തി. താൻ ദൈവഹിതത്തിന് മാറ്റപ്പെടു

ത്തിയതാണ് വെളി. 14:4 കന്യക എന്ന പദത്തിന്റെ ദൈവവീക്ഷണം. എന്നാൽ ഭാര്യഭർത്താക്കന്മാരുടെ ബന്ധത്തിന് ഇത് ഒരു കുടുക്ക് ആയി കരുതരുത്. വിവാഹം ഒരു കൂദാശയാണ്. വിലക്കുള്ള ദിവസങ്ങളിലും വി. കുർബ്ബാന അനുഭവിക്കാനുള്ള ശുദ്ധീകരണ ദിവസങ്ങളിലും ഒഴിവുള്ളവരായിരിക്കണം. ഓരോരുത്തരും അവനവനെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യതയുള്ളവരായി ദാമ്പത്യ ജീവിതം വിനിയോഗിക്കണം. ഭാര്യയായി വിളിക്കപ്പെട്ടവൾ ഭർത്താവിനെ എങ്ങിനെ പ്രസാദിപ്പിക്കണമെന്നും പരസ്പര ഉഭയസമ്മത പ്രകാരം, ഉപവാസത്തിനും പ്രാർത്ഥനാസമയത്തും മാത്രം ദാമ്പത്യബന്ധം വിട്ടു ജീവിച്ചാൽ മതിയെന്നും (1. കൊരി. 7:5) പൗലോസ് ഉപദേശിച്ചിരിക്കുന്നത് ദാമ്പത്യബന്ധം ഒഴിവാക്കി ജീവിക്കണമെന്നല്ല; പരസംഗം പാടില്ലാതെ ജീവിക്കണമെന്നാണ്. എന്നാൽ കന്യകമറിയാം ദൈവം തിരഞ്ഞെടുത്തവൾ നിത്യകന്യകയാണ്.

സുവിശേഷം രണ്ടു തരം ഉണ്ട്. പൗരസ്ത്യവും, പാശ്ചാത്യവും. വേദപുസ്തകം മലയാളഭാഷയിൽ തർജ്ജമപ്പെടുത്തിയത് ആംഗ്ലിക്കൻ സഭയാണ് അവരാണ് പാശ്ചാത്യർ, അവരുടെ സഭയാണ് സി.എം.എസ്. എന്ന് ഇൻഡ്യയിൽ കാണപ്പെടുന്നവർ. യേശുവിന്റെ കാലത്ത് ശീമ്യോൻ എന്ന പരിശുദ്ധാത്മാവുണ്ടായിരുന്നു. പുരോഹിതൻ ഉണ്ടായിരുന്നു. അവൻ യാഗപീഠത്തിൽ ശുശ്രൂഷ നടത്തിയിരുന്നപ്പോൾ കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കുമെന്ന ഏശ. 7:14 കാണുകയും കന്യക ഗർഭം ധരിക്കുകയില്ലെന്ന സംശയത്താൽ ആ ഭാഗം തിരുത്തി സ്ത്രീയെന്നാക്കി. പിറ്റെ ദിവസവും കന്യകയെന്നു അവിടെ കാണുകയാൽ വീണ്ടും തിരുത്തിയെങ്കിലും വീണ്ടും അവിടെ കന്യകയെന്നു കണ്ടത്, മൂന്നാം പ്രാവശ്യവും തിരുത്തി മൂന്നാം ദിവസം താൻ യാഗപീഠത്തിൽ ആരാധനയ്ക്കു വന്നപ്പോൾ വീണ്ടും കന്യകയെന്നു കാണപ്പെടുകയും നീ ഇത് കണ്ടല്ലാതെ മരണം ആസ്വദിക്കില്ലെന്നും, അതുവരെ നിന്റെ സംസാരശേഷി നഷ്ടപ്പെട്ട ഊമാവസ്ഥയിൽ ആയിത്തീരുമെന്ന അരുളപ്പാടും ഉണ്ടായി. പിന്നീട് കാലങ്ങൾക്കുശേഷം യേശു ജനിക്കുകയും, ന്യായപ്രമാണാടിസ്ഥാനത്താൽ മറിയാമിന്റെ ശുദ്ധീകരണ ദിവസ ശേഷം യേശുകുഞ്ഞിനെയും കൊണ്ട് ജോസഫും, മേരിയും, ദൈവാലയത്തിൽ വരുകയും ശിമ്യോൻ പുരോഹിതൻ യേശുവിനെ തന്റെ കരങ്ങളിൽ വാങ്ങി ചുംബിച്ചശേഷം തന്റെ സംസാരശേഷി തിരികെ ലഭിക്കുകയും, പിന്നീട് നാഥാ തിരുവചനം പോലെ ഇപ്പോൾ അടിയനെ വിട്ടയക്കണമെന്ന് പ്രാർത്ഥിക്കുകയും ചെയ്ത ഓർമ്മയാണ് മായൽത്തൊ പെരുന്നാൾ ആയി ആചരിക്കപ്പെടുന്നത്. പിന്നീട് താൻ മരണം ആസ്വദിക്കുകയും ചെയ്ത സംഭവമൊന്നും പാശ്ചാത്യ സുവിശേഷത്തിൽ ചേർത്തിട്ടില്ലാത്തതിനു കാരണം ഒരു സ്ത്രീക്ക് കന്യകയായി ജീവിക്കുക അവരുടെ സംസ്ക്കാരത്തിന് ചിന്തിക്കാൻപോലും പാടില്ലാത്ത ഒരു കാര്യമാണ്. അതിനാൽ ആ ഭാഗം അവർ ഒഴിവാക്കിയതാണ്. മുമ്പ് കേരള മുഖ്യമന്ത്രിയായിരുന്ന നായനാർ പാശ്ചാത്യ പര്യടനം കഴിഞ്ഞ് മടങ്ങിയപ്പോൾ മാധ്യമക്കാർ പാശ്ചാത്യ സംസ്ക്കാരത്തെക്കുറിച്ച് ചോദിച്ചതിന് മറുപടി അവിടെ ഒരു സ്ത്രീയും പുരുഷനും തമ്മിൽ പരിചയപ്പെടുന്നത് തന്നെ ചുംബനത്തിൽ ആരംഭിച്ച് കൂടുതൽ അടുത്ത ശേഷം ലൈംഗികതയിൽ അവസാനിപ്പിക്കുന്നു. എന്നാൽ നമ്മുടെ നാട്ടിൽ ഒരു ചായ കുടിച്ച് സൗഹാർദപ്പെടുന്നതിനു പകരം അവരുടെ സംസ്ക്കാരം അപ്രകാരമാണെന്ന അഭിപ്രായം ഇവിടെ അന്വർത്ഥമാണ്. തന്മൂലം കന്യകയായ പ്രവചനം പാശ്ചാത്യ സുവിശേഷത്തിൽനിന്നും ഒഴിവാക്കി. അതിനാൽ മാതാവിനോടുള്ള C.M.S. സഭയിൽ പ്രാർത്ഥന കന്യക എന്ന സ്ഥാനത്ത് അൽമ (സ്ത്രീ) എന്ന് സാധാരണ നിലവാരത്തിലാണ്.

ചിലർ കന്യക എന്നാൽ ബാലിക ഗണത്തിൽ ചിന്തിക്കാറുണ്ടെങ്കിലും അതു ശരിയല്ല. കാരണം മക്കൾ ഇല്ലായിരുന്ന വൃദ്ധരായ യൂനാഖീറിനും ഭാര്യയായ ഹന്നായുടെയും ദീർഘ നാളത്തെ ഉപവാസ പ്രാർത്ഥനകൾക്കുശേഷം തങ്ങൾക്ക് ദൈവം തരുന്ന കുഞ്ഞ് ആണായാലും, പെണ്ണായാലും ദൈവത്തിനു സമർപ്പിച്ചു കൊള്ളാമെന്നുള്ള നേർച്ചക്കുശേഷം ലഭിച്ചതാണ് മറിയം. കുട്ടിയെ 3 വയസ്സുവരെ വളർത്തിയ ശേഷം ജറുശലേം ദൈവാലയത്തിലെ പ്രധാനാചാര്യനായിരുന്ന സഖറിയാവിന്റെ സംരക്ഷണത്തിനായി സമർപ്പിക്കപ്പെട്ടവൾ. ദൈവാലയ തിരശ്ശീലകൾ, യാഗപീഠത്തിലെ ശുശ്രൂഷകർക്കുള്ള കുപ്പായവും തുന്നി 12 വയസ്സായപ്പോൾ ന്യായപ്രമാണാടിസ്ഥാനപ്രകാരം അവളുടെ ആർത്തവം നിമിത്തം ദൈവാലയ പരിസരം അശുദ്ധമാക്കപ്പെടുമല്ലോന്നുള്ള മനോവ്യസനത്താൽ മറിയാമിനെ ഓർത്ത് ഉപവസിച്ച് പ്രാർത്ഥിച്ചപ്പോൾ മാലാഖ വെളിപ്പെടുത്തിയ പ്രകാരം യിസ്രയേലിലെ അന്നുള്ള വിഭാര്യാ വൃദ്ധരായവരുടെ പേരുകൾ പതിപ്പിച്ച വടികൾ ദൈവാലയത്തിൽ കൊണ്ടുവരാനാവശ്യപ്പെട്ടതനുസരിച്ച് വടികൾ കൊണ്ടുവന്നശേഷം സഖറിയാ പുരോഹിതൻ ഉപവസിച്ച് വീണ്ടും പ്രാർത്ഥിച്ചശേഷം യൗസേഫിന്റെ വടിയിൽനിന്നും ഒരു പ്രാവ് പറന്നുപോയ അടയാളം ഉണ്ടായതിനാൽ മറിയാമിന്റെ തുടർന്നുള്ള സംരക്ഷണ ചുമതല ജോസഫിനെ ഏൽപ്പിച്ചു. പിന്നീടാണ് മറിയാമിന് മാലാഖയുടെ ദർശനവും അരുളപ്പാടും ഉണ്ടായശേഷം ഗർഭവതിയായതും ഇതിൽ സംശയം ഉണ്ടായ നീതിമാനായ ജോസഫ് രഹസ്യത്തിൽ അവളെ ഉപേക്ഷിക്കുന്നതിനായി പ്രാർത്ഥിച്ചപ്പോൾ സ്വപ്നത്തിൽ പരിശുദ്ധാത്മാവിനാൽ ആണെന്ന സത്യം ഗ്രഹിച്ചശേഷം ഭാര്യയായി സ്വീകരിച്ചു. ദൈവാലയത്തിൽവച്ച് തന്റെ വടിയിൽനിന്നും പ്രാവ് പറന്നതും, പുരോഹിതനായ ശിമ്യോൻ കന്യക തിരുത്തി സ്ത്രീയാക്കിയതിനാൽ ഊമനായതും, സ്വപ്നത്തിൽ കന്യകയാണെന്ന് വെളിപ്പെട്ട എല്ലാം അറിഞ്ഞവൻ മറിയാമിനെ കാമാസക്തിയാൽ ആശിച്ചു എന്ന് സുബോധമുള്ള ആരും കരുതുകില്ല. ഇങ്ങനെയുള്ള തിരുവെഴുത്തുകൾ വളച്ചൊടിക്കുന്നവരെപ്പറ്റിയാണ് 2. പത്രോ. 3:16 പറയുന്നത്. ഇവർ തേജസ്സുള്ള സുവിശേഷം കുരുടാക്കി കാണിക്കുന്നു. (2. കൊരി. 4:4) ഇവരെപ്പറ്റി 2. യോഹ. 1:7–ൽ എതിർ ക്രിസ്തുവാണെന്ന് വെളിപ്പെടുത്തിയവരിൽ യഹോവസാക്ഷികൾ, സ്വർഗ്ഗീയ വിരുന്ന്, പെന്തക്കോസ്ത്, ബ്രദറൻ എന്നി പ്രകാരം സാത്താന്റെ വചന സന്ദേശകരാണ്. എന്നാൽ നമ്മുടെ വി. കുർബ്ബാനയുടെ 5–ാം ദുബ്ദേനിൽ മറിയാം സംശയം കൂടാതെ ദൈവമാതാവും, പുഷ്പങ്ങൾ കൊണ്ടുള്ള മേച്ചിൽ സ്ഥലവും, നിത്യ കന്യകയും ആണെന്ന് സേവേറിയോസ് പാത്രിയർക്കീസ് പ്രഖ്യാപിച്ച സത്യം ഏറ്റുപറയുന്ന സഭപോലെ ലോകത്ത് മറ്റൊരു സഭയില്ല.




# കടലും നദികളും

പണ്ടൊരിക്കൽ നദികളെല്ലാം ചേർന്ന് ഒരു യൂണിയനുണ്ടാക്കി കടലിനോട് പ്രതിഷേധിക്കാനായിരുന്നു പുറപ്പാട്. തങ്ങൾ മലയിൽനിന്നു കൊണ്ടുവരുന്ന ശുദ്ധജലം മുഴുവൻ ഉപ്പു കലർത്തി അശുദ്ധമാക്കുകയാണു കടൽ. എത്ര നാൾ ഇതു സഹിക്കും?

നദികൾ ജാഥയായി കടലിന്റെ അടുക്കൽ ചെന്നു വർദ്ധിച്ച ദേഷ്യത്തോടെ ചോദിച്ചു.

'ഞങ്ങൾ ഞങ്ങളുടെ ശുദ്ധവും മാധുര്യമൂറുന്നതുമായ ജലവുംകൊണ്ട് ഈ വഴി പോകുമ്പോൾ നീ എന്തിനാണു തടയുന്നത്? നിനക്ക് ആവശ്യമുള്ള വെള്ളം കുടിച്ചോളൂ. പക്ഷേ, നീ അതല്ല ചെയ്യുന്നത്. ഉപ്പു കലർത്തി ആർക്കും കുടിക്കാൻ കൊള്ളരുതാത്തതാക്കുകയാണ്. എന്തു പണിയാണിത്?

നദികളുടെ ക്ഷോഭം കടൽ ശരിക്കും മനസ്സിലാക്കി. അതുപോലെ അങ്ങോട്ടും ഇപ്പോൾ ക്ഷോഭിക്കുന്നതു കൂടുതൽ വഴക്കിനേ വഴിവെക്കൂ എന്നു കടലിനറിയാം. അതുകൊണ്ടു കടൽ ശാന്തമായി ഇങ്ങനെ പറഞ്ഞു.

'നിങ്ങൾക്ക് ഉപ്പുവെള്ളമാകാൻ വിഷമമാണെങ്കിൽ വേണ്ട; മേലിൽ എന്റെ അടുത്തേക്കു വരേണ്ട. അപ്പോൾ കരയിലെങ്ങും ഒഴുകി നിങ്ങൾ വെള്ളപ്പൊക്കമുണ്ടാക്കും. ശുദ്ധജലം നൽകുന്നതിൽ നിങ്ങളോടു നന്ദിയുള്ള ജനങ്ങളെ നിങ്ങൾ തന്നെ മുക്കിക്കൊല്ലുകയും ചെയ്യും'.

***സ്വന്തം ശുദ്ധി നിലനിർത്തുന്നതു കൊള്ളാം മറ്റുള്ളവർക്ക് അത് നാശം ഉണ്ടാക്കരുത്.***

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

**ഒക്ടോബർ മാസത്തിലെ ചോദ്യങ്ങൾ**
**(ഉല്പത്തി പുസ്തകത്തിൽനിന്നും)**

1. ഹവീലാദേശമൊക്കെയും ചുറ്റുന്ന നദി ഏത്?
2. വേദപുസ്തകത്തിലെ ആദ്യ ചോദ്യം ചോദിച്ചതാര്?
3. ആദ്യമായി കള്ളം പറഞ്ഞ വ്യക്തി ആര്?
4. ജീവന്റെ വൃക്ഷത്തിങ്കലേക്കുള്ള വഴി കാപ്പാൻ ഏദെൻ തോട്ടത്തിനു കിഴക്കു തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളിന്റെ ജ്വാലയുമായി നിർത്തിയിരിക്കുന്നതെന്തിനെ?
5. ആദാമിന്റെ ആദ്യ പുത്രൻ ആര്?
6. ഹാബേലിന്റെ ജോലി എന്തായിരുന്നു?
7. യഹോവയുടെ സന്നിധിയിൽ നിന്നും പുറപ്പെട്ട കായീൻ പാർത്തതെവിടെ?
8. കായീന്റെ ആദ്യ ജാതന്റെ പേരെന്ത്?
9. ആദ്യമായി ബഹുഭാര്യാത്വം അവതരിപ്പിച്ചതാര്?
10. ആദാമിന്റെ ആയുഷ്ക്കാലം എത്ര?

---

**സെപ്റ്റംബർ മാസത്തിലെ ഉത്തരങ്ങൾ**

1. മാർ സേവേറിയോസ്
2. മാർ ശെമവൂൻ ദെസ്തുനി
3. എ.ഡി. 325 ൽ നിഖ്യാസുന്നഹദോസിൽ വച്ച്
4. മാർ യോഹന്നാൻ മാംദോനോ
5. 1) വിശ്വാസി, 2) മൗമ്യോനോ, 3) മ്സമറോനോ
   4) കോറൂയോ, 5) എഫുദിയക്കിനോ,
   6) മ്ശംശോനോ, 7) കാശീശോ
6. മപ്രിയാന.
7. ഇഗ്നാത്ത്യോസ്
8. ശിരഛേദം ചെയ്യപ്പെട്ട യോഹന്നാൻ സ്നാപകന്റെ തല വേർപെട്ട ഉടലിനെ അനുസ്മരിപ്പിക്കുന്നു
9. ദൈവം. ഏദൻതോട്ടത്തിൽ വച്ച്
10. സെപ്റ്റംബർ 14

# NAZARETH ASRAMAM, OTHERA

**Donations**

Alice George Kadanathu & villa
Mazhukeer, Kallissery 5000/
Ginu Abraham, Thaiparampil, Manjadi 10000/
Sajini Abraham, Plantharayil,
Thiruvanvandoor 5000/

**Secretary/ Director**

# പുണ്യശ്ലോകനായ കുബർ നീത്തി ഹാക്കീമോ ഏബ്രഹാം മോർ ക്ലീമിസ് വലിയ മെത്രാപ്പോലീത്തായുടെ 21–ാം ശ്രാദ്ധപ്പെരുന്നാൾ



# ACHIEVEMENT



**Ms. Sajna Sajan**, completed M.Phil in Clinical Psychology (first class with distinction). She is a Licensed Clinical Psychologist with the Rehabilitation Council of India (RCI) and is the daughter of Sajan Thomas and Bai Sajan, Paravancherril (St. Ignatious Church, Kurichy).

(Sajna offers offline and online counseling services (via telephone/ Google Meet/ Zoom) for anxiety, depression, OCD, marital conflicts, relationship difficulties, adjustment challenges, stress-related concerns, and personal growth. Additionally, assessment and therapy services are available for children. For further details, contact 7624865805).

Advt -O

## 40 – ാം ചരമദിനം

**22- 10-2023**



## M.T. ആൻഡ്രൂസ്

**മണലേൽ ചിറയിൽ, ചെങ്ങളം**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

## 1 – ാം ചരമവാർഷികം

**05 – 11 – 2023**



## പെണ്ണമ്മ കുറിയാക്കോസ്

**കണ്ണകേരിൽ, കുറിച്ചി**

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൾ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 9th Death Anniversary

29-10-2023



## GEORGE ABRAHAM

Kochumangara house(ezhupathil)
kumarakom po, ktm

DOB. 08.04.1948 - DIED. 29.10.2014

Advt -O



## നാലാം ചരമവാർഷികം
**1-11-2023**

## Sub/Clk. സഖറിയ എം. സി.

**ഷാൻ നിവാസ് മുണ്ടിയത്രയിൽ,**
**തെങ്ങേലി**

*പ്രാർത്ഥനയോടെ*
*മക്കൾ*- Joshan, Roshan, Shan
*മരുമക്കൾ*- Shinta, Pretty, Soumya

Advt -O



## 40-ാം ചരമദിനം
**4-11-2023**

## വി.കെ. കുറിയാക്കോസ് (77)
## (തങ്കച്ചൻ)

**വേലംകടവിൽ, കുറിച്ചി**

"ഞാൻ നല്ലവണ്ണം യുദ്ധംചെയ്തു എന്റെ ഓട്ടം പൂർത്തിയാക്കി; എന്റെ വിശ്വാസം ഞാൻ സംരക്ഷിച്ചു. എനിക്കായി നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു. നീതിപൂർവ്വം വിധിക്കുന്ന കർത്താവ് ആ ദിവസം അത് എനിക്കു സമ്മാനിക്കും" (2 തിമോ. 4: 7-8)

Born on:26-9-1946, Died on:26-9-2023

Advt -S

*By Sorrowing Family*

## 40–ാം ചരമദിനം
1/11/2023



## അന്നമ്മ സ്കറിയ (76)
കല്ലുകുളം, കുഴിമറ്റം

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 40–ാം ചരമദിനം
17–10–2023



## Puzhpa Abraham
Toronto, Canada
W/o K.J Abraham Kalluparambil, Trivandrum
D/o C.A. Zachariah,
Chirayil Kayyalathuparambil (H), Pallom

*Days will pass and turn into years but you will always be remembered, fondly with silent tears*
*By Grieving family*

Advt -O

## 1–ാം ചരമവാർഷികം
30–11–2023



## വിജയ് ചാക്കോ (അജയൻ)
ചിറയിൽ, കറ്റോട്

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

## 1–ാം ചരമവാർഷികം
30–10–2023



## GRACE ZACHARIAH
(W/o LATE M.A. Zachariah)
Malithra, Veliyanadu

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

ഒന്നാം ചരമവാർഷികം
11-11-2023



**പി.പി. എബ്രഹാം**
പ്ലാമ്പറമ്പിൽ, കുറിച്ചി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

Advt -O

4-ാം ചരമവാർഷികം (29-10-2023) | 6-ാം ചരമവാർഷികം (20-08-2023)





**കെ.ടി. തോമസ്** | **കുഞ്ഞമ്മ തോമസ്**

**കുന്നിരിക്കൽ**
**റാന്നി**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"
സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

*The Lord gave, and the Lord hath taken away; blessed be the name of the Lord.*



**K.C. THOMAS**
*Kannankuzhayathu, Ranny.*
1932 - 1991
*32th Death Anniversary*



**MOLLY THOMAS**
*Kannankuzhayathu, Ranny.*
1933 - 2003
*20th Death Anniversary*



**JOJIT K. THOMAS**
*Kannankuzhayathu, Ranny.*
1963 - 1999
*24nd Death Anniversary*

Advt - O



*The Lord gave, and the Lord hath taken away;*
*blessed be the name of the Lord.*

## ANNAMMA THOMAS

### 40th day in heaven

w/o Late K T Thomas
Kuzhikandathil house,
West Othera, Thiruvalla.

(12-09-1931 to 04-09-2023)





## ANNET KURIAKOSE

w/o Prof T. Kuriakose
Kuzhikandathil, West Othera, Thiruvalla.
(21-01-1957 to 28-09-2020)
3rd Death Anniversary

## K.T. THOMAS

Kuzhikandathil, West Othera, Thiruvalla.
(20-02-1926 to 25-10-2001)
22nd Death Anniversary

Advt -O


ഇമ്പങ്ങളുടെ പറുദീസയിലേയ്ക്ക് കടന്നുപോയ
ഞങ്ങളുടെ മെഫിൻമോൻ
മെഫിൻ തോമസ്
ഇടയാടിയിൽ, അഞ്ചാനി, റാന്നി
മരണംമായും സൃഷ്ടാവിൻ ധ്വനിയാൽ
മൃതരെഴുന്നേൽക്കും - സ്തുതിഗീതംപാടും
സന്തപ്ത കുടുംബാംഗങ്ങൾ
Advt - O


വേർപാടിന്റെ 1-ാം വർഷം
06 – 10 – 2023
ROSAMMA THOMAS
PARUTHIYATH, MAZHUKEER, KALLISSERY
"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"
You live in our hearts forever, Loving Family
Advt -S


ഒന്നാം ചരമവാർഷികം
09 – 10 – 2023
ചാച്ചിയമ്മ തോമസ് (ബേബി)
വാണിയടത്ത്, ഐത്തല
ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ...
സന്തപ്ത കുടുംബാംഗങ്ങൾ
Advt - O

**1 year since God called you home**

27-10-2023



Advt -O

**SABU ABRAHAM (61)** (Scotland)

**Moolethara, Aythala, Ranny**

Until we reunite in His eternal love... Like the deer panting for streams of water, we eagerly await the joyful reunion.

**1 – ാം ചരമവാർഷികം**

24 – 10 – 2023

**38 – ാം ചരമവാർഷികം**

9 – 1 – 2023





**അച്ചാമ്മ പുന്നൂസ്**

**പുന്നൂസ് ഏബ്രഹാം**
(തങ്കച്ചൻ)

Advt -S

മാളിയേക്കൽ, ചെറുകുളഞ്ഞി, റാന്നി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

**40 – ാം ചരമദിനം**

4 – 9 – 2023

**40 – ാം ചരമദിനം**

31 – 8 – 2023





Advt -O

**കെ. റ്റി. ചാക്കോ**

**കെ. റ്റി. മർക്കോസ്**

കോയിത്ര, കുറിച്ചി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1st Death Anniversary
## 2nd October 2023



## Mariamma Chacko (Kunjumol)
**Srampy Malayil, West Othera**

Advt -O

## 16 – ാം ചരമവാർഷികം
30 – 10 – 2023



## മാത്യു ഏബ്രഹാം (ഉണ്ണിക്കുഞ്ഞ്)
**പടിപ്പുരയ്ക്കൽ, കല്ലിശ്ശേരി**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S



## 4th Death Anniversary
09 – 10 – 2023

## Raju Zacharia
**Ettonnil (House)**
**Kulasekharam**

"നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ "

Advt - O

സന്തപ്ത കുടുംബാംഗങ്ങൾ

## 2 – ാം ചരമവാർഷികം
**11- 12 - 2023**



## 10 – ാം ചരമവാർഷികം
**27 - 10- 2023**



Advt - R

# സിസിലി ജോസഫ്

# വി. എം. ജോസഫ്

**വളയനാട്ട്, റാന്നി**

*സന്തപ്ത കുടുംബാംഗങ്ങൾ*

## 2 – ാം ചരമവാർഷികം
**04- 10-2023**



Advt -S

# അജീഷ് അലക്സ്

**ഇടയാടിയിൽ, മഞ്ഞാടി, തിരുവല്ല**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

## 7 – ാം ചരമവാർഷികം
**26 – 10 – 2023**



Advt - S

# K.M. Thomas (Aniyan)

**Kalatharayil, Thiruvanvandoor**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

4 – ാം ചരമവാർഷികം

31 – 10 – 2023

16 – ാം ചരമവാർഷികം

14 – 01 – 2023





**പി. ഐ. ചാക്കോ**

(റിട്ട. ജോയിന്റ് സെക്രട്ടറി)

**അമ്മിണി ചാക്കോ**

**പനയിടത്തുശ്ശേരിൽ, തിരുവനന്തപുരം**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ "

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 6 – ാം ചരമവാർഷികം

19 – 10 – 2023



**പി. സി. പുന്നൂസ് (പാപ്പച്ചൻ)**

**വളയനാട്ട്, അങ്ങാടി, റാന്നി**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S



## 31 – ാം ചരമവാർഷികം

26 – 10 – 2023

# ശോശാമ്മ ഏബ്രഹാം

**പള്ളിയമ്പിൽ**
**പടിഞ്ഞാറ്റോതറ**
**തിരുവല്ല**

**പോബ്സ് ഗ്രൂപ്പ്**

Advt -S

17 – ാം ചരമവാർഷികം
25 – 10 – 2023



6 – ാം ചരമവാർഷികം
22 – 08 – 2023



## ചെറിയാൻ ഉതുപ്പാൻ  തങ്കമ്മ ഉതുപ്പാൻ

ഊരാക്കമണ്ണിൽ, ഇരവിപേരൂർ

“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ”

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## 1 – ാം ചരമവാർഷികം

20 – 10 – 2023



## തമ്പി N.M.J.

നടുവിലേപറമ്പിൽ, പള്ളം

“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O



40 – ാം ചരമദിനം
13 – 10 – 2023

## ജൂബി സ്കറിയ

മണിമലപാറയിൽ,
ചിങ്ങവനം (USA)

“ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു.
ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു”
(2 തിമോ. 4:7 – 8)

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O



# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര മനഃശാസ്ത്ര വീക്ഷണത്തിൽ

ഫാ. ഡോ. ജയിംസ് തോടത്തിൽ
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

**കഴിഞ്ഞ ലക്കം തുടർച്ച**

**പഠനവൈകല്യം** (Learning Disability) (തുടർച്ച)

### 3. Dysgraphia

എഴുതുവാനുള്ള പ്രയാസം. ആശയം മനസ്സിലുണ്ട്. എഴുതി ഫലിപ്പിക്കാൻ പറ്റാതെ പോകും. നന്നായി പഠിച്ചിട്ട് പരീക്ഷയ്ക്കു പോയാലും അത് എഴുതാൻ കഴിയാതെ പോകുന്നു. Dysgraphia എന്നാൽ എഴുതുന്നതിനുള്ള വൈകല്യം സൃഷ്ടിക്കുന്ന നാഡീസംബന്ധമായ (Neurological) അവസ്ഥയാണ്. ഭംഗിയായി എഴുതാൻ കഴിയാതെ വരിക. എഴുതിയത് വായിക്കാൻ ബുദ്ധിമുട്ടുള്ള രീതിയിൽ എഴുതുക. ആശയവിനിമയം എഴുത്തിലൂടെ ഫലപ്രദമാകാതെ വരിക, അക്ഷരത്തെറ്റുകൾ, ശരിയായ അകലം വാക്കുകൾക്കിടയിൽ വരാതിരിക്കുക എന്നിവയാണ് ഇങ്ങനെയുള്ളവരുടെ പ്രശ്നങ്ങൾ.

"അച്ചോ എന്റെ മകൻ 5-ാം ക്ലാസ്സിലാണ് പഠിക്കുന്നത്. അവൻ നന്നായി കഷ്ടപ്പെട്ടാണ് പഠിക്കുന്നത്. പറയുന്നത് ഓർത്തിരിക്കാൻ കൂടുതൽ പ്രാവശ്യം എഴുതി പഠിക്കുകയും ചെയ്യും. എന്നാൽ പരീക്ഷയ്ക്കു വരുമ്പോൾ എഴുതാൻ കഴിയാതെ വരുന്നു. ധാരാളം അക്ഷരത്തെറ്റുകൾ വരും. വാക്കുകൾ തമ്മിൽ കൃത്യമായ അകലം പാലിക്കില്ല. Punctuation marks കാണുകയില്ല. വൃത്തിയായി എഴുതുവാനും കഴിയില്ല. ആദ്യമൊക്കെ അവന് മടിയായതുകൊണ്ടാണ് ഇങ്ങനെയൊക്കെ വരുന്നത് എന്ന് ഞങ്ങൾ തെറ്റിദ്ധരിച്ചു. ഇപ്പോൾ അവന്റെ കഷ്ടപ്പാട് കാണുമ്പോൾ ഞങ്ങൾക്കും പ്രയാസമാണ്".

കണ്ണും കൈയ്യും ഏകോപിച്ചാലെ മനസ്സിൽ വരുന്ന ആശയം എഴുതാൻ കഴിയൂ. Dysgraphic ആയ കുട്ടിയെ മനഃശാസ്ത്രജ്ഞനെ കാണിച്ചാൽ അദ്ദേഹം തെറാപ്പിയിലൂടെ എഴുതുന്നതിനുള്ള വൈകല്യം പരിഹരിച്ചു തരും. ചെറുപ്പത്തിൽ തന്നെ ചികിത്സിച്ചു ഭേദമാക്കിയാൽ പ്രായപൂർത്തിയാകുമ്പോൾ പിന്നെ ഭയപ്പെടേണ്ടി വരികയില്ല.

### 4. Dyspraxia

പേശി സംബന്ധായ തകരാറുമൂലം കണ്ണും കയ്യും തമ്മിലുള്ള ഏകോപനം സാധ്യമാകാതെ വരുമ്പോഴുള്ള പ്രശ്നങ്ങൾ. ഇങ്ങനെയുള്ളവർ അമിതമായ പ്രസരിപ്പുള്ളവർ (Hyper active) ആയിരിക്കും. അവർ അടങ്ങിയിരുന്ന് പഠിക്കില്ല. ക്ലാസ്സിൽ ശ്രദ്ധിച്ചിരിക്കയോ ഹോം വർക്ക് ചെയ്യുകയോ ഇല്ല. അവർ ശ്രദ്ധിക്കണമെന്നാഗ്രഹിച്ചാൽപ്പോലും സാധിക്കില്ല. ചെരിപ്പിന്റെ വള്ളികെട്ടാൻ കഴിയാതെ വരിക. ഷൂവിന്റെ ലെയ്സ് ശരിയായ വിധത്തിൽ കെട്ടാൻ സാധിക്കാതെ വരിക, ഷർട്ടിന്റെ ബട്ടൺസ് ശരിയായി ഇടാൻ കഴിയാതെ വരിക തുടങ്ങിയ ലക്ഷണങ്ങൾ കണ്ടാൽ Dyspraxia ഉള്ള Therapy ആരംഭിക്കാൻ സമയമായെന്ന് മനസ്സിലാക്കണം.

Motor function disorder മൂലം അവയവങ്ങൾ തമ്മിലുള്ള ഏകോപനം സാധ്യമാകാതെ വരും. തലച്ചോറുമായി ബന്ധപ്പെട്ട വൈകല്യമാണിത്. ബുദ്ധിമാന്ദ്യമല്ലിത്. Dyspraxia ഉള്ള കുട്ടികൾ അവരുടെ ഓരോ പ്രായത്തിൽ ചെയ്യേണ്ട കാര്യങ്ങൾ ആ പ്രായത്തിൽ ചെയ്യാൻ കഴിയാത്ത അവസ്ഥയിലേയ്ക്ക് വരും. അപക്വമായി പെരുമാറുവാനും സാധ്യതയുണ്ട്. അവയവങ്ങൾ തമ്മിലുള്ള ഏകോപനത്തിനുള്ള ബുദ്ധിമുട്ടാണ് ഇത്തരം സാഹചര്യങ്ങളിൽ സംഭവിക്കുക. തലച്ചോറിൽ നിന്ന് ശരീരത്തിലേക്കുള്ള സിഗ്നൽ ശരിയായ വിധത്തിൽ കിട്ടാതെ വരും. കാര്യങ്ങൾ പ്ലാൻ ചെയ്യാനും ഓർത്തുവയ്ക്കുവാനും കഴിയാതെ വരും. ചിലർക്ക് സംസാരിക്കാനുള്ള വൈകല്യം കൂടി സംഭവിക്കാം. നാഡീസംബന്ധമായ വൈകല്യമായി ഇതിനെ ഗണിക്കാം.

ഇപ്രകാരം വിവിധങ്ങളായ പഠനവൈകല്യങ്ങളും മനസ്സിലെ വൈകല്യങ്ങളും തരം തിരിച്ച് ആധുനിക മനഃശാസ്ത്രജ്ഞന്മാർ അപഗ്രഥിക്കുകയും അവയുടെ കാരണങ്ങളും ചികിത്സാവിധികളും കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ആദ്യം മാതാപിതാക്കളും പിന്നീട് അദ്ധ്യാപകരും കുട്ടികളെ ശരിയായ രീതിയിൽ നിരീക്ഷിക്കുന്നുവെങ്കിൽ അവരുടെ വൈകല്യങ്ങളെ തിരിച്ചറിയുവാനും അവയെ വേഗത്തിൽ ചികിത്സിച്ച് ഭേദമാക്കുവാനും കഴിയും.

തോമസ് ആൽവ എഡിസൺ, ആൽബർട്ട് ഐൻസ്റ്റിൻ, ബിൽ ഗേറ്റ്സ്, വിൻസ്റ്റൺ ചർച്ചിൽ തുടങ്ങിയ ലോകം ആദരിക്കുന്ന പ്രതിഭകൾ ചെറുപ്പത്തിൽ വിവിധ തരത്തിലുള്ള പഠന വൈകല്യങ്ങൾ അനുഭവിച്ചിട്ടുള്ളവരാണ്. അവർ

ജീവിത വിജയങ്ങളുടെ വഴികൾ പിൽക്കാലത്ത് സ്വയം കണ്ടെത്തി വളർന്നവരാണ്. അപ്രകാരം ഉദാത്തമായ ജീവിതം നയിക്കുവാൻ അവർക്ക് സാധ്യമായെങ്കിൽ മനഃശാസ്ത്രം ഇത്രമാത്രം വളർന്ന ആധുനിക ലോകത്തെ മാതാപിതാക്കളായ നിങ്ങൾക്ക് നിങ്ങളുടെ കുട്ടികളുടെ പഠനവൈകല്യങ്ങളെ മറികടക്കുവാൻ അവരെ സഹായിക്കാൻ സാധിക്കും. അതിന് സമൂഹം മുഴുവൻ നിങ്ങൾക്കൊപ്പം ഉണ്ടാകും. ആ പ്രതിഭകൾ രക്ഷിതാക്കളുടെ പിൻതുണ കൂടാതെ തന്നെ, അനുയോജ്യമായ പഠന മാർഗ്ഗങ്ങളും ചികിത്സാ നടപടികളും കണ്ടെത്തുകയും അവരുടെ ആദ്യകാല പരാജയങ്ങളെ വിജയസോപാനങ്ങളാക്കി വിജയക്കൊടുമുടി കയറുകയും ചെയ്തവരാണ്. അസാധ്യതകളുടെ നടുവിൽ സാധ്യതകൾ കാട്ടിത്തരുന്ന ദൈവത്തിൽ അടിയുറച്ച് വിശ്വസിക്കുകയും പ്രത്യാശിക്കുകയും ചെയ്തു കൊണ്ട് നിങ്ങളുടെ മക്കളെ അവരുടെ കൂടെ നിന്ന് നയിക്കുക. ദൈവം തന്ന പ്രത്യേക കുഞ്ഞുങ്ങളാണ് നിങ്ങളുടെ മക്കളെന്ന് വിശ്വസിച്ചുകൊണ്ട് ധൈര്യപൂർവ്വം മുന്നോട്ട് പോവുക. ഏത് പ്രതിസന്ധികളെയും അതിജീവിക്കുവാൻ ദൈവം നിങ്ങളെ സഹായിക്കും.

**സ്വഭാവ വൈകല്യം**

മറ്റുള്ളവരുടെ അടിസ്ഥാനപരമായ അവകാശങ്ങൾ ഹനിക്കുവാനോ സാമൂഹികക്രമങ്ങളും ചിട്ടകളും ലംഘിക്കുവാനോ ഉള്ള ആവർത്തിച്ചുള്ള പ്രവണതയാണ് സ്വഭാവ വൈകല്യം. ഇത്തരം തകരാറുള്ളവർ മറ്റുള്ളവരെ സദാ അലട്ടുകയോ, ഭീഷണിപ്പെടുത്തുകയോ ചെയ്തുകൊണ്ടിരിക്കും. മാതാപിതാക്കൾ അരുതെന്ന് വിലക്കിയാൽപ്പോലും അനുസരിക്കയില്ല. ദേഹോപദ്രവം ചെയ്യുന്നതിന് മടിക്കില്ല. സ്കൂളിൽ പോകാതെ മറ്റ് കാര്യങ്ങളിൽ താൽപര്യം കാട്ടി ഉഴപ്പി നടക്കും. അവർ പലപ്പോഴും സമനില തെറ്റി മറ്റുള്ളവരോട് വാഗ്വാദത്തിൽ ഏർപ്പെടും. മുതിർന്നവരുടെ അഭ്യർത്ഥനകളോ നിർദ്ദേശങ്ങളോ മാനിക്കാൻ തയ്യാറാകില്ലെന്ന് മാത്രമല്ല അവയെ പ്രകടമായി ധിക്കരിക്കുകയും ചെയ്യും.

ഒരു കുട്ടി ധിക്കാരം, കോപം, പ്രതിനായക സ്വഭാവം, ഈർഷ്യ, അലോസരം, പ്രതികാരവാഞ്ച തുടങ്ങിയവ ഉൾപ്പെടുന്ന പെരുമാറ്റ ശൈലി പ്രകടിപ്പിക്കുന്നത് പെരുമാറ്റ വൈകല്യത്തിന്റെ സൂചനയാണ്. അവർ മിക്കപ്പോഴും സമനിലതെറ്റി മറ്റുള്ളവരോട് വാഗ്വാദത്തിൽ ഏർപ്പെടും. ചിലപ്പോൾ ആയുധങ്ങൾ ഉപയോഗിച്ച് മറ്റുള്ളവരെ ദേഹോപദ്രവം ഏല്പിപ്പിക്കുകയും മന:പ്രയാസപ്പെടുത്തുകയും ചെയ്യും. മൃഗങ്ങളോടും മനുഷ്യരോടും ക്രൂരത കാട്ടുവാൻ അവർ മടിക്കുകയില്ല. ഗുരുതരമായ നാശം വരുത്തിവയ്ക്കുവാൻ അവർക്ക് മടിയില്ല. ഇത്തരത്തിലുള്ളവർ രാത്രികാലങ്ങളിൽ വീടുവിട്ടു പോവുകയും പതിവായി വിദ്യാലയങ്ങളിൽ പോകാതിരിക്കുകയും ചെയ്യും.

ചെറുപ്പത്തിൽ തന്നെ ഇത്തരം സ്വഭാവ വൈകല്യങ്ങളുള്ള കുട്ടികളെ മന:ശാസ്ത്രജ്ഞനെ കാണിച്ച് അവരുടെ നിർദ്ദേശങ്ങൾ പാലിക്കണം. ഇത് മാതാപിതാക്കൾ ഉപദേശിച്ച് നന്നാക്കുവാനും ശിക്ഷിച്ച് നേരെയാക്കുവാനും ശ്രമിച്ചാൽ കൂടുതൽ അപകടകരമായ അവസ്ഥയിലേയ്ക്ക് പോകുകയേ ഉള്ളൂ. നമ്മുടെ കഴിവുകൾക്ക് അപ്പുറം ഉള്ള ഇത്തരം കാര്യങ്ങൾ ഈ വിഷയങ്ങളിൽ പാണ്ഡിത്യം ഉള്ളവരുടെ നിർദ്ദേശങ്ങളെ പാലിക്കുവാൻ ശ്രമിക്കണം.

സമയം ആറുമണി ആയിരിക്കുന്നു. നമുക്ക് സന്ധ്യാ പ്രാർത്ഥന നടത്തി പിരിയാം. പഠനവൈകല്യവും സ്വഭാവ വൈകല്യവും സംബന്ധിച്ചുള്ള ക്ലാസ്സ് ഇവിടെ അവസാനിക്കുന്നു. പുതിയ വിഷയവുമായി മറ്റൊരു ക്ലാസ്സിൽ നമുക്കു കാണാം. ●

IRELAND RECRUITMENT
NURSES, PHYSIOTHERAPIST, CHEF, SITE SUPERVISORS, HEALTH CARERS, PHARMACIST, OCCUPATIONAL THERAPIST.
Immediate vacancies for nurses with NMBI pin/decision letter
Candidates with relevant degree or diploma & good communication skills in English may upload your CV to our website
Registered company in Republic of Ireland
Address: Carry Care Ltd Collins Lane, Tullamore, Offaly, Ireland
CarryCare Carrying your career with care
www.carrycareireland.com
+353 85 8106865
carrycareireland@gmail.com
Job guarantee in 30 days for premium members
Like our facebook page for more updates : https://www.facebook.com/carrycare.ireland/

# ഏബ്രഹാം മോർ ക്ലീമ്മീസ് വലിയ മെത്രാപ്പോലീത്തയുടെ 21-ാമത് ശ്രാദ്ധപ്പെരുന്നാൾ

ടിംസ് തോമസ് കൊച്ചുപറമ്പിൽ, (ജനറൽ കൺവീനർ)

